# ജീവദീപ്തി

jeevadeepthi@gmail.com

February 2024 Book 02 Volume 14



*മനുഷ്യാ*
*നീ പൊടിയാകുന്നു...*

*എഡിറ്റോറിയൽ*

# രക്ഷയുടെ ദിനങ്ങൾ



***ഫാ. ജെൻസൻ ലിവേര***

പരിശുദ്ധമായ നോമ്പുകാലം ആരംഭിക്കുകയാണ്. സെമിനാരി കാലം മുതലേ നോമ്പുദിനങ്ങൾ 'രക്ഷയുടെ ദിവസ'ങ്ങളായിട്ടാണ് ഗുരുക്കന്മാർ പഠിപ്പിച്ചു തന്നിട്ടുള്ളത്. ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ നമ്മൾ വായിക്കുന്നുണ്ടല്ലോ: "ഇപ്പോഴെങ്കിലും ഉപവാസത്തോടും, വിലാപത്തോടും, നെടുവീർപ്പോടും കൂടെ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ... നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ..." (ജോയേൽ 2, 12-13).

കാലം നമുക്കിനി വിശുദ്ധമായ ദിവസങ്ങൾ തരികയാണ്. ദൈവത്തിങ്കലേക്ക് തിരികെ വരാൻ; ദൈവവുമായുള്ള ബന്ധത്തിലെ തകരാറുകൾ പരിഹരിച്ച് പ്രിയപ്പെട്ട ശിഷ്യൻ യോഹന്നാനെ പോലെ കർത്താവിന്റെ വക്ഷസ്സിൽ ചാരിക്കിടന്ന് കർത്താവിനെ സ്നേഹിക്കുവാനും കർത്താവിനു വേണ്ടി തീക്ഷ്ണതയോടെ ജീവിക്കുവാനുള്ള ദിനങ്ങൾ.

അതോടൊപ്പം കണ്ണുകൾ തുറന്നുവച്ച് മനുഷ്യരെയും പ്രകൃതിയെയും കാണുവാനും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും, കരുതലുള്ളവരാകുവാനും ഈ രക്ഷയുടെ ദിവസങ്ങൾ നമ്മെ സഹായിക്കും. നാൽപ്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും മരുഭൂമിയിൽ കഴിഞ്ഞ ക്രിസ്തുനാഥന്റെ കൂടെ ഈ നോമ്പുകാലം ആചരിക്കാം.



# ജീവദീപ്തി
JEEVADEEPTHI

February 2024 Vol 14 Book 02


06



01

പരിശുദ്ധമായ നോമ്പുകാലം ആരംഭിക്കുകയാണ്. സെമിനാരി കാലം മുതലേ നോമ്പുദിനങ്ങൾ 'രക്ഷ യുടെ ദിവസ'ങ്ങളായിട്ടാണ് ഗുരുക്കന്മാർ പഠിപ്പിച്ചു


രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
സി. ജെ ആന്റണി

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജൂലിയറ്റ് ഡാനിയേൽ
ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്
മാനിഷാദ് മട്ടയ്ക്കൽ
സിബി ജോയ്
ബിജോയ് ജോസഫ്




ഓഫീസ്

90720 26577
jeevadeepthi@gmail.com

## തപസ്സുകാലം- വസന്തകാലം

ക്രിസ്തുവിന്റെ ജീവിതത്തെ വിവിധ ഭാഗങ്ങളായി തിരിച്ച് അവയിലെ ഓരോ ദിവ്യരഹസ്യവുമാണ് നമ്മുടെ


04

## ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളുടെ സദ്വാർത്ത

ക്രിസ്തുവിന്റെ മരണോത്ഥാന രഹസ്യങ്ങളുടെ സദ്വാർത്തയാണ് ക്രൈസ്തവ ജീവിതത്തിന്റെ ആനന്ദത്തിന്റെ സ്രോതസ്സെന്ന്








## തെറ്റിപ്പോകാതെ തെറ്റു തിരുത്താനാകുമോ?


ലോകസമാധാന ദിനമായി ആഘോഷിക്കപ്പെടുന്ന ജനുവരി 1-ാം തീയതിയിലേക്ക് കലുഷിതമായ ലോകത്തിന് സമാധാന ആശംസകളോടെ

09

ജീവിക്കുന്ന സുവിശേഷം.......13
ഉപവാസത്തിന്റെ ഉൾക്കാമ്പ് .......17
ദൈവം ശ്വാസവും, ലോകവും.......22
കനൽവഴി താണ്ടി കർമപഥത്തിൽ.......25
നഴ്സിംഗ് പെരുമ.......27
ദിവ്യനക്ഷത്രം.......29
അതിജീവിക്കാം അർബുദത്തെ.......32
Student's forum.......33
ന്യൂസ്.......33
ബൈബിൾ വിചിന്തനം.......40



# തപസ്സുകാല സന്ദേശം – ഫ്രാൻസിസ് പാപ്പ



ഫാ. വില്ല്യം നെല്ലിക്കൽ

ക്രിസ്തുവിന്റെ മരണോത്ഥാന രഹസ്യങ്ങളുടെ സദ്വാർത്ത യാണ് ക്രൈസ്തവ ജീവിത ത്തിന്റെ ആനന്ദത്തിന്റെ സ്രോത സ്സെന്ന് പാപ്പ ഫ്രാൻസിസ് ഉദ്ബോധിപ്പിച്ചു. ഈ തപസ്സു കാലത്തേക്ക് പ്രബോധിപ്പിച്ച സന്ദേശത്തിലാണ് പാപ്പാ ക്രിസ്തുവിന്റെ മരണോത്ഥാന ങ്ങളുടെ അല്ലെങ്കിൽ പെസഹാ രഹസ്യത്തിന്റെ പ്രാമുഖ്യം ചൂണ്ടിക്കാണിക്കുന്നത്. വളരെ യാഥാർത്ഥ്യവും സത്യവും മൂർത്തവുമായ ഒരു സ്നേഹ ത്തിന്റെ ആകെത്തുകയാണ് ക്രിസ്തുവിന്റെ പീഢാസഹന ത്തിന്റെ സഭയിലെ പ്രബോധ നവും പ്രബോധനാധികാരവു മെന്ന് പാപ്പാ ആദ്യമായി പ്രസ്താവിച്ചു. അത് നമ്മെ തുറ വുള്ളതും ഫലദായകവുമായ ഒരു സാഹോദര്യബന്ധത്തി നായി ക്ഷണിക്കുന്നുവെന്ന്

പാപ്പാ ചൂണ്ടിക്കാട്ടി (Christus Vivid, 117)



### *ജീവൻ നൽകുവാനും സമൃദ്ധമായ് നൽകുവാനും*

എന്റെ ജീവിതം എനിക്കുള്ളതാണെന്നും ഇഷ്ടമുള്ളത് ചെയ്യുവാനുള്ളതുമാണ് എന്നുള്ള "നുണ" അല്ലെങ്കിൽ "തെറ്റായ ചിന്ത" യിൽ വിശ്വസിക്കുന്നവർ ഉണ്ടെങ്കിൽ അത് പാടെ ഉപേക്ഷിക്കുക തന്നെ വേണം. കാരണം, "ജീവൻ നൽകുവാനും അത് സമൃദ്ധമായി നല്കുവാനും" ... എന്ന ദൈവപിതാവിന്റെ സ്നേഹത്തിൽ നിന്നും ആഗ്രഹത്തിൽനിന്നും ഉടലെടുക്കുന്നതാണ് നമ്മുടെ ജീവിതങ്ങൾ (യോഹ 10,10). മറിച്ച്, "നുണയുടെ പിതാവായ പിശാചി" ന്റെ പ്രലോഭിപ്പിക്കുന്ന ശബ്ദംകേട്ട് നാം അലസമായി സ്വാർത്ഥതയിൽ ജീവിക്കുന്നെങ്കിൽ, വ്യക്തി ജീവിതത്തിലും മൊത്തമായി ജീവിത ചുറ്റുപാടിലും പരിതാപകരമായ സംഭവങ്ങളിൽ കുടുങ്ങി, ജീവിതത്തിന്റെ അർത്ഥശൂന്യതയുടെ അഗാധങ്ങളിൽ നാം നിപതിക്കുകയും, ഈ ജീവിതത്തിന്റെ നരകം അനുഭവിക്കേണ്ടി വരികയും ചെയ്യുമെന്ന് പാപ്പാ അനുസ്മരിപ്പിച്ചു (യോഹ 8,44).

### *കുമ്പസാരത്തെക്കുറിച്ച് പാപ്പായുടെ വീക്ഷണം*

ക്രൂശിതനായ ക്രിസ്തുവിൽ ദൃഷ്ടി പതിപ്പിച്ച് വീണ്ടും വീണ്ടും നമുക്ക് അവിടുന്നിൽ പരരക്ഷിതരും നവീകൃതരുമാകാമെന്ന് പാപ്പാ സന്ദേശത്തിൽ ആഹ്വാനം ചെയ്തു. പാപങ്ങൾ കുമ്പസാരത്തിൽ ഏറ്റുപറയുമ്പോൾ, പാപങ്ങളിൽ നിന്നും അവയുടെ കുറ്റബോധത്തിൽ നിന്നും പൂർണ്ണമായും സ്വതന്ത്രമാക്കാൻ കരുത്തുള്ള ക്രിസ്തുവിന്റെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കാമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. അഗാധമായ സ്നേഹത്താൽ നമുക്കായി ചിന്തിയ അവിടുത്തെ തിരുരക്തത്തെ ധ്യാനിച്ച്, സകലരും പാപക്കറകൾ കഴുകി വിശുദ്ധീകരിക്കപ്പെടട്ടെയെന്നും, അങ്ങനെ തപസ്സിലൂടെ ക്രിസ്തുവിൽ നവജീവൻ പ്രാപിക്കാമെന്നും പാപ്പ ആഹ്വാനം ചെയ്തു.

### *പെസഹ ഒരു പഴങ്കഥയല്ല*

ക്രിസ്തുവിന്റെ, പ്രസഹാ ആചരണം ഒരു ഗതകാല സംഭവമായി കാണരുതെന്നും അനുദിന ജീവിതത്തിൽ സഹിക്കുകയും യാതനകൾ അനുഭവിക്കുകയും ചെയ്യുന്നവരെ വിശ്വാസത്തോടെ സ്പർശിക്കുമ്പോൾ അവരിൽ ക്രിസ്തുവിന്റെ ശരീരം കാണാൻ പരിശുദ്ധാത്മാവിന്റെ പ്രചോദനം അനുവദിക്കുന്നതിനാൽ സഹിക്കുന്നതിൽ പെസഹാരഹസ്യങ്ങൾ ഇന്നും ജീവിക്കുന്നുണ്ടെന്ന് പാപ്പാ അനുസ്മരിപ്പിച്ചു. അതുപോലെ നന്മയ്ക്കായി നാം ഓരോരുത്തരും ഏറ്റെടുക്കുന്ന സഹനങ്ങളിലൂടെ വ്യക്തിജീവിതങ്ങളെയും, കുടുംബങ്ങളെയും സമൂഹത്തെയും പിൻതുണയ്ക്കുവാനും നവീകരിക്കുവാനും സാധിക്കുമെന്ന് പാപ്പാ ആഹ്വാനം ചെയ്തു.

### *പ്രാർത്ഥനയിൽ ക്രിസ്തുവുമായി മുഖാമുഖം*

ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിലൂടെ എപ്രകാരം ദൈവികകാരുണ്യം നമ്മുടെമേൽ വർഷിക്കപ്പെടുന്നുവെന്ന് ആഴമായി ധ്യാനിക്കുന്നത് നല്ലതാണ്. "എന്നെ സ്നേഹിക്കുകയും എനിക്കായി ജീവൻ ഹോമിക്കുകയും ചെയ്ത" ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ സുഹൃത്തുക്കളെപ്പോലെ ഹൃദ്യമായ ഒരു മുഖാമുഖം അനുഭവിക്കാതെ നമ്മുടെ ജീവിതത്തിൽ ദൈവിക കാരുണ്യത്തിന്റെ അനുഭവം ഉണ്ടാകില്ലെന്ന് പാപ്പാ പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ ഉദ്ധരിച്ചു. അതുകൊണ്ട് തപസ്സുകാലത്ത് തീവ്രമായ പ്രാർത്ഥന അനിവാര്യമാണെന്നും, അതിനെ, കടമ്പയോ, കടമയോ എന്നതിനെക്കാൾ എപ്പോഴും ആദ്യം എത്തുകയും നമ്മെ പരിപാലിക്കുകയും ചെയ്യുന്ന ദൈവസ്നേഹത്തോട് പ്രത്യുത്തരിക്കുവാനുള്ള ഒരു ആവശ്യമായും അവസരമായും തപസ്സിനെയും അതിന്റെ പ്രാർത്ഥനയെയും കാണണമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു.

# തപസ്സുകാലം-വസന്തകാലം



ഡോ. ജോബ് വാഴക്കൂട്ടത്തിൽ

ക്രിസ്തുവിന്റെ ജീവിതത്തെ വിവിധ ഭാഗങ്ങളായി തിരിച്ച് അവയിലെ ഓരോ ദിവ്യരഹസ്യവുമാണ് നമ്മുടെ ആരാധനവർഷത്തിന്റെ വിഷയമായി വരിക. അപ്രകാരം, ക്രിസ്തുവിന്റെ പെസഹാരഹസ്യം മുഖ്യമായും നമ്മുടെ ആരാധനയുടെയും ധ്യാനത്തിന്റെയും വിഷയമായി വരുന്ന കാലത്തിന്റെ ആദ്യഭാഗമാണ് നാല്പത് ദിവസങ്ങൾ അടങ്ങിയ തപസ്സുകാലം. കേരളത്തിലെ പൗരസ്ത്യ സഭകളായ സീറോ മലബാർ, സീറോ മലങ്കര സഭകളിൽനിന്ന് വ്യത്യസ്തമായി, ലോകമാസകലമുള്ള നമ്മുടെ റോമൻ കത്തോലിക്കാ സഭയിൽ നോമ്പുകാലം നാല്പത് ദിവസങ്ങളുള്ള ഒരു കാലഘട്ടമാണ്. സീറോ മലബാർ, സീറോ മലങ്കര സഭകളിൽ അത് അമ്പതുദിവസങ്ങളാണ്.

വിഭൂതി ബുധനാഴ്ച ആരംഭിച്ച് വിശുദ്ധവാരത്തിലെ വലിയ ശനിയാഴ്ച വൈകുന്നേരം, തിരുവുത്ഥാനത്തിന്റെ ഒന്നാമത്തെ സായാഹ്നപ്രാർത്ഥനയോടെയാണ് റോമൻ കത്തോലിക്കാ സഭയുടെ നോമ്പുകാലം അവസാനിക്കുക. തപസ്സുകാലത്തിലെ ഒന്നാം ഞായർ, തപസ്സുകാലത്തിലെ രണ്ടാം ഞായർ എന്നിങ്ങനെയാണ് ഇക്കാലത്തിലെ ഞായറാഴ്ചകൾ അറിയപ്പെടുക.

***നാല്പത് ദിവസങ്ങളിലെ നോമ്പാചരണം***

വിഭൂതി ബുധനാഴ്ച ആരംഭിച്ച് വിശുദ്ധവാരത്തിലെ ശനിയാഴ്ച വൈകുന്നേരത്തോടെയാണ് 40 ദിവസത്തെ നോമ്പാചരണം റോമൻ സഭയിൽ അവസാനിക്കുന്നത്. ഞായറാഴ്ച കർത്താവിന്റെ ഉത്ഥാനത്തിന്റെ ദിവസമായതുകൊണ്ട് ഇക്കാലഘട്ടത്തിലെ ഞായറാഴ്ചകൾ തപസ്സുകാലമായി എണ്ണപ്പെടുന്നില്ല. ഞായറാഴ്ചകൾ സഭയുടെ പാരമ്പര്യമനുസരിച്ച് ഉപവാസത്തിന്റെ ദിവസങ്ങളുമല്ല. അതുകൊണ്ട് ഞായറാഴ്ചകൾ കൂടാതെയാണ് നാല്പതു ദിവസം തപസ്സുകാലത്തിൽ ഉള്ളത്. എങ്കിലും തപസ്സുകാലത്തിന്റെ ആത്മീയ അരൂപി ഇക്കാലഘട്ടം മുഴുവൻ നമ്മൾ കാത്തുപാലിക്കുക വേണം. ജ്ഞാനസ്നാനത്തിനു ശേഷം യേശു നാൽപതു രാവും പകലും ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ അനുസ്മരണവും, ഇസ്രയേൽ ജനത്തിന്റെ നാൽപതു വർഷത്തെ മരുഭൂമിയിലെ അലച്ചിലും, മോശയുടെ സീനായിലുള്ള നാൽപതു ദിവസത്തെ ഉപവാസവും, ഏലിയാ പ്രവാചകന്റെ ഹോറെബ് മലയിലേക്കുള്ള നാൽപതു ദിവസത്തെ യാത്രയും ഈ തപസ്സുകാലത്തെ നാൽപതു ദിവസങ്ങളായി ക്രമപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളാണ്. നാൽപതു രാവും നാൽപതു പകലും മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ച യേശുവിനോട് അനുരൂപപ്പെടുവാനും, അനുകരിക്കുവാനും സഭാമാതാവ് തന്റെ മക്കളെ പ്രത്യേകം ക്ഷണിക്കുന്ന ദിവസങ്ങളാണിവ.



രണ്ടാം നൂറ്റാണ്ടു മുതൽ തന്നെ ക്രിസ്തുവിന്റെ ഉത്ഥാന തിരുനാളിനായി ഒരുങ്ങിയിരുന്നതായി ചരിത്രത്തിൽ നാം കാണുന്നുണ്ട്. ഇത് പ്രധാനമായും രണ്ടു ദിവസത്തെ ഉപവാസമായിരുന്നു. മൂന്നാം നൂറ്റാണ്ടുമുതൽ ഇത് മുഴുവൻ വിശുദ്ധവാരവും ഉപവാസത്തിന്റേതായി കണക്കാക്കപ്പെട്ടിരുന്നു. 325-ലെ നിഖ്യാ എക്യുമെനിക്കൽ കൗൺസിലിൽ വച്ച് മുകളിൽ പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് 40 ദിവസത്തെ ഉപവാസ കാലയളവ് (Quadragesima) നിശ്ചയിക്കപ്പെട്ടതായി കാണുന്നു. ആരംഭ കാലഘട്ടത്തിൽ ക്വാദ്രോജേസിമ ആരംഭിച്ചിരുന്നത് ഈസ്റ്ററിന് മുൻപത്തെ ആറാമത്തെ ഞായറാഴ്ച തുടങ്ങി വിശുദ്ധവാരത്തിലെ പെസഹാവ്യാഴം വരെയുള്ള ദിവസങ്ങളായിരുന്നു. റോമിലെ സഭയിൽ പരസ്യ പശ്ചാത്താപം നടത്തിയിരുന്നവരെ സഭയിലേക്ക് തിരിച്ചെടുത്തിരുന്നത് ഈ ദിവസമായിരുന്നു. പിന്നീട് 5-ാം നൂറ്റാണ്ടിൽ ദുഃഖവെള്ളിയും വലിയ ശനിയും (ക്വാദ്രാജേസിമാ) നാല്പതു ദിവസങ്ങളിലേക്കു ചേർക്കുകയും, ഉപവാസകാലത്തിന്റെ ആരംഭം ഈസ്റ്ററിനു മുൻപുള്ള ആറാമത്തെ ഞായറാഴ്ചയ്ക്കു മുൻപുള്ള വിഭൂതിബുധൻ എന്നറിയപ്പെടുന്ന ബുധനാഴ്ചയിലേക്കു മാറ്റുകയും ചെയ്തു. ബൈസന്റൈൻ സഭയിൽ ഈസ്റ്ററിനു മുൻപുള്ള എട്ടാമത്തെ ഞായറാഴ്ച മുതൽ തപസ്സുകാലം ആരംഭിച്ചിരുന്നു. കാരണം, ഈ സഭയിൽ ശനിയാഴ്ചയും ഞായറാഴ്ചയും ഉപവാസത്തിന്റെ ദിവസങ്ങളായി കരുതിയിരുന്നില്ല.

ക്രിസ്തുവിന്റെ തിരുവുത്ഥാന തിരുനാളിന്റെ ഒരുക്കമായുള്ള ഈ തപസ്സുകാലത്തിന്റെ രണ്ട് പ്രധാനപ്പെട്ട സവിശേഷതകൾ ഇത് പരിത്യാഗ പ്രവൃത്തികളുടെ കാലമാണ് എന്നതും, ജ്ഞാനസ്നാന നവീകരണത്തിന്റെയോ അതിനുള്ള ഒരുക്കത്തിന്റെയോ കാലമാണ് എന്നതുമാണ്. ആരാധനക്രമത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനം തപസ്സുകാലത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു.

''തപസ്സുകാലം പ്രധാനമായും രണ്ടു ചിന്താവിഷയങ്ങളാൽ രേഖപ്പെടുത്തിയിരിക്കുന്നു. ജ്ഞാനസ്നാനത്തെക്കുറിച്ചും, പരിത്യാഗത്തെക്കുറിച്ചും. ജ്ഞാനസ്നാനത്തെക്കുറിച്ച് ഓർത്തുകൊണ്ടോ, അല്ലെങ്കിൽ അതിനുവേണ്ടി ഒരുങ്ങിക്കൊണ്ടോ, പരിത്യാഗ പ്രവൃത്തികളിലൂടെ, ദൈവജനത്തെ കൂടുതൽ ശ്രദ്ധാപൂർവ്വം ദൈവവചനം ശ്രവിക്കുന്നതിനും, പ്രാർത്ഥനയിലേക്ക് കൂടുതൽ സമർപ്പിക്കുന്നതിനും അപ്രകാരം ക്രിസ്തുവിന്റെ പ്രസഹാരഹസ്യം ആഘോഷിക്കുന്നതിനും പ്രാപ്തരാക്കുന്നു. തപസ്സുകാലത്തിലെ ജ്ഞാനസ്നാനത്തിന്റെയും പരിത്യാഗത്തിന്റെയും ഘടകങ്ങൾക്ക് അതുകൊണ്ടുതന്നെ ആരാധനക്രമത്തിലും, ആരാധനാബോധത്തിലും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.'' (SC 109).



***വിഭൂതിബുധൻ- തപസ്സുകാലത്തിന്റെ ആരംഭം***

ആദ്യ സഹസ്രാബ്ദത്തിൽ തപസ്സുകാലത്തിന്റെ ആരംഭം റോമൻ സഭയിലെ പരസ്യ പ്രായശ്ചിത്തത്തിന്റെ സമയം കൂടിയായിരുന്നു. വളരെ ഗൗരവപൂർണ്ണമായ മാരക പാപം ചെയ്തിട്ടുള്ളവർ, ഉദാഹരണത്തിന് വിശ്വാസം ത്യജിച്ചവർ, കൊലപാതകികൾ, വ്യഭിചാരം ചെയ്തിട്ടുള്ളവർ, പരസ്യമായി ഈ ദിവസം പാപം ഏറ്റുപറയുകയും പ്രായശ്ചിത്ത സൂചകമായി ചാക്കുവസ്ത്രം ധരിച്ച് ദേഹമാസകലം ചാരം പൂശുകയും ചെയ്തിരുന്നു. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തോടെ പരസ്യ പ്രായശ്ചിത്തം എന്ന രീതി എടുത്തുകളഞ്ഞു. എങ്കിലും ചാരം പൂശുന്ന കർമ്മം പ്രായശ്ചിത്ത സൂചകമായി എല്ലാ വിശ്വാസികളിലേക്കും വ്യാപിക്കപ്പെടുകയുണ്ടായി. പതിനൊന്നാം നൂറ്റാണ്ടു മുതലുള്ള പുസ്തകങ്ങളിൽ നിന്ന് ചാരം ആശീർവ്വദിക്കുന്നതിന്റെ പ്രാർത്ഥനകൾ നമുക്ക് ലഭ്യമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിലെ ഗ്രന്ഥങ്ങളിൽ, കഴിഞ്ഞ വർഷത്തിലെ ഓശാന ഞായറിൽ ഉപയോഗിച്ച ഒലിവു ശാഖകളിൽനിന്നും ഓലകളിൽ നിന്നും ചാരം ഉണ്ടാക്കിയിരുന്ന രീതിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പഴയനിയമത്തിലും വിജാതീയ കർമ്മങ്ങളിലുമൊക്കെ ചാരം പൂശുന്നത് ഈലോകജീവിതത്തിന്റെ ക്ഷണികതയേയും, സഹനങ്ങളേയും, പ്രായശ്ചിത്ത പ്രവർത്തനങ്ങളേയും സൂചിപ്പിച്ചിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള പുതിയ റോമൻ മിസാൾ അനുസരിച്ച് സുവിശേഷ വായനയ്ക്കും പ്രസംഗത്തിനും ശേഷമോ അല്ലെങ്കിൽ അനുതാപകർമ്മത്തിന് പകരമായോ ആണ് ചാരത്തിന്റെ ആശീർവാദം നടന്നിരുന്നത്. ഇതിനായി രണ്ടു പ്രാർത്ഥനകൾ നൽകിയിരുന്നു; രണ്ടിലും തിരുവുത്ഥാന മഹോത്സവമാണ് തപസ്സുകാലത്തിന്റെ ലക്ഷ്യമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

ആശീർവദിക്കപ്പെട്ട ചാരം വിശ്വാസികളുടെ നെറ്റിയിൽ പുരട്ടിക്കൊണ്ട് പുരോഹിതൻ പറയുന്നു; മനുഷ്യാ നീ പൊടിയാകുന്നു. പൊടിയിലേക്ക് നീ മടങ്ങും (cf ഉല്പ.3,19). അല്ലെങ്കിൽ, ഈശോയുടെ പരസ്യജീവിതാരംഭത്തിലെ അവിടുത്തെ ആഹ്വാനം; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോസ് 1.15) എന്ന് പറയുന്നു. ഈ ദിവസത്തെ ദിവ്യബലിയിലെ കാഴ്ചദ്രവ്യങ്ങൾക്ക് മേലുള്ള പ്രാർത്ഥന, തപസ്സുകാലത്തിലെ പ്രായശ്ചിത്ത-ഉപവി പ്രവർത്തനങ്ങളിലൂടെ ഞങ്ങളുടെ ലൗകികമായ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള കൃപയ്ക്കുവേണ്ടിയുള്ള യാചനയാണ്. ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നും (2,12-18), വി. പൗലോസ് അപ്പസ്തോലൻ കൊറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ നിന്നുമുള്ള വായനയും (5, 20-6,2) അനുതാപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും രമ്യതപ്പെടലിന്റേയും ശക്തമായ സന്ദേശം നമുക്ക് നൽകുന്നു. ഈശോയുടെ മലയിലെ പ്രസംഗമാണ് സുവിശേഷത്തിൽ നാം ശ്രവിക്കുക. (മത്താ. 6,1-6; 1618).


തപസ്സിന്റേയും പ്രായശ്ചിത്തത്തിന്റേയും ഈ നാൽപതു ദിവസങ്ങളിൽ തിരുസഭാ മാതാവ് അവളെത്തന്നെ അനുതാപത്തിന്റെ നിറമായ ധൂമ്രവർണ്ണം (വയലറ്റ്) അണിയിക്കുന്നു. അവളുടെ ഏറ്റവും മനോഹരമായ സംഗീതം നാമമാത്രമാകുന്നു, അൾത്താരയിലെ പൂക്കൾ അപ്രത്യക്ഷമാകുന്നു. തപസ്സുകാലത്തിന്റെ അവസാനം പെസഹാ ത്രിദിനത്തിൽ മണിനാദം പൂർണമായും നിശബ്ദമാകുകയും പകരം മരമണിയുടെ നാദം ഉയരുകയും ചെയ്യുന്നു. അൾത്താരയിലെ വിരികൾപോലും അപ്രത്യക്ഷമാകുകയും ചെയ്യുന്നു. സാവധാനം സഭയുടെ എല്ലാ അലങ്കാരങ്ങളും സൗന്ദര്യവും ഇല്ലാതാകുന്ന ആ കാലമാണ് തപസ്സുകാലം. പക്ഷേ, യഥാർത്ഥത്തിൽ ഇതാണ് തിരുസഭാമാതാവിന്റെ വസന്തകാലം (Lent എന്ന വാക്ക് 'വസന്ത'ത്തിന്റെ ആംഗ്ലോ-സാക്സൺ പദമാണ്) അവളുടെ മക്കൾ വർദ്ധിതമായ ദൈവകൃപയിൽ വളരുന്നു. അതുകൊണ്ടുതന്നെ തപസ്സുകാലം നിറഞ്ഞ നിശ്ശബ്ദതയിലും വർണരാഹിത്യത്തിലും നമ്മെ ദൈവത്തിന്റെ മഹത്തായ കൃപയെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു.

നമ്മോട് പിഞ്ചെല്ലാൻ അവിടുന്ന് ആവശ്യപ്പെടുന്ന ക്രിസ്തുവിന്റെ സഹനങ്ങളിലൂടെ അവിടുന്ന് നമ്മെ പാതാളത്തിന്റെ ഗർത്തങ്ങളിലേക്കല്ല നയിക്കുന്നത്. മറിച്ച്, അത് നമ്മെ ഉന്നതങ്ങളിലേക്ക് ഉയർത്തുന്നു. പീഡനത്തിന്റെയും, കുരിശിന്റേയും, മരണത്തിന്റേയും വഴികളിലൂടെ ഉത്ഥാനത്തിന്റേയും മഹത്വത്തിന്റേയും ഉന്നതങ്ങളിലേക്ക്; നഷ്ടബോധത്തോടെ തിരിഞ്ഞുനോക്കേണ്ടതില്ലാത്ത ഒരു ജീവിതത്തിന്റെ ഉന്നതങ്ങളിലേക്ക് അത് നമ്മെ ഉയർത്തുന്നു. അതുകൊണ്ട് തപസ്സുകാലം സങ്കടത്തിന്റേയും, ദുഃഖത്തിന്റേയും, നിരാശയുടേയും കാലമായി തെറ്റിദ്ധരിക്കരുത്. മറിച്ച്, അത് നമ്മെ സഹായിക്കുന്നു; സൗഖ്യപ്പെടുത്തുന്നു; ഉയർത്തുന്നു; ശക്തിപ്പെടുത്തുന്നു; അവസാനമില്ലാത്ത ആഹ്ലാദത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. വിഭൂതി ബുധനാഴ്ചയിലെ ആമുഖഗീതി ഇത് നമുക്ക് ഉറപ്പുനൽകുന്നു; ''ശാരീരിക ഉപവാസത്താൽ അങ്ങ് ഞങ്ങളുടെ ദുർഗുണങ്ങൾ അമർത്തുകയും, ഞങ്ങളുടെ മനസ്സുകളെ ഉയർത്തുകയും, ഞങ്ങളുടെ കർത്താവായ ക്രിസ്തുവിലൂടെ പുണ്യങ്ങളും അവയുടെ ഫലങ്ങളും വർഷിക്കുകയും ചെയ്യുന്നു.''

തപസ്സുകാലത്തിന്റെ വഴികൾ മനുഷ്യജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും, നിസ്സാരതയെക്കുറിച്ചും അനുസ്മരിപ്പിച്ചുകൊണ്ട് നമ്മെ നിത്യമായ സന്തോഷത്തിലേക്കും മഹത്വത്തിലേക്കും നയിക്കുന്നു. അതിനായി തിരുസഭാമാതാവ് നമുക്ക് നൽകുന്ന ഉറപ്പ്, നമ്മുടെ പ്രത്യാശയുടേയും വിശ്വാസത്തിന്റേയും അടിസ്ഥാനമായ തന്റെ മണവാളനായ ക്രിസ്തുനാഥന്റെ ഉത്ഥാനം തന്നെയാണ്. അതുകൊണ്ടുതന്നെ തപസ്സുകാലം യഥാർത്ഥ ആത്മീയ വസന്തത്തിന്റെ ആരംഭം തന്നെയാണെന്ന് നമുക്ക് പറയാൻ സാധിക്കും.




# തെറ്റിപ്പോകാതെ തെറ്റു തിരുത്താനാകുമോ?



ബിഷപ് അലക്സ് വടക്കുംതല

തെറ്റി പോകാതെ തെറ്റു തിരുത്താനാവുക ഒരു സിദ്ധിയാണ്, കലയാണ്, കൃപയാണ്. എന്റെ അമ്മച്ചി എന്റെ കുട്ടിക്കാലത്തെ കുഞ്ഞിക്കുസൃതികൾക്കും വികൃതികൾക്കും എത്രയോ വട്ടം എന്നെ തിരുത്തിയിരിക്കുന്നു, ശകാരിച്ചിരിക്കുന്നു, ശിക്ഷിച്ചിരിക്കുന്നു! ആ നിമിഷത്തിൽ അല്പം സങ്കടവും ഗർവും എന്റെ കുഞ്ഞുമനസ്സിൽ കയറിക്കൂടിയിട്ടുണ്ടാവുമെങ്കിലും ഒരിക്കൽപ്പോലും അമ്മച്ചിയെ വെറുത്തിട്ടില്ല. ആ സ്നേഹവലയത്തിലേക്ക് കൂടുതൽ ചേർന്നിരുന്നിട്ടേയുള്ളൂ.

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംഭവിച്ച ഒരു കാര്യം ഞാൻ ഓർക്കുന്നു. വേദപാഠ ക്ലാസ്സുകഴിഞ്ഞ് മടങ്ങുമ്പോൾ വീട്ടിലേക്കുള്ള ഇടവഴിയിൽ വച്ച് കൂട്ടുകാരുമൊത്ത് ഞാൻ സിഗരറ്റ് വലിച്ചു. അതേ ഇടവഴിയിലൂടെ വളരെ ആകസ്മികമായി വന്നെത്തിയ, അമ്മച്ചിയോടൊപ്പം സ്കൂളിൽ പഠിപ്പിച്ചിരുന്ന എലിസബത്ത് ടീച്ചർ അത് കാണാനിടയായി. പള്ളിയിലെത്തിയ ക്ഷണം, അമ്മച്ചിയോട് മറ്റുള്ളവർ കൂടിനില്ക്കുമ്പോൾതന്നെ എലിസബത്ത് ടീച്ചർ

ചേരുവകൾ ചേർത്ത് അതു വിവരിച്ചു: "ദേ, മേരീ നിന്റെ മോൻ അലക്സ്, കൂട്ടുകാരുമൊത്ത്, എന്താ കാട്ടിക്കൂട്ടുന്നേ! ഇങ്ങനെ ബീഡി വലിച്ചു നടന്നാൽ കൂമ്പു കരിഞ്ഞുപോവില്ലേ? നാളെ എന്താവും അവന്റെ സ്വഭാവം?"

അമ്മച്ചിക്ക്, ആ ഞായറാഴ്ച കുർബാന മിക്കവാറും കാൽവരിയിലെ സഹനബലിയുടെ തനിയാവർത്തനം തന്നെ ആയിരുന്നിരിക്കണം. കുർബാന കഴിഞ്ഞ്, വീട്ടിൽ മടങ്ങിയെത്തിയ അമ്മച്ചി നേരേ എന്റെയടുത്തു വന്നു. ആ മുഖം സങ്കടംകൊണ്ട് ചുവന്നു തുടുത്തിരുന്നു. വാത്സല്യ കണ്ണുകളിലെ വിഷമവും ഞാൻ ശ്രദ്ധിച്ചു. എന്നോടു ചോദിച്ചു: "മോനേ, നീ സിഗരറ്റോ ബീഡിയോ വലിച്ചോ?" ഞാൻ സമ്മതിച്ച് തലയാട്ടി. "ദേ, ഇനി വലിക്കരുത്, ട്ടോ!" മാതൃവാത്സല്യം നിറഞ്ഞ മൃദുമൊഴി. ആ സംഭവം കഴിഞ്ഞ് ഇന്നേവരെ ഞാൻ സിഗരറ്റു വലിച്ചിട്ടില്ല.

കരുതലും സ്നേഹവുമുള്ള തെറ്റുതിരുത്തൽ നമ്മെ സഹായിക്കും. സ്വാധീനിക്കും. അതില്ലെങ്കിൽ ബന്ധങ്ങൾ പലപ്പോഴും തകരും. ചിലപ്പോഴാണെങ്കിലും നാം ഒരു ശത്രുവിനെക്കൂടി നേടിയെന്നു വരും.

ലൂക്കായുടെ സുവിശേഷം 24:13 മുതലുള്ള എമ്മാവൂസ് യാത്രാവിവരണം എന്നെ അതിശയിപ്പിക്കാറുണ്ട്. കൂട്ടം തെറ്റിപ്പോയവരുടെ കൂടെ നടന്ന് ക്രിസ്തു അവരെ നേടുന്നു! അവിടെ കൃപയുണ്ട്. കരുതലുമുണ്ട്. വാത്സല്യവും സൗഹൃദവുമൊക്കെയുണ്ട്. ആ കൂടെ നടത്തവും വാക്കുകളും അവരുടെ ഹൃദയത്തെ ജ്വലിപ്പിക്കുന്നു.

അവരോടൊത്തുള്ള അപ്പം പങ്കിടലും കൂട്ടായ്മയും അവരുടെ കണ്ണുകൾ തുറപ്പിക്കുന്നു. അടുത്ത ക്ഷണത്തിൽ തന്നെ കൂട്ടം തെറ്റിപ്പോയവർ പഴയ കൂട്ടുകാരുടെ കൂട്ടത്തിലേക്ക് ആ സന്ധ്യാവേളയിൽ തന്നെ മടങ്ങുന്നു. ഇരുട്ടിനെ ഒട്ടും ഭയക്കാതെ. കാരണം, അവരുടെ ഉള്ളിൽ അനുരഞ്ജനത്തിന്റെ വെള്ളിവെളിച്ചം സ്വന്തമാക്കിയിരുന്നു. അവർ ഏറ്റെടുത്തിരുന്ന ദൗത്യം തുടരാനുള്ള തീരുമാനമെടുത്ത് അവർ ജറുസലേമിൽ തിരിച്ചെത്തുന്നു.
അനുഗൃഹീതനായ ഗായകൻ കെസ്റ്റർ ആലപിച്ച ഒരു ഗാനം 'ബെസ്റ്റ് ഓഫ് കെസ്റ്റർ' എന്ന തലക്കെട്ടുമായി ആരോ എനിക്ക്, അയച്ചുതന്നു. ഏറെ ആകർഷകമാണ് ഗാനത്തിന്റെ ഈണവും ആലാപനവും വരികളും.

*'കൂടെ നടന്നവൻ കുർബാനയാണെന്ന്*
*കണ്ടറിയാനെന്തേ, വൈകിയിത്ര!*
*കുപ്പയിൽ കണ്ടത് മാണിക്യമാണെന്ന്*
*മനസ്സിലാക്കാനെന്തേ മടിച്ചിതിത്ര!'*

യഥാർത്ഥത്തിൽ ക്രിസ്തു കൂടെയുള്ളപ്പോൾ കൂടെയുള്ളവൻ കുർബാനയാണെന്ന് കണ്ടറിയാനാവും. ക്രിസ്തുസ്നേഹം ഉള്ളിലൊതുക്കി കൂടെ നടക്കുമ്പോൾ തെറ്റിപ്പോയവരും തിരുത്തൽ വാദികളും നന്മയിൽ പങ്കുചേരും. പങ്കാളിയായി മാറും, അവർ.

തെറ്റിപ്പിരിഞ്ഞ് അകന്നുപോകാതെ തെറ്റുതിരുത്താനുള്ള നല്ലൊരു ഫോർമുല യേശു പറഞ്ഞുതരുന്നുണ്ട്. മത്തായിയുടെ സുവിശേഷം 18-ാം അധ്യായം 15-20 ലെ വിവരണങ്ങൾക്ക്, പി.ഒ.സി. ബൈബിൾ തലക്കെട്ടായി കൊടുത്തിരിക്കുന്നതു തന്നെ 'തെറ്റുതിരുത്തുക' എന്നാണ്. തെറ്റുചെയ്ത വ്യക്തിയെ തിരിച്ചുകൊണ്ടുവരാനുള്ള നാല് നടപടിക്രമങ്ങൾ അതിലുണ്ട്. ആദ്യപടി ആ വ്യക്തിയും നിങ്ങളും മാത്രമായിരിക്കുമ്പോൾ അടുത്തുചെന്ന്, വ്യക്തിപരമായി തന്നെ സംസാരിച്ച് തെറ്റു ബോധ്യപ്പെടുത്തുക എന്നതുതന്നെയാണ്. സൗഹാർദ്ദപരമായ ആ സമീപനം വിജയിച്ചാൽ നിങ്ങൾ ആ വ്യക്തിയെ നേടി. അതുകൊണ്ട് ലക്ഷ്യം കാണുന്നില്ലെങ്കിൽ, സ്നേഹമസൃണമായ സമീപനമുള്ള രണ്ടോ മൂന്നോ പേരെ കൂട്ടിനു വിളിച്ചു സംസാരിക്കുക എന്നതാകാം രണ്ടാമത്തെ ശ്രമം. അതും ഫലപ്രദമാകുന്നില്ലെങ്കിൽ സഭയോടു സംസാരിക്കുക. എന്നിട്ടും ഉദ്ദേശ്യലക്ഷ്യം കണ്ടില്ലെങ്കിൽ, സമൂഹത്തിൽ അയാൾക്കുവേണ്ടി യാചനാപ്രാർത്ഥന നടത്തുക.

ജേക്കബ് നാലുപറയിലച്ചൻ ഈ സുവിശേഷഭാഗം വ്യാഖ്യാനം ചെയ്തു വിവരിക്കുന്നത് ശ്രദ്ധേയമാണ്: "ഈ നാല് നടപടികളുടേയും പിന്നിൽ പ്രവർത്തിക്കേണ്ട പ്രേരകശക്തി അളവില്ലാത്ത സ്നേഹമാണ്. ദൈവം എന്നും വാതിൽ തുറന്നുവയ്ക്കുന്നു. ശിഷ്യരുടെ പരിശ്രമം പരാജയപ്പെടുമ്പോഴും, ചുങ്കക്കാരനെയും വിജാതീയനെയും പോലെ അവനെ കാണണം. യേശു എങ്ങനെയായിരുന്നോ ചുങ്കക്കാരനെയും വിജാതീയനെയും സമീപിച്ചത്, അതുപോലെ." അദ്ദേഹം കൂട്ടിച്ചേർക്കുന്നു: "തെറ്റ് ചൂണ്ടിക്കാട്ടുന്നത് രഹസ്യമായിട്ടായിരിക്കണം" എന്നാണ് യേശു പഠിപ്പിക്കുന്നത് (മത്താ 18:15). തിരുത്തപ്പെടാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇതാണ്. നിന്റെ വിമർശനവും തെറ്റുതിരുത്തലും രഹസ്യവും വ്യക്തിപരവുമായിരിക്കണം. അതിലൂടെ നീ സംരക്ഷിക്കുന്നത് നിന്റെ സഹോദരന്റെ ആത്മാഭിമാനവും മാന്യതയുമാണ്. സ്നേഹബന്ധങ്ങൾ ശക്തിപ്പെടുന്നതും കൂട്ടായ്മ വളരുന്നതും ഇങ്ങനെയാണ് (കാരുണികൻ, ആഗസ്റ്റ് 2023, പേജ് 68, 69).

എന്റെ ഒരനുഭവം വിവരിക്കാം. ഒരു ഇടവകയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ കലാകായിക മത്സരങ്ങൾക്ക് സമ്മാനദാനം നടക്കുകയായിരുന്നു. വടംവലി മത്സരത്തിന് ഒന്നാം സമ്മാനം വലിയൊരു ഏത്തപ്പഴക്കുലയായിരുന്നു. കൂടാതെ, ഏകാങ്ക നാടക മത്സരത്തിന് എവർ റോളിംഗ് ട്രോഫി; ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയ ടീമിന് ചന്തമുള്ളൊരു വെള്ളിക്കപ്പ് എന്നിങ്ങനെ. വടംവലിക്ക് സമ്മാനം സ്റ്റേജിൽ വന്ന് സ്വീകരിച്ചയാൾ, ടീം അംഗങ്ങളുടെയടുത്ത് നേന്ത്രക്കുലയുമായി എത്തിയപ്പോൾ കൂട്ടുകാരുടെ കമന്റ്: "ദേ, എല്ലാവർക്കും കപ്പും ട്രോഫിയും! നിനക്കുമാത്രം എന്താ ഈ വാഴക്കുല! ആ പള്ളിപ്പടിക്കലെ ചായക്കടയിലെ നേന്ത്രക്കുല നോക്കിയാലറിയാം, ഇതിനേക്കാൾ എത്ര മെച്ചമെന്ന്! ഇതുകൊണ്ടുപോയി തിരിച്ചു കൊടുക്കുക എന്നിട്ട്, വലിയ ട്രോഫി നമുക്കും തരാൻ പറ."

കൂട്ടുകാർ വാശിപിടിപ്പിച്ച് പറഞ്ഞുകേട്ടതു പ്രകാരം അയാൾ സ്റ്റേജിലെത്തി വാഴക്കുല വലിച്ചെറിഞ്ഞ് ദേഷ്യത്തോടെ എന്തൊക്കെയോ പറഞ്ഞിട്ട് ഇറങ്ങിപ്പോയി. ആത്മസംയമനം പാലിച്ച് വാഴക്കുല സ്റ്റേജിന്റെ അരികിലേക്ക് ഞാൻ മാറ്റിവച്ചു. സമ്മാനദാനത്തിനുശേഷം ഏകാങ്കനാടക മത്സരത്തിന് ഒന്നാംസ്ഥാനം കിട്ടിയവർ അരങ്ങിൽ നാടകം അവതരിപ്പിക്കാൻ മേക്കപ്പിട്ട് അണിഞ്ഞൊരുങ്ങി, അണിയറയിൽ കാത്തുനില്ക്കുകയായിരുന്നു. വിശന്നിരുന്ന അവർ പഴുത്ത പഴം കണ്ടു. അത് ഓരോന്നുരിഞ്ഞ് കഴിച്ചു. പിന്നെ കുലകളുടെ വാണി മാത്രമായി ബാക്കി! അല്പം കഴിഞ്ഞ് അനുനയപ്പെട്ട് മടങ്ങിയെത്തിയ വടംവലിക്കാർക്ക് പഴയ നേത്രക്കുലപോലും കൊടുക്കാനില്ലാത്ത അവസ്ഥയായി. അങ്ങനെ വീണ്ടും പ്രതിസന്ധിയായി.

ഏതായാലും അടുത്ത ദിവസം പ്രഭാതബലിക്കു ശേഷം ഞാൻ സ്കൂട്ടറിൽ, വാഴക്കുല വലിച്ചെറിഞ്ഞ വടംവലി ക്യാപ്റ്റന്റെ വീട്ടിലെത്തി. ചായ കുടിച്ച്, പത്രം വായിച്ച്, ചാരുകസേരയിലിരിക്കുന്ന അയാൾ ഒരിക്കലും പ്രതീക്ഷിച്ചില്ല ആ സന്ദർശനം. "ദേ, ക്ഷമിക്കണം ചേട്ടാ!" ഞാൻ പറഞ്ഞു തുടങ്ങി. വരാന്തയിലിരുന്ന് ആ ചേട്ടനോടൊപ്പം കട്ടൻചായ ഊതിക്കുടിച്ച് പ്രതിസന്ധികളെല്ലാം സംസാരിച്ചു തീർത്തു. എന്റെ ആത്മസുഹൃത്തായി മാറി ആ ക്യാപ്റ്റൻ. ഇടവകയിൽനിന്നും ഏതാനും നാളുകൾക്കുശേഷം ഞാൻ യാത്രയായപ്പോൾ നിറമിഴിയോടെ ആ സഹോദരൻ നോക്കിനിന്നരംഗം എന്റെ മനസ്സിൽ ഇപ്പോഴുമുണ്ട്.

"പകയുടെ കനലുകൾ അണയട്ടെ" എന്ന ലേഖനം ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്, ജീവദീപ്തിയുടെ 2024 ജനുവരി ലക്കത്തിൽ എഴുതിയിട്ടുണ്ട്. അതിലെ രണ്ട് സംഭവങ്ങൾ തെറ്റുതിരുത്തലുമായി ബന്ധപ്പെട്ട അനുഭവങ്ങളാണ്.

ഗാന്ധിജി എപ്പോഴും ഏറെ പ്രിയമോടെ സൂക്ഷിച്ചിരുന്ന ഒരു വാച്ച് ട്രെയിൻ യാത്രയിൽ മോഷ്ടിക്കപ്പെട്ടു. കള്ളനെ കണ്ടെത്തിയുമില്ല. ഇഷ്ടപ്പെട്ട വാച്ച് നഷ്ടപ്പെട്ടതിൽ വലിയ ദുഃഖമുണ്ടായിരുന്നു. ആറു മാസങ്ങൾക്കുശേഷം ഒരു സുപ്രഭാതത്തിൽ ഗാന്ധിജിയെ കാണാൻ ഒരു അപരിചിതൻ വന്നെത്തി. അയാൾ പറഞ്ഞു: "ബാപ്പുജീ, തീവണ്ടിയിൽ വച്ച് അങ്ങയുടെ വാച്ച് മോഷ്ടിച്ചത് ഞാനാണ്. അങ്ങനെന്നോട് പൊറുക്കണം. വാച്ച് തിരികെ സ്വീകരിക്കണം!." ഗാന്ധിജി ആ മോഷ്ടാവിനെ ആലിംഗനം ചെയ്തുകൊണ്ട്, അയാളോട് സ്നേഹത്തോടെ മന്ത്രിച്ചു: "സഹോദരാ, താങ്കൾ നല്ലവനാണ്. തെറ്റുപറ്റിയെങ്കിലും തിരുത്താൻ തയ്യാറായത് താങ്കളുടെ ഉള്ളിൽ നന്മയുള്ളതുകൊണ്ടാണ്." ഗാന്ധിജിയുടെ വാത്സല്യത്തോടെയുള്ള സംസാരവും, ക്ഷമാപൂർവ്വകമായ പ്രതികരണവും കേട്ട് ആ മനുഷ്യൻ നിറകണ്ണുകളോടെ പറഞ്ഞത്രേ: "ഇനി ഞാൻ മോഷ്ടിക്കില്ല!."

ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയുമായി ബന്ധപ്പെട്ട ഒരു സംഭവം ഞാൻ ആദ്യമായി വായിച്ചറിയുകയാണ്. പാപ്പ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ നിന്ന്, വലിയ തീർത്ഥാടക സമൂഹത്തെ അഭിസംബോധന ചെയ്ത്, അവർക്കായി സുവിശേഷ സന്ദേശം നല്കി ആശീർവദിക്കുകയായിരുന്നു. പെട്ടെന്ന് ആ ജനാവലിയുടെ ഇടയിൽനിന്ന് ഒരു മനുഷ്യൻ തോക്കെടുത്ത് പാപ്പയുടെ നെഞ്ചിനുനേരെ നിറയൊഴിക്കാനൊരുങ്ങി. പക്ഷേ, അയാൾക്കത് എന്തുകൊണ്ടോ സാധിച്ചില്ല. ഉടനെ പോലീസ് അയാളെ കീഴ്പ്പെടുത്തി. സംഭവം പാപ്പ അറിഞ്ഞപ്പോൾ അയാളെ നേരിൽ കാണാൻ ആഗ്രഹിച്ചു. വലിയ ദയാവായ്പോടെ അടുത്തിരുത്തി അയാളോട് പറഞ്ഞു: "മകനേ, ഈ കാര്യം നിന്റെ ഭാര്യയും മക്കളും അറിഞ്ഞാൽ അവർ എത്രമാത്രം വേദനിക്കുമെന്ന് നിനക്കറിയാമോ? നിന്നോട് ഞാൻ ക്ഷമിച്ചിരിക്കുന്നു. സമാധാനത്തോടെ നിന്റെ ഭവനത്തിലേക്ക് പോവുക."

എത്രയോ പ്രചോദനാത്മകമാണ് മഹാത്മഗാന്ധിയുടെയും ബെനഡിക്ട് പാപ്പയുടേയുമൊക്കെ സമീപനങ്ങൾ!
അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പ്രസംഗിക്കുന്നതിനിടയിൽ കുറേപേർ അത് തടസ്സപ്പെടുത്തി ഇപ്പോഴത്തെ ഇസ്രായേൽ പാലസ്തീൻ പ്രതിസന്ധിയുമായി ബന്ധപ്പെട്ട മുദ്രാവാക്യങ്ങളും അവർ മുഴക്കി, അവർ ബഹളം വയ്ക്കുന്ന ഒരു വീഡിയോ പലരും ശ്രദ്ധിച്ചുകാണും. എത്രയോ ആത്മസംയമനത്തോടെയാണ് പ്രസിഡന്റ് ബൈഡൻ അത് കൈകാര്യം ചെയ്തത്! ശാന്തനായി ക്ഷമയോടെ പ്രതിഷേധിക്കുന്നവരെ നോക്കുകയും, ബഹളം കെട്ടടങ്ങിയപ്പോൾ, അദ്ദേഹം ഇപ്രകാരം കൂട്ടിച്ചേർക്കുകയും ചെയ്തു: നന്ദി പ്രിയരേ!നിങ്ങളുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. ഞാനും പ്രശ്ന പരിഹാരത്തിനായി പ്രവർത്തിക്കുകയാണ്! പ്രസിഡന്റിന്റെ പ്രതികരണവും നിലപാടും അക്ഷരാർത്ഥത്തിൽ കൈയടി വാങ്ങിച്ചു.

എത്രയോ പ്രാവശ്യം ഇതുപോലുള്ള പ്രതിസന്ധികളുടെയും പ്രകോപനങ്ങളുടെയും സാഹചര്യങ്ങളിലും ഞാനും പെട്ടുപോയിട്ടുണ്ട്. അതുപോലുള്ള ആത്മസംയമനം എനിക്ക് പാലിക്കാനായിട്ടില്ല എന്നെനിക്കറിയാം. ഒരു ബിഷപ്പ് എന്ന നിലയിൽ പലരെയും തിരുത്തേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ, എന്റെ വാക്കുകളും കാർക്കശ്യവും അവരെ കൂടുതൽ മുറിപ്പെടുത്തിയിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.

തെറ്റിപ്പോകാതെ തെറ്റു തിരുത്താനാവുക ഒരു സിദ്ധിയാണ്, കലയാണ്, കൃപയാണ്. ആ കൃപയ്ക്കായിട്ടാണ് ഞാൻ ഈ കാലഘട്ടത്തിൽ പ്രാർത്ഥിക്കുന്നത്. നിങ്ങളും പ്രാർത്ഥിക്കുക. പോരായ്മകളെ ഓർത്ത് പശ്ചാത്തപിക്കാനും നേരായ മാർഗ്ഗങ്ങൾ സ്വീകരിക്കാനും ഓർമ്മിപ്പിക്കുന്ന വലിയ നോമ്പ് വരികയായി!...



പകൽ ദേവാലയത്തിൽ ജനങ്ങളുമായി സംവേദിച്ച് പഠിപ്പിച്ച യേശു തമ്പുരാൻ, രാത്രിയിൽ ഒലിവുമലയിൽ വിശ്രമിക്കുന്നുണ്ട് (ലൂക്ക. 21,37). വിശ്രമം അനിവാര്യമാണ്. മനുഷ്യനും, ദൈവത്തിനു പോലും. സൃഷ്ടിക്കുശേഷം ഏഴാം ദിവസം ദൈവവും വിശ്രമിച്ചു. (ഉല്പ. 2,2) അതെ, അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവും വിശ്രമത്തിന്റെ കൂടാരത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ സാക്ഷിയായി

# ജീവിക്കുന്ന സുവിശേഷം പങ്കുവച്ച ഇടയൻ

തന്റെ അജഗണങ്ങൾക്ക് സുവിശേഷം നൽകി സുവിശേഷമായി ജീവിച്ച, കോട്ടപ്പുറത്തിന്റെ രണ്ടാമത്തെ മെത്രാൻ ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി പിതാവ് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. എളിമയും ലാളിത്യവും മുഖമുദ്രയാക്കിയ കാരിക്കശ്ശേരി പിതാവ് ലത്തീൻ സമുദായത്തിന്റെയും കോട്ടപ്പുറം രൂപതയുടെയും ഭാഗ്യതാരകം തന്നെ.

*സുവിശേഷം ജീവിക്കുക അത് കൊടുക്കുക - 'To Live and to give the Good News' എന്ന നാമാക്ഷരങ്ങൾ സ്ഥാനികമുദ്ര വാക്യമായി സ്വീകരിച്ച കാരിക്കശ്ശേരി പിതാവ്, പള്ളിപ്പുറത്ത് നിന്നും തുടങ്ങി കോട്ടപ്പുറത്ത് അവസാനിപ്പിച്ച തന്റെ അരനൂറ്റാണ്ടുകാല ത്തെ അജപാലന ദൗത്യത്തിൽ ജീവിക്കുന്ന സുവിശേഷമാണ് പകർന്നു വച്ചതെന്ന് നിസ്സംശയം പറയാം. ദരിദ്രരെ സുവി ശേഷം അറിയിക്കാൻ, മോചനം നൽകാൻ, സൗഖ്യം നൽകാൻ, ദൈവത്തിന്റെ വത്സരം പ്രഖ്യാപിക്കലുമാണ് ഒരു അജപാലകന്റെ കടമ എന്ന്, തന്റെ*

*ജീവിത വീഥിയിൽ സാക്ഷ്യപ്പെടുത്തിയ പുരോഹിതനാണ് കാരിക്കശ്ശേരി പിതാവ്.*

പൗരോഹിത്യത്തിന്റെ ബലിപ്പടവുകളിലെ സഞ്ചാര പാതയിൽ, തന്റെ പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലും ഉപരി 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന ഗാന്ധിജിയുടെ ദർശനം പോലെ പിതാവ് തന്റെ നിലപാടിൽ ഉറച്ചവനായിരുന്നു. 'ജനങ്ങളെ ആദ്യം പടുത്തുയർത്തണം. ശേഷം പള്ളിയും ഇടവകയും പണിയുക.' അതാണ് എന്റെ നയവും ലക്ഷ്യവും എന്നതായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതവീക്ഷണം.

ജനങ്ങളെ പടുത്തുയർത്താതെ പള്ളി പണിതുയർത്തുന്ന ഇടവകകൾ സുരക്ഷിതമായിരിക്കി ല്ലെന്നും, വിശ്വാസ രൂപീകരണത്തിനാണ് കേന്ദ്ര സ്ഥാനം നൽകേണ്ടത് എന്നുമാണ് പിതാവ് വിശ്വസിച്ചിരുന്നത്. അൽമായരുടെ വിശ്വാസത്തെ ഊതി കത്തിച്ച് നല്ല ജീവിതത്തിന്റെ പ്രത്യാശ അവർക്ക് പകർന്നുകൊണ്ട് ഓരോ ഇടവകയിലും, അദ്ദേഹം നേതൃത്വം കൊടുത്ത ഓരോ ഇടത്തിനും ദൈവസാന്നിധ്യത്തിന്റെ അത്ഭുതങ്ങൾ സംഭവിപ്പിക്കാൻ കാരിക്കശ്ശേരി പിതാവിന് കഴിഞ്ഞതും അതുകൊണ്ടുതന്നെ.

ഇളംകുളം ഇടവക മുതൽ അതിന്റെ നേർ അനുഭവങ്ങൾ ഉദാഹരണങ്ങളാണ്. ഇളംകുളം ഫാത്തിമ മാതാ പള്ളി പണിയാനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ ഇടവക യുവജനങ്ങ ളോട് ചേർന്ന് മലയാറ്റൂർ അടിവാരത്തിൽ പാട്ടുപാടി പണം സ്വരൂപിച്ചതും, കപ്പൽശാലക്കുവേണ്ടി ഡ്രെജ് ചെയ്ത ഏതാണ്ട് 500- ഓളം ലോഡ് ചെളിയും മണ്ണും, ഗോതമ്പു മാത്രം കൂലിയായി



ലൂയിസ് തണ്ണിക്കോട്ട്

നൽകി നിശ്ചിത സമയത്തിനുള്ളിൽ ആബാലവൃദ്ധം ജനങ്ങളുമൊത്ത് എടുത്തിട്ടതും, സാമ്പത്തിക ഇടപാടുകളടക്കം എല്ലാം സുതാര്യമായിരിക്കാൻ തന്റെ ജീവിത ചെലവിനുള്ള തുകയ്ക്കായി പാരീഷ് കൗൺസിലിൽ അപേക്ഷ വച്ചതും, അല്മായ പുരോഹിത കാഴ്ചപ്പാടിന്റെ പരസ്പര ദളങ്ങളും ജനങ്ങളെ വിശ്വാസത്തിലെടുത്ത് പ്രവർത്തിച്ചതിന്റെ സാക്ഷ്യപത്രവുമാണ്.

നിങ്ങൾ എന്നിൽ യേശുവിനെ കണ്ടോ..? പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക യിൽ അഞ്ചുവർഷത്തെ സേവനത്തിനൊടുവിൽ യാത്രയയപ്പ് യോഗത്തിൽ കാരിക്കശ്ശേരി അച്ചന്റെ ചോദ്യം. ഉത്തരമായി ഇടവക ജനത്തിന്റെ ഏകസ്വര മറുമൊഴി. 'ഞങ്ങൾ കണ്ടു. അച്ചനിൽ ഞങ്ങൾ യേശുവിനെ കണ്ടു' ദൈവത്തിന്റെ മേൽവിലാസത്തിൽ അറിയപ്പെടുന്ന വൈദികൻ ജനമനസ്സിൽ വേരാഴ്ത്തിയ നിമിഷങ്ങൾ ആയിരുന്നു അത്.

മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിന്റെ നാളുകളിൽ മേനക ജംഗ്ഷനിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുമായി പെസഹാ അപ്പം പങ്കിട്ടപ്പോൾ, കേവലം യേശുവിന്റെ പ്രതിപുരുഷൻ ആകുക മാത്രമല്ല, വേദനിക്കുന്നവർക്ക് യേശുവിന്റെ നിറസാന്നിധ്യമാവുകയായിരുന്നു കാരിക്കശ്ശേരി പിതാവ്. പുരോഹിതൻ എന്നാൽ അകലം പാലിക്കുന്നവനല്ല നെഞ്ചകം പൊള്ളുന്നവരുടെ അടുത്തിരുന്ന്

ആശ്വസിപ്പിച്ചു ആശ്ലേഷിക്കുന്നവനാണ് എന്ന് ജീവിതം കൊണ്ട് അടയാളപ്പെടുത്തുക കൂടിയായിരുന്നു മൂലമ്പിള്ളി സമരവേദിയിലെ പിതാവിന്റെ സാന്നിധ്യം.

***രാജനച്ചന്റെ (ഇപ്പോൾ അമേരിക്കയിൽ) സാക്ഷ്യം ഇങ്ങനെ***

ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് അച്ചൻ മരിച്ചതിന്റെ പിറ്റേന്ന്, കാർമൽഗിരി സെമിനാരിയിൽ ഡോ. ഫാ. ജോസഫ് കരിയിൽ (ഇപ്പോൾ കൊച്ചി മെത്രാൻ) ക്ലാസ് എടുക്കുന്നു. അദ്ദേഹം വിദ്യാർത്ഥികളോട് ഇങ്ങനെ പറഞ്ഞു. വിശുദ്ധനായ ഒരു വൈദികൻ നിത്യ സമ്മാന ത്തിനായി കടന്നുപോയി. അനുകരിക്കാനും പഠിക്കാനും ഏറെ കാര്യങ്ങൾ ആ പുണ്യ പുരോഹിതനിൽ ഉണ്ട്. തൊട്ടടുത്ത ചോദ്യമിങ്ങനെ; ഇത്തരത്തിൽ ജീവിക്കുന്ന ഒരു വിശുദ്ധ വൈദികനെ ഇനി ചൂണ്ടിപ്പറയാൻ ആകുമോ?

മരവിപ്പ് വീണ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് കൊല്ലത്തെ ഒരു വൈദിക വിദ്യാർഥിയുടെ ഉത്തരം. 'ഉണ്ട്, ജോസഫ് കാരിക്കശ്ശേരി അച്ചൻ ഒരു വിശുദ്ധ വൈദികനാണ്' പ്രൊഫ. കരിയിൽ അച്ചൻ തലയാട്ടിയപ്പോൾ വരാപ്പുഴക്കാരുടെ ഉള്ളം, മറിയത്തിന്റെ സാന്നിധ്യത്തിൽ എലിസബത്തിന്റെ വയറ്റിൽ കിടന്ന ശിശുവിനെ പോലെ അഭിമാനത്താൽ തുള്ളി ചാടിയിരിക്കണം...

ആറ് ഇടവകകളിൽ സേവനം ചെയ്ത കാരിക്കശ്ശേരി പിതാവ്, കളമശ്ശേരി ബോയ്സ് ഹോം, മൈനർ സെമിനാരി, ആലുവ കാർമൽഗിരി സെമിനാരിയുടെ മൂന്നാമത്തെ വൈസ് റെക്ടർ, വരാപ്പുഴ അതിരൂപത വികാർ ജനറൽ, സഹായ മെത്രാൻ, അഡ്മിനിസ്ട്രേറ്റർ, കോട്ടപ്പുറം രൂപതാ മെത്രാൻ എന്നിങ്ങനെ ദൈവം തെളിയിച്ച വ്യത്യസ്തതയാർന്ന വഴികളിലൂടെ നയിക്കപ്പെട്ട്, കർത്താവിന്റെ വിളവിന്റെ വേലക്കാരനായി.

കറുത്തേടം ഇടവക വികാരി ഫാ: പോൾ ലൂയിസ് അച്ചനാണ് പള്ളിമുറ്റത്ത് ഫുട്ബോൾ കളിച്ചുകൊണ്ടിരുന്ന ഏഴാം ക്ലാസുകാരൻ കൊച്ചു ജോസഫിനെ സെമിനാരിയിലേക്ക്, ദൈവവിളിയുടെ വിസിൽ മുഴക്കി തിരിച്ചുവിട്ടത്. അതുവഴി, ദൈവം വരാപ്പുഴ അതിരൂപതയ്ക്ക് ഒരു മെത്രാനെ സമ്മാനിക്കുക യായിരുന്നു.

പോൾ ലൂയിസ് അച്ചന്റെ സെമിനാരിയിലേക്കുള്ള വിളിയിൽ, ഇന്നുകളിലെ യുവജന പ്രേഷി തത്വത്തിന്റെ വഴിയും വിജനതയും തെളിയുന്നുണ്ട്. കാരിക്കശ്ശേരി പിതാവിനെ പള്ളിമുറ്റത്തെ ഫുട് ബോൾ കളിയിൽ നിന്നാണ് ദൈവവിളിയിലേക്ക് തിരിച്ചുവിട്ടതെങ്കിൽ, ഇന്നത്തെ ബാല-യുവജനം പള്ളിമുറ്റത്തുനിന്നും ദേവാലയത്തിൽനിന്നും അകലുന്നുണ്ട്. പള്ളിമുറ്റം കരിങ്കല്ലും ടൈൽസും പാകി മനോഹരമായി. ഒഴിഞ്ഞ സ്ഥലത്ത് പാരീഷ് ഹാളുകളും ഷോപ്പിംഗ് കോംപ്ലക്സുകളും തല യുയർത്തി നില്ക്കുന്നു. അപ്പോൾ യുവജനങ്ങൾക്ക് ഒത്തുചേരേണ്ട വേദികൾ, കലാ-കായിക-സാഹിത്യ കൂടിച്ചേരലുകൾക്ക് കണ്ണിയറ്റ് പോകുന്നു. പള്ളിമുറ്റത്ത് ബോസ്കോ കലാസമിതികളും, ഫുട്ബോൾ - നാടക ടീമുകളും ഓർമ്മകൾ മാത്രം. പകരം ഡിജെ -ക്ക് നമ്മൾ കർട്ടൻ ഉയർത്തുന്നു. ഇവിടെയാണ് കാരിക്കശ്ശേരി പിതാവിന്റെ വാക്കുകൾ പ്രവാചകസ്വരം ആകുന്നത്. നാം യുവജനങ്ങൾക്കൊപ്പം നിന്നാൽ, നമ്മൾ അവർക്കു വേണ്ടിയാണെന്ന് തോന്നിയാൽ, അവർ നമ്മുടെ അടുക്കലേക്ക് വരും. അവരിൽനിന്ന് അകന്ന് - ഞാൻ പറയുന്നതുപോലെ ചെയ്യണം - എന്ന് കൽപ്പിക്കരുത്. കാലം മാറി. ജീവിതംകൊണ്ട് നാം സുവിശേഷം പ്രഘോഷിക്കണം. യുവജനത്തെ വിശ്വാസത്തിൽ എടുക്കണം. അവരുടെ തർക്കങ്ങൾ കേൾക്കണം.

പെരുമാനൂരിലെ സേവന കാലത്താണ് കാരിക്കശ്ശേരി പിതാവ് പത്ര ഏജൻറ് ആയത്. കേരള ടൈംസ് പത്രത്തിന്റെ ഏജന്റ് ആയിരുന്നു. ഒരുപക്ഷേ വൈദികഗണത്തിലെ ഏക പത്ര ഏജൻറ് അദ്ദേഹമായിരിക്കും. എന്നും അക്ഷരങ്ങളെ സ്നേഹിച്ച പിതാവ്, 1990 പാലാരിവട്ടത്ത് 'പാക്സ് 'ചാത്യാത്ത് ', 'വചസ്' തുടങ്ങിയ ഇടവക പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചു. അക്കാലത്ത് ഓഫ്സെറ്റിൽ പ്രസിദ്ധീകരിച്ച പാക്സിന്റെ പ്രഥമ പത്രാധിപർ ഈ കുറിപ്പ് എഴുതുന്നയാളാണ് എന്നത് ഒരു സ്വകാര്യ അഹങ്കാരമായി കരുതട്ടെ.

12 വർഷത്തെ കാരിക്കശ്ശേരി പിതാവിന്റെ കോട്ടപ്പുറത്തെ സേവനകാലത്തിന് നിരവധി നക്ഷത്ര ശോഭയുടെ തിളക്കം ഉണ്ട്. പ്രത്യേകിച്ച്, യുവജനങ്ങൾ... ദൈവജനം.... ചില നിലപാടുകൾ... തുടങ്ങിയവയ്ക്ക് പത്തര മാറ്റ് ശോഭയേറും. 'യൂട്ടെൺ' എന്ന് പേരിട്ടുകൊണ്ട് യുവജനങ്ങളെ അറിയാനും യുവതയെ കേൾക്കാനും ഓരോ ഇടവകയിലെയും യുവജന ങ്ങളുമായി പിതാവ് നേരിട്ട് സംവേദിച്ചത് യുവജനപ്രേഷി തത്വത്തോടുള്ള പിതാവിന്റെ പ്രതീക്ഷയും വിശ്വാസത്തിന്റെ തെളിമയും ആയിരുന്നു. യുവജനങ്ങളെ അകറ്റിനിർത്താതെ വിശ്വാസത്തിൽ പരിശീലിപ്പിച്ച്, സഭാപഠനങ്ങൾ, നിയമങ്ങൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ മനസ്സിലാക്കി എല്ലാറ്റിലും ഉപരി ജനസേവകർ ആക്കണമെന്നതാണ് പിതാവ് പങ്കുവെച്ചിരുന്ന യുവജന കാഴ്ചപ്പാടിന്റെ കാതൽ.

കുടുംബങ്ങളുടെ നിറവിലേക്കും ഇല്ലായ്മയിലേക്കും സന്തോഷത്തിലേക്കും ദുഃഖങ്ങളിലേക്കും ഇറങ്ങിച്ചെന്ന് കോട്ടപ്പുറം രൂപതയിലെ മുഴുവൻ വീടുകളിലെയും കുടുംബാംഗ ങ്ങളുമായി ആശയവിനിമയം നടത്തി പിതാവ്. പീച്ചിയും, വെറ്റിലപ്പാറയും, കോട്ടുവള്ളിയും, ഒക്കെ അതിർത്തികളായുള്ള 550

ഓളം കുടുംബയൂണിറ്റുകളിൽ പിതാവ് തന്റെ അജഗണവുമായി മുഖാമുഖം സംവേദിച്ചു. ദൈവദാസൻ അഭിവന്ദ്യ അട്ടിപ്പറ്റി പിതാവിനുശേഷം ലത്തീൻ രൂപതകളുടെ ചരിത്രത്തിൽ കാരിക്കശ്ശേരി പിതാവിന്റെ ഈ സന്ദർശനം പൊൻതൂവൽ തന്നെ. BCC സന്ദർശനത്തിന്റെ വൈകിയ നേരങ്ങളിൽ പല കുടുംബ യൂണിറ്റുകളിലെയും സ്ഥിരം ചോദ്യമിങ്ങനെയായിരുന്നു, : 'പിതാവേ അത്താഴ ഭക്ഷണം.' ഉത്തരം – എന്നെക്കാത്ത് കഞ്ഞിയും പയറും പപ്പടവും ഒക്കെ അവിടെ ഇരിക്കുന്നുണ്ട് അതുമതി.

49 വർഷങ്ങൾക്കു മുൻപ് സഹവികാരിയായിരുന്ന കോട്ടപ്പുറം സെയിന്റ് മൈക്കിൾ ഇടവകയിലെ മുഴുവൻ വീടുകളിലും അന്ന് കാരിക്കശ്ശേരിയച്ചന്റെ സൈക്കിൾ കടന്നുചെന്നത് ഈ സന്ദർശനത്തിന് പിൻബലമാകാം.

സദാ പുഞ്ചിരിയുടെ ചിറ്റോളങ്ങൾ വിരിയിക്കുന്ന കാരിക്കശ്ശേരി പിതാവ് പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന പച്ചപ്പുള്ള പച്ച മനുഷ്യനാണ്. ഗാർഡനിങ്ങ് ഹോബിയാക്കിയ പിതാവ് തന്റെ ജീവിത ഇടങ്ങളിലെല്ലാം കൃഷിയിലും പൂന്തോട്ട പരിപാലനത്തിലും ജാഗ്രത കാട്ടി. എന്നാൽ പരിസ്ഥിതിക്ക് വിഘാതമാകുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവയോട് കോട്ടപ്പുറത്ത് മെത്രാൻ ആയിരിക്കുമ്പോഴും അദ്ദേഹം വിട്ടുവീഴ്ചയില്ലാത്ത നിലപാട് തന്നെ സ്വീകരിച്ചു. അനധികൃത മണൽവാരലിന് എതിരെയും പിതാവ് വിരൽ ചൂണ്ടി.

പുലിയെ പിടിക്കാൻ പുലിമടയിൽ എന്നപോലെ, മത്സ്യത്തൊഴി ലാളികളുടെ ദുരിതമറിയാൻ മത്സ്യബന്ധന ബോട്ടിൽ കയറി തൊഴിലാളികൾക്കൊപ്പം മീൻ പിടിച്ചിട്ടുണ്ട് കാരിക്കശ്ശേരി പിതാവ്. മീൻ ഉളുമ്പു മാറാത്ത ശിഷ്യൻ പത്രോസ് സഭയെ നയിച്ചപ്പോൾ, മത്സ്യബന്ധന അനുഭവം സ്വായത്തമാക്കി കോട്ടപ്പുറത്തെ നയിച്ചു. അങ്ങനെ മത്സ്യത്തൊഴിലാളികളുടെ ചൂടും ചൂരും വിയർപ്പിന്റെ മണവും കാരിക്കശേരി പിതാവിനും സ്വന്തമായി. 'അനുഭവത്തിൽനിന്ന് അറിവ് നേടുക, ആ അറിവ് തന്റെ അജഗണങ്ങൾക്ക് അഭയം ആക്കുകയായിരുന്നു' കാരിക്കശ്ശേരി പിതാവ്.

ഒരു വൈദികനിൽ നിക്ഷിപ്തമാകേണ്ട ഒന്നാണ് പ്രവാചകദൗത്യം. പ്രവാചകനെ പ്പോലെ അധികാരികളുടെ മുഖത്ത് ചൂണ്ടി നിലപാട് പറയണമെന്ന് കാലഘട്ടം ആവശ്യപ്പെടുന്നുണ്ട്. തുരുത്തിപ്പുറത്തെ വിദേശമദ്യഷാപ്പിന് താഴ് ഇട്ടതിന് പിന്നിൽ കാരിക്കശ്ശേരി പിതാവിന്റെ ഉറച്ച നിലപാടായിരുന്നു. തുരുത്തിപ്പുറത്തെ വിദേശ മദ്യഷാപ്പ് തുറക്കാൻ ദിവസങ്ങൾ ബാക്കിയുള്ളപ്പോഴാണ് പിതാവ് വാർത്ത അറിയുന്നത്. ഫിർമൂസച്ചന്റെ ഭാഷയിൽ വരാപ്പുഴയിലെ 'യങ് ടർക്ക്' ആയിരുന്ന പിതാവ് അപ്പോൾ യാത്രയിലായിരുന്നു. അപ്പോൾ തന്നെ എക്സൈസ് മന്ത്രിയെ നേരിൽ വിളിച്ചു. 'ഞാൻ കോട്ടപ്പുറം രൂപത മെത്രാൻ ജോസഫ് കാരിക്കശ്ശേരി. തുരുത്തിപ്പുറത്ത് ഒരു ഷാപ്പ് തുടങ്ങുന്നു എന്നറിഞ്ഞു. തുടങ്ങിയാൽ ഞാൻ ആയിരിക്കും സമരത്തിന് മുന്നിൽ. ഷാപ്പ് പൂട്ടിയിട്ടേ ഞാൻ പിന്മാറുകയുള്ളൂ. അതുകൊണ്ട് വേണ്ടത് ചെയ്യുക. 'ഷാപ്പ് തുറന്നില്ല. സഭ തിരുത്തൽ ശക്തിയാകുന്ന നിമിഷങ്ങൾ.

അതെ, അനീതിക്കെതിരെ



അധർമ്മത്തിനെതിരെ മദ്യത്തിനും മയക്കുമരുന്നിനും എതിരെ കാരിക്കശ്ശേരി പിതാവിന്റെ നിലപാട് എന്നും ഉറച്ചതായിരുന്നു. അതിന് കാരിരുമ്പിന്റെ കരുത്തും ഉമിത്തീയുടെ ചൂടും ഉണ്ടായിരുന്നു.

പൊള്ളുന്നതു തന്നെയായിരുന്നു മരപ്പണിക്കാരനായ പിതാവ് കാരിക്കശ്ശേരി ഫ്രാൻസിസിന്റെ വാക്കുകളും. വിശുദ്ധ പുസ്തകം പോലെ കാരിക്കശ്ശേരി പിതാവ് 50 വർഷമായി തന്റെ അപ്പന്റെ വാക്കുകൾ കൂടെ കൊണ്ടുനടക്കുന്നു. 'മകൻ സമ്പാദിക്കാൻ വേണ്ടി അച്ചൻ ആകരുത്.' ആ വാക്കുകളിലെ അഗ്നിശുദ്ധിപോലെ തിരുക്കുടുംബത്തിലെ ദാരിദ്ര്യാരൂപി സ്വന്തം കുടുംബത്തിൽ സാക്ഷാൽകരിച്ചു പിതാവ്. ഓരോ ഇടവകയിലെയും യാത്രയയപ്പ് സമ്മാനങ്ങൾ അതത് ഇടവകകളിൽ വിവാഹസഹായ നിധികളായും വിദ്യാഭ്യാസ ഫണ്ടുകളായും ഒക്കെ പരിണമിച്ചു. സ്ഥാപന ങ്ങളെക്കുറിച്ചുള്ള പിതാവിന്റെ കാഴ്ചപ്പാടിനും ആ വാക്കുകളുടെ ബലമുണ്ട്. നമുക്ക് സ്ഥാപനങ്ങൾ ആവശ്യമാണ്. പക്ഷേ നാം സ്ഥാപനങ്ങൾ ആവരുത്.

അര നൂറ്റാണ്ടുകാലത്തെ പൗരോഹിത്യജീവിതത്തിൽ അപൂർവ്വം അവസരങ്ങളിലേ കാരിക്കശ്ശേരി പിതാവ് ഉള്ളുലഞ്ഞ് വിതുമ്പിയിട്ടുള്ളൂ.

എട്ടാം ക്ലാസിൽ സെമിനാരിയിൽ ചേരാൻ അമ്മയെ വിട്ടുപിരിഞ്ഞ നേരത്തും, ചേട്ടൻ റോക്കിയുടെ വിയോഗത്തിലും, 94 വയസ്സുള്ള അമ്മ ആഗ്നസ് നിത്യസമ്മാനത്തിനായി മരണ തേരിലേറി ശരീരം മണ്ണിലേക്ക് യാത്രയാക്കിയപ്പോഴും, അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ ശക്തിയും കരുത്തും കരുതലും പകർന്ന വാക്കുകളും സാന്നിദ്ധ്യവും ഓർമ്മയായി... എന്ന യാഥാർ ത്ഥ്യം തിരിച്ചറിഞ്ഞപ്പോഴും ഉള്ളുലഞ്ഞു. പക്ഷേ, എന്റെ

*മത്സ്യത്തൊഴിലാളിക ളുടെ ദുരിതമറിയാൻ മത്സ്യബന്ധന ബോട്ടിൽ കയറി തൊഴിലാളികൾക്കൊ പ്പം മീൻ പിടിച്ചിട്ടുണ്ട് കാരിക്കശ്ശേരി പിതാവ്. മീൻ ഉളുമ്പു മാറാത്ത ശിഷ്യൻ പത്രോസ് സഭയെ നയിച്ചപ്പോൾ, മത്സ്യബന്ധന അനുഭവം സ്വായ ത്തമാക്കി കോട്ടപ്പുറത്തെ നയിച്ചു.*

വഴിയല്ല, ദൈവവഴിയിലാണ് എന്റെ യാത്ര എന്ന് സ്വയം ആശ്വാസം കൊണ്ടു.

കാരിക്കശ്ശേരി പിതാവിനെ കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുന്നത് ഇങ്ങനെയാവട്ടെ: 'അപ്പനും അമ്മയും പകർന്നുതന്ന അധ്വാനശീലവും വിശ്വാസവും കുടുംബബന്ധങ്ങളും പിതാവിന്റെ പൗരോഹിത്യ വഴിയിലേക്കുള്ള മുന്നോട്ടു പോക്ക് അനായാസമാക്കിയെന്ന് ആവർത്തിച്ച് പറയുന്നു പിതാവ്.

ഒരു പല്ലവിയെന്നോണം തുടർന്ന് പറയുന്നത്, കുടുംബങ്ങൾ ദൃഢമാകണം, അപരനുവേണ്ടി ജീവിക്കുന്നതാണ് ബലിയുടെ ജീവിതം. ആ ബലി ജീവിതം പകർന്നുകൊടുക്കാൻ വൈദികർക്കും സന്ന്യസ്തർക്കും അത്മായർക്കും കഴിയണം. വീട് വെഞ്ചിരിപ്പുകൾ കേവലം വെഞ്ചിരിപ്പുകൾ ആകാതെ അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞ് അവരിൽ ഒരാളായി തീരണം. യേശുവിന്റെ പ്രച്ഛന്നവേഷമല്ല വൈദികൻ അണിയേണ്ടത്. വൈദികൻ മറ്റൊരു ക്രിസ്തുവാകണം, അത്മായരും. നിങ്ങളുടെ ഇടയിൽ പട്ടിണികൊണ്ട് ഒരാളെങ്കിലും മരിച്ചാൽ ഒരുത്തനും സ്വർഗത്തിൽ പോകില്ല....! ഈ വാക്കുകൾ കാലഘട്ടത്തിന്റെ ധ്വനി തന്നെ.

അതേ, ആര നൂറ്റാണ്ടുകാലം താൻ ആയിരുന്ന ഇടങ്ങളിൽ ഒരു കാരിക്കശ്ശേരി ഇഫക്ട് സൃഷ്ടി ച്ചെടുത്തു പിതാവ്. കറുത്തേടത്തിന്റെ കുട്ടി അച്ചനിൽ തുടങ്ങി വരാപ്പുഴ അതിരൂപതയുടെ കൊച്ചു പിതാവിലൂടെ കോട്ടപ്പുറത്തിന്റെ രണ്ടാമത്തെ ഇടയനായി കാരിക്കശ്ശേരി പിതാവ് തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുമ്പോൾ കുറിച്ചിടാൻ ഇനിയും ഏറെ സംഭവങ്ങൾ... സംഭാവനകൾ .... സംഗതികൾ. 'ആടുകളെ അടുത്തറിഞ്ഞ, പേരുചൊല്ലി വിളിക്കുന്ന ഇടയൻ. ആടിന്റെ ചൂടും ചൂരും ഉള്ള ഇടയൻ.'

കൊച്ചി ബിഷപ് അഭിവന്ദ്യ ജോസഫ് കരിയിലിന്റെ വാക്ക് പോലെ, 'ഞങ്ങൾക്കാർക്കും അവകാശപ്പെടാൻ ഇല്ലാത്ത നീതിബോധം കാരിക്കശ്ശേരിക്ക് ഉണ്ടായിരുന്നു. പുസ്തകങ്ങൾ വായിച്ചു മാത്രം ജ്ഞാനം നേടുന്നതല്ല അദ്ദേഹത്തിന്റെ ശീലം. മനുഷ്യരുടെ മുഖത്തെ വികാരങ്ങൾ തെറ്റാതെ വായിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനം. ഈ അറിവിന് മനുഷ്യത്വത്തിന്റെ പരിശുദ്ധിയുണ്ടെന്ന് അദ്ദേഹത്തെ അറിയാവുന്നവർക്ക് ബോധ്യമുണ്ട്.

അതെ, ജീവിക്കുന്ന സുവിശേഷം പങ്കുവെച്ച ഇടയൻ,
വിശ്രമ ജീവിതത്തിലായിരിക്കുന്ന ജോസഫ് കാരിക്കശ്ശേരി പിതാവിന് കൂടുതൽ
ദൈവാനുഗ്രഹത്തിന്,
ദീർഘായുസ്സിന്,
ആരോഗ്യത്തിന്,
പ്രാർത്ഥനകൾ.

# ഉപവാസത്തിന്റെ ഉൾക്കാമ്പ്



ഡോ. ജോഷി മയ്യാറ്റിൽ



ഒരു ആത്മീയ ആചാരമായിരുന്ന ഉപവാസം ഇന്ന് പലർക്കും ഏറെ പ്രിയങ്കരമായി മാറിയിരിക്കുന്നു. ആത്മീയ നേട്ടങ്ങളല്ല, മറിച്ച്, ശാരീരികമായ ഗുണങ്ങൾ അതിലൂടെ ഉണ്ടാകും എന്ന അറിവാണ് ഉപവാസത്തിന് ഡിമാൻഡ് വർദ്ധിപ്പിച്ചിട്ടുള്ളത്. സ്ലിം ബ്ലൂട്ടി ആകാനും യൗവനം നിലനിർത്താനുമുള്ള കുറുക്കുവഴിയായി പല തരുണീമണികളും സിനിമാതാരങ്ങളും ഉപവാസം വരിക്കാറുണ്ട്. രാഷ്ട്രീയമായ പ്രതിഷേധത്തിന്റെയോ ധാർമ്മിക ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിന്റെയോ ഭാഗമായും ഉപവാസം ആചരിക്കുന്നവരുണ്ട്. ആദർശപരമാണ് അത്തരം ഉപവാസം. എന്നാൽ, വിശ്വാസജീവിതത്തിന്റെ ഭാഗമായി ഉപവാസത്തെ കാണുന്നവർക്ക് ആത്മീയമായ കാഴ്ചപ്പാടോടെ മാത്രമേ അതിനെ വീക്ഷിക്കാനാകൂ. വിശു

ദ്ധഗ്രന്ഥത്തിലെ ഉപവാസാചരണ സൂചനകൾ പിന്തുടർന്നും സഭാ പാരമ്പര്യങ്ങളും പ്രബോധനങ്ങളും മനസ്സിലാക്കിയും ഉപവാസത്തിന്റെ വിശാലചക്രവാളങ്ങൾ തിരിച്ചറിഞ്ഞും ഈ ആത്മീയായുധം ഉപയോഗിക്കാൻ അനുവാചകരെ സഹായിക്കുക എന്ന പരിമിതമായ ലക്ഷ്യമാണ് ഈ കുറിപ്പിനുള്ളത്.

***പഴയനിയമത്തിൽ***

തപോജീവിതത്തിന്റെ ലക്ഷണങ്ങളല്ല, വലിയ മനോവേദനയുടെ പ്രതീകമാണ് പഴയനിയമത്തിലെ ഉപവാസം. ചാക്കുടുക്കൽ, ചാരം പൂശൽ, വിലാപം എന്നിവയോടൊപ്പമാണ് ഉപവാസത്തിന്റെ സ്ഥാനം (1 സാമു 31:13; 2 സാമു 1:12; 3:35). അനുതാപത്തിന്റെ അടയാളം കൂടിയാണ് ഉപവാസം (1 സാമു 7:6; ജറെ 14:12). കടുത്ത പ്രതിസന്ധി ഘട്ടങ്ങളിലും ആവശ്യങ്ങളിലും ഇസ്രയേൽക്കാർ ഉപവാസം ആചരിക്കാറുണ്ടായിരുന്നു. ബെത്ഷെബായിലുണ്ടായ കുഞ്ഞ് മരണാസന്നനായപ്പോൾ ദാവീദ് ഉപവസിച്ചു (2 സാമു 12:6ള). എന്നാൽ കുഞ്ഞ് മരിച്ചപ്പോൾ ദാവീദ് ഉപവാസം അവസാനിപ്പിച്ചു. ഇത് ഭൃത്യരെ കുഴക്കി. മരണാനന്തര വിലാപമെന്ന നിലയിൽ ആചരിക്കേണ്ട ഉപവാസത്തിന്റെ പ്രയോഗ വ്യതിയാനമാണ് അവരെ അമ്പരപ്പിച്ചത്. എന്നാൽ ദാവീദ്, കുഞ്ഞിനുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥനയുടെ ഭാഗമായാണത്രേ ഉപവസിച്ചത്. ദൈവിക വെളിപാട് സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി മോശയും ദാനിയേലും ഉപവസിച്ചൊരുങ്ങിയതും സ്മർത്തവ്യമാണ് (പുറ 34:28; നിയ 9:9; ദാനി 9:3; 10:2 f). പൊതുവായ ഉപവാസ പ്രഖ്യാപനങ്ങളും പഴയനിയമത്തിൽ കാണാം. പൊതുവായ ആവശ്യങ്ങളിലോ പ്രതിസന്ധികളിലോ അനുതാപ- വിലാപ പ്രകടനങ്ങളിലോ ആയിരുന്നു ഇത്തരം പരസ്യ ഉപവാസ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നത് (ന്യായാ 20:26; 1 സാമു 14:24; 1 രാജാ 21:9; ജറെ 14:12; 36:6–9). ഇസ്രായേലിന്റെ ആചാരാനുഷ്ഠാന നിയമങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഏക ഉപവാസം പാപപരിഹാര ദിനത്തിലുള്ളതാണ് (ലേവ്യ 16:29f; 23:17f; സംഖ്യ 29:7).

*വിപ്രവാസാനന്തര കാലഘട്ടത്തിലാണ് ഇസ്രായേലിൽ സമൂഹ ഉപവാസാനുഷ്ഠാനം പ്രബലപ്പെട്ടതും വ്യക്തിഗത ഉപവാസങ്ങൾ ഭക്തിപ്രകടനങ്ങളായിത്തീർന്നതും. ദുരിതങ്ങളുടെയോ പ്രതിസന്ധികളുടെയോ വിലാപത്തിന്റെയോ പെട്ടെന്നുള്ള നിമിഷങ്ങളിൽ നേതാക്കളുടെ ആഹ്വാനമനുസരിച്ച് സമൂഹം ഒന്നുചേർന്ന് ഉപവസിക്കുന്ന കാഴ്ച വിപ്രവാസാനന്തര കാലഘട്ടത്തിൽ ഏറെയുണ്ട്*

***വിമർശിക്കപ്പെട്ട ഉപവാസം***

ചൈതന്യമില്ലാത്ത ഉപവാസാനുഷ്ഠാനങ്ങളെ തുറന്നെതിർക്കുന്ന പ്രവാചകന്മാരെ പഴയനിയമത്തിൽ പലയിടത്തും കാണാം. ഏശ 58:1–8 ഇതിൽ പ്രത്യേകം ശ്രദ്ധേയമാണ്. 'സ്വന്തം സുഖത്തിനായുള്ള ഉപവാസം,' 'കലഹിക്കുന്നതിനും ശണ്ഠ കൂടുന്നതിനും ഇടിക്കുന്നതിനുമുള്ള ഉപവാസം,' 'ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം,' 'ഞാങ്ങണ പോലെ തലകുനിക്കുന്ന ഉപവാസം' എന്നിങ്ങനെയാണ് വ്യർത്ഥമായ ഉപവാസാനുഷ്ഠാനങ്ങളെ പ്രവാചകൻ വിശേഷിപ്പിക്കുന്നത്. എന്നാൽ പ്രവാചകൻ വിഭാവനം ചെയ്യുന്ന യഥാർത്ഥമായ ഉപവാസം ദുഷ്ടതയുടെ കയറുകൾ പൊട്ടിക്കുന്നതും മർദ്ദിതരെ സ്വതന്ത്രരാക്കുന്നതും വിശക്കുന്നവനു ഭക്ഷണം നൽകുന്നതും ഭവനരഹിതന് അഭയം നൽകുന്നതും നഗ്നനെ ഉടുപ്പിക്കുന്നതുമൊക്കെയാണ്. ചുരുക്കിപ്പറഞ്ഞാൽ, നന്മയും നീതിയും കരുണയുമാണ് ഏശയ്യാ പ്രവാചകൻ വിഭാവനം ചെയ്യുന്ന ഉപവാസത്തിന്റെ മുഖമുദ്രകൾ. ജനത്തിന്റെ ഒഴുക്കൻ ഉപവാസത്തോടു പിന്തിരിഞ്ഞു നില്ക്കുന്ന പ്രവാചക വചനങ്ങൾ വേറെയുമുണ്ട് (ജറെ 14:12; സഖ 7:5f).

***ഉപവാസത്തിന്റെ വസന്തകാലം***

വിപ്രവാസാനന്തര കാലഘട്ടത്തിലാണ് ഇസ്രായേലിൽ സമൂഹ ഉപവാസാനുഷ്ഠാനം പ്രബലപ്പെട്ടതും വ്യക്തിഗത ഉപവാസങ്ങൾ ഭക്തിപ്രകടനങ്ങളായിത്തീർന്നതും. ദുരിതങ്ങളുടെയോ പ്രതിസന്ധികളുടെയോ വിലാപത്തിന്റെയോ പെട്ടെന്നുള്ള നിമിഷങ്ങളിൽ നേതാക്കളുടെ ആഹ്വാനമനുസരിച്ച് സമൂഹം ഒന്നുചേർന്ന് ഉപവസിക്കുന്ന കാഴ്ച വിപ്രവാസാനന്തര കാലഘട്ടത്തിൽ ഏറെയുണ്ട് (എസ്ര 8:21–23; 1 മക്ക 3:4–7; 2 മക്ക 13:12). സമൂഹത്തിന്റെ അനുതാപ പ്രകടനമായും (യോനാ 3:5) ദുരിതങ്ങളിലെ ദൈവിക ഇടപെടൽ തേടലായും (എസ്തേർ 4:3–16; ജോയേൽ 1:14; 2:12–15) സമൂഹ ഉപവാസങ്ങൾ ഈ കാലഘട്ടത്തിൽ ഏറെ പ്രബലപ്പെട്ടു. ഒപ്പം, ദേവാലയ കേന്ദ്രീകൃതമായ അനുഷ്ഠാനങ്ങളുടെ ഭാഗമായും നിശ്ചിത നാളുകളിലെ ആചാരങ്ങളുടെ ഭാഗമായും, അത്തരം നാലു പ്രഖ്യാപിത ഉപവാസങ്ങൾ സഖറിയായുടെ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട് (8:19; cf 7:3–5).എസ്തേറിന്റെ ഗ്രന്ഥത്തിനൊടുവിൽ പുരീം തിരുനാളിനു മുന്നോടിയായുള്ള ഉപവാസത്തെക്കുറിച്ചു പ്രത്യേകം പ്രതിപാദനമുണ്ട് (9:31 cf 4:3–16). പാപ പരിഹാര ദിനത്തിലെ ഉപവാസവും യഹൂദർ തീവ്രതയോടെ അനുഷ്ഠിച്ചതിന്റെ സൂചനകളും വിപ്രവാസാനന്തര കാലഘട്ടം സമ്മാനിക്കുന്നു (നെഹ 9:1).

വിപ്രവാസത്തിനുശേഷം വിലാപവും അനുതാപവും മാധ്യസ്ഥ്യവുമെല്ലാം വ്യക്തിഗത ഉപവാസങ്ങളുടെയും നിമിത്തങ്ങ

ളായി (എസ്രാ 10:6; നെഹ 1:4; ദാനി 9:3). ദൈവിക വെളിപാടിനുള്ള നല്ല ഒരുക്കമായും ഉപവാസം കരുതപ്പെട്ടു (ദാനി 10:3). കാലം കഴിയുന്തോറും ഒരു ജനകീയ ഭക്താഭ്യാസമായി ഉപവാസം മാറി(cf സങ്കീ 35:13;69:10). തോബിത്തിന്റെ ഗ്രന്ഥം അതിനു നല്കുന്ന മൂല്യം ഉന്നതമാണ് (12:8). കൂടുതൽ ഭക്തിയുള്ളവർ കൂടുതൽ ഉപവസിക്കുമായിരുന്നു (യൂദിത്ത് 8:6). എസ്തേറിന്റെ പുസ്തകത്തിൽ 72 മണിക്കൂർ നീണ്ട ഉപവാസത്തെക്കുറിച്ചു പരാമർശമുണ്ട് (4:16). യഹൂദസാഹിത്യത്തിലെ മറ്റു ഗ്രന്ഥങ്ങളിലും ഉപവാസത്തിന്റെ സ്ഥാനം ഏറെ ഉയർന്നതാണ്. ഖുമ്റാൻ സമൂഹത്തിലും ഉപവാസത്തിന് ഉന്നത സ്ഥാനമുണ്ടായിരുന്നു എന്നതിനു രേഖകളുണ്ട്. ഫരിസേയർക്കിടയിലും (മത്താ 6:16) സ്നാപക ശിഷ്യർക്കിടയിലും (മർക്കോ 2:18) അതിനുണ്ടായിരുന്ന മൂല്യം ഗ്രഹിക്കാൻ ഈ പശ്ചാത്തലം സഹായിക്കും.

### *പുതിയ നിയമത്തിൽ*

ഫരിസേയരുടെ ധാരണയിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ കാഴ്ചപ്പാടും നിലപാടും. തന്റെ ശിഷ്യരുടെമേൽ ഈശോ ഉപവാസം നിർബന്ധമാക്കിയിരുന്നില്ല എന്ന സത്യം 'ഞങ്ങളും ഫരിസേയരും ഉപവസിക്കുകയും നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?" എന്ന യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യത്തിൽ നിഴലിക്കുന്നുണ്ട് (മത്താ 9:14). യേശു നല്കുന്ന വിശദീകരണത്തിൽ പരസ്യ ഉപവാസം വിലാപസൂചനയായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്, തപോനിഷ്ഠയായല്ല (cf മർക്കോ 2:18; ലൂക്കാ 5:33f).

മുഖ്യമായും രണ്ടു പ്രബോധനങ്ങളാണ് ഉപവാസത്തെ സംബന്ധിച്ച് യേശുവിന്റേതായുള്ളത്: ആദ്യത്തേത് ഉപവാസത്തിന്റെ ആന്തരിക ചൈതന്യത്തെ സംബന്ധിച്ചതാണ്. മനുഷ്യരിൽനിന്നു പ്രശംസ പിടിച്ചുപറ്റാനല്ല, മറിച്ച് ദൈവത്തിനു മഹത്വം നല്കാനാണ് എല്ലാ ഭക്താഭ്യാസങ്ങളും എന്ന പ്രവാചകനിലപാട് (ഏശ 58:3-4) യേശുവും പുലർത്തി. ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ ആന്തരിക മനോഭാവമാണ് ദൈവം വിലമതിക്കുന്നത് എന്നാണ് യേശു വ്യക്തമാക്കിയത് (മത്താ 6:16-18; രള ലൂക്കാ 18:9-14). രണ്ടാമത്തേത് സ്നാപകന്റെ ശിഷ്യരുടെ ചോദ്യവുമായി ബന്ധപ്പെട്ടതാണ് (മത്താ 9:14-15; മർക്കോ 2:18-20; മത്താ 5:3-15). തന്റെ ദൗത്യത്തിലൂടെയുള്ള ദൈവരാജ്യാഗമനം ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും അവസരമാണെന്നും അതിൽ ഉപവാസത്തിനു സ്ഥാനമില്ലെന്നുമാണ് യേശു വ്യക്തമാക്കിയത്. എന്നാൽ ഈ പ്രബോധനത്തിലെ രണ്ടാം ഭാഗം ("മണവാളൻ അവരിൽനിന്ന് അകറ്റപ്പെടുന്ന ദിവസങ്ങൾ വരും; അപ്പോൾ അവർ ഉപവസിക്കും," മത്താ 9,15) ഉപവാസത്തിന് ക്രൈസ്തവജീവിതത്തിലുള്ള ഇടം തിരിച്ചറിയാൻ സഭയെ സഹായിച്ചിട്ടുണ്ട്. യേശുവിന്റെ മരണത്തിൽ ശിഷ്യർ ഉപവസിക്കും എന്ന സൂചന ക്രൈസ്തവസഭയിൽ ഈസ്റ്ററിനു മുമ്പുള്ള നോമ്പാചരണത്തിന്റെ അടിസ്ഥാനമായി തീർന്നിട്ടുണ്ട് എന്നതിൽ സംശയമില്ല.

തപോനിഷ്ഠമായ ഉപവാസത്തെക്കുറിച്ചും അവിടന്നു പരാമർശിക്കുന്നുണ്ട്. അത് തികച്ചും രഹസ്യാത്മകമായിരിക്കണമെന്നാണ് യേശു അനുശാസിക്കുന്നത് (മത്താ 6:16). തന്റെ പരസ്യ ജീവിതാരംഭത്തിനു മുന്നേ രഹസ്യമായി 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചൊരുങ്ങിയവനാണ് ക്രിസ്തു (മത്താ 4:2; രള മർക്കോ 1:13). പിശാചിനെ ബഹിഷ്കരിക്കുന്നതിൽ പ്രാർത്ഥനയോടൊപ്പം ഉപവാസത്തിനുള്ള സ്ഥാനം മർക്കോ 9:29 വ്യക്തമാക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ആത്മീയ ശാക്തീകരണത്തിന് ഉപവാസം സഹായകമാണെന്ന് പുതിയനിയമം വ്യക്തമാക്കുന്നു.

### *ആദിമസഭയിൽ*

ഉപവാസത്തെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി അപ്പസ്തോലന്മാർ പഠിപ്പിച്ചിരുന്നതായി സൂചനകളില്ല. എന്നാൽ ദൈവികസഹായം തേടി പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായുള്ള ഉപവാസങ്ങൾ നമുക്ക് അപ്പസ്തോലിക കാലത്ത് കാണാനാകും. സുപ്രധാനമായ തീരുമാനങ്ങൾ ഏല്ക്കുന്നതിനു മുമ്പ് ഉപവസിച്ചു പ്രാർത്ഥിക്കുന്ന അപ്പസ്തോലന്മാരെ അപ്പസ്തോല പ്രവർത്തനങ്ങളിൽ നമുക്ക് കണ്ടുമുട്ടാനാകും (13; 2f; 14:23). ഒരു മതാനുഷ്ഠാനമെന്ന നിലയിലുള്ള ഉപവാസത്തിന്റെ വ്യക്തമായ സൂചന സഭാശുശ്രൂഷകരെ നിയോഗിക്കുന്നതിനോടു ബന്ധപ്പെട്ടാണ് കാണുന്നത് (അപ്പ 13:2-3; 14:23). പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന ഭക്ഷണമില്ലായ്മയെ (2 കോറി 6:5; 11:27) ഉപവാസമായി കരുതുന്നത് ഉചിതമായിരിക്കില്ല.

അപ്പസ്തോലിക കാലത്തിനു തൊട്ടുപിന്നാലെ ഈസ്റ്ററിനും മാമ്മോദീസയ്ക്കും മുന്നോടിയായുള്ള ഉപവാസങ്ങൾ ഉണ്ടായിരുന്നു. യഹൂദർ ഉപവാസം ആചരിച്ചിരുന്ന ചൊവ്വ, വ്യാഴം ദിനങ്ങൾക്കു പകരം ബുധൻ, വെള്ളി ദിനങ്ങളിൽ ക്രൈസ്തവർ ഉപവാസം ആചരിക്കാൻ ഡിഡാക്കേ 8:1 ആഹ്വാനം ചെയ്യുന്നുണ്ട്. വിശുദ്ധ ഇറനേവൂസ് (+203) വിശുദ്ധ വിക്ടർ ഒന്നാമൻ പാപ്പയ്ക്ക് എഴുതിയ കത്തിൽ ഈസ്റ്ററിനോടനുബന്ധമായ വ്യത്യസ്ത നോമ്പുപാരമ്പര്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നു: "ചിലർ വിചാരിക്കുന്നു ഒരു ദിവസം ഉപവസിക്കണമെന്ന്; ചിലർ രണ്ടെന്നും മറ്റുചിലർ അതിൽ കൂടുതലെന്നും. ചിലർക്ക് അവസാനത്തെ ദിനത്തിന് 40 മണിക്കൂറുകൾ പോലെയുണ്ട്. ഇത്തരമുള്ള അനുഷ്ഠാന വ്യതിയാനങ്ങൾ ഞങ്ങളുടെ കാലത്ത് ആരംഭിച്ചതല്ല; മറിച്ച്, ഏറെക്കാലം മുമ്പേ ഞങ്ങളുടെ പൂർവ്വികരുടെ കാലത്തേക്കുള്ളതാണ്." നിഖ്യാ സൂനഹദോസ് (325) രേഖകളിൽ 'നാല്പതുദിന നോമ്പിനു മുമ്പായി' പ്രാദേശിക സിനഡു കൂടുന്നതിനെക്കുറിച്ചുള്ള പരാമർശം കാണുന്നുണ്ട്. വിശുദ്ധ അത്തനേഷ്യസ് (+373) തന്റെ വിശ്വാസി സമൂഹത്തോട് വിശുദ്ധ വാരത്തിലെ അതിതീവ്രമായ ഉപവാസത്തിനു മുമ്പ് നാല്പതു ദിന

ങ്ങൾ ഉപവാസമാചരിക്കാൻ അഭ്യർത്ഥിക്കുന്നുണ്ട്. ഏ.ഡി. 339 -ൽ അദ്ദേഹം എഴുതിയത് ഇങ്ങനെയാണ്: "ലോകം മുഴുവൻ ഉപവസിക്കുമ്പോൾ ആ ദിനങ്ങളിൽ സന്തോഷിച്ചുല്ലസിച്ചു നടക്കുന്ന ഉപവസിക്കാത്ത ഏകജനതയായി ഈജിപ്തിലുള്ള നമ്മൾ പരിഹാസ പാത്രമായി മാറാതിരിക്കണം." അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിളും (+444) തന്റെ തിരുനാൾ കത്തുകളിൽ നാല്പതു ദിനം നീളുന്ന ഉപവാസ നോമ്പിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ലിയോ മാർപാപ്പയാണ് (+461) വിശ്വാസികൾ നിറവേറ്റുന്ന നാല്പതുദിന ഉപവാസം ഒരു അപ്പസ്തോലിക പാരമ്പര്യമാണെന്ന് ആദ്യമായി പറഞ്ഞുവച്ചത്. അങ്ങനെ അഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സഭയിൽ ഉത്ഥാന തിരുനാളിനുള്ള ഒരുക്കമായി നാല്പതു ദിനം നീളുന്ന ഉപവാസത്തോടെയുള്ള നോമ്പാചരണം ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്.

ഉപവാസത്തിന്റെ മൂന്നു ലക്ഷ്യങ്ങളെക്കുറിച്ച് വി. തോമസ് അക്വിനാസ് പ്രസ്താവിക്കുന്നുണ്ട്: 1. ശരീരത്തിന്റെ ആസക്തികൾക്കു കടിഞ്ഞാണിടാൻ നാം ഉപവസിക്കുന്നു; 2. ഉപവാസത്തിനു ശേഷം ദാനിയേൽ പ്രവാചകന് ദൈവിക വെളിപാട് ലഭിച്ചത് (ദാനി 10,2f) സ്മരിച്ച്, സ്വർഗീയ യാഥാർത്ഥ്യങ്ങളെ ധ്യാനിക്കാൻ നാം ഉപവസിക്കുന്നു; 3. ജോയേൽ 2.12 സൂചിപ്പിക്കുന്നതുപോലെ, പാപപരിഹാരമായും മാനസാന്തര സൂചകമായും നാം പ്രാർത്ഥിക്കുന്നു.

### *സഭാപ്രബോധനത്തിലും പ്രയോഗത്തിലും*

ഉപവാസദിനങ്ങളായി കത്തോലിക്കാസഭ നിഷ്കർഷിച്ചിട്ടുള്ള ദിനങ്ങൾ പാലിക്കാൻ കത്തോലിക്കർക്കു ബാധ്യതയുണ്ടെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2042-ാം ഖണ്ഡിക വ്യക്തമാക്കുന്നു. സഭയുടെ അഞ്ചു കല്പനകളിൽ ഒന്നാണ് അത്. കാനോനിക നിയമം (1251 -1253) ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. റോമൻ കത്തോലിക്കർക്ക് രണ്ടു ദിനങ്ങളേ അങ്ങനെ ആചരിക്കേണ്ടതായുള്ളൂ-ക്ഷാരബുധനാഴ്ചയും ദുഃഖവെള്ളിയാഴ്ചയും. പതിനെട്ടു മുതൽ അമ്പത്തിയൊമ്പതു വയസ്സുവരെ പ്രായമുള്ള എല്ലാ ആരോഗ്യമുള്ളവരും ഈ പ്രായശ്ചിത്തത്തിന്റെയോ ദുഃഖാചരണത്തിന്റെയോ ഐക്യദാർഢ്യത്തിന്റെയോ ഭാഗമായി ഉപവാസം ആചരിക്കുന്ന പതിവും ക്രൈസ്തവർക്കിടയിലുണ്ട്. അതു നല്ലതാണെങ്കിലും നിർബന്ധിതമാകരുത്.

> *മരുഭൂമിയിലെ നാല്പതു ദിവസങ്ങൾക്കിടയിൽ യേശുവിനുണ്ടായ പ്രലോഭനങ്ങളും നമുക്ക് അജ്ഞാതമല്ല. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് സമ്പാദിക്കാനുള്ളവയാണ് നോമ്പുദിനങ്ങൾ. ഉപവാസം അതിനുള്ള നല്ലൊരു മാർഗ്ഗമാണ്.*

### *എങ്ങനെയാണ് ഉപവാസം ആചരിക്കുന്നത്?*

ഉപവാസത്തിന്റെ പരമ്പരാഗതമായ യൂറോപ്യൻ രീതി അപ്പവും വെള്ളവും മാത്രം ഉപയോഗിക്കുക എന്നതായിരുന്നു. കാലത്തിനും സ്ഥലത്തിനുമനുസരിച്ച് ഉപവാസാചരണ സങ്കല്പത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇരുപത്തിനാലു മണിക്കൂറും ഭക്ഷണവും ജലവും ഉപേക്ഷിക്കുക എന്നതാണ് ഉപവാസം എന്നു കരുതുന്ന മനുഷ്യരുണ്ട്. ഉപവാസ ദിനത്തിൽ ഉച്ചയ്ക്ക് മൂന്നുമണിവരെ ഒന്നും കഴിക്കാതിരിക്കുന്നവരുണ്ട്. ഒരു നേരം മാത്രം ഭക്ഷിക്കുന്നതാണ് ഉപവാസം എന്നു കരുതുന്നവരും ഉണ്ട്. അത്തരത്തിലൊക്കെ ചെയ്യാൻ കഴിയുന്നവർക്ക് അത് ആകാവുന്നതാണ്. എന്നാൽ, സഭ നിഷ്കർഷിക്കുന്നത് ഏതാനും മണിക്കൂറേക്ക് മുഴുഭക്ഷണം (Full meals) ഉപേക്ഷിക്കുക എന്നതു മാത്രമാണ്. ഉപവാസ ദിനത്തിൽ ഒരു നേരത്തേ മുഴുഭക്ഷണം കഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയത് വി. തോമസ് അക്വിനാസാണ്. മറ്റു രണ്ടു നേരങ്ങളിൽ അല്പ ഭക്ഷണം ഉപവാസ ലംഘനമല്ല. പക്ഷേ, അവ മൊത്തത്തിൽ ഒരു മുഴുഭക്ഷണത്തിനു തുല്യമാകരുത്. ജലപാന കാര്യത്തിൽ പ്രത്യേകിച്ച് വിലക്കുകളില്ല. മറ്റു പാനീയങ്ങൾ ഉപവാസ ദിനത്തിൽ ആശാസ്യമല്ല. ഏതെങ്കിലും മരുന്ന് കഴിക്കുന്നത് ഉപവാസ ലംഘനമല്ല.

### *ഉപവാസത്തിന്റെ ആധുനിക സാധ്യതകൾ*

ഉപവാസത്തിന്റെ ചില പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

1. **തിരുശരീര രക്തങ്ങൾക്കു മുൻതൂക്കം:** ശാരീരികാഹാരത്തെക്കാൾ ആത്മീയ ഭക്ഷണമായ പരിശുദ്ധ കുർബാനയ്ക്കു മുൻതൂക്കം നല്കേണ്ട കാലമാണ് നോമ്പുകാലം. നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന അനശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കുവിൻ എന്ന യേശുവിന്റെ തിരുവചനം (യോഹ 6:27) ഇതിന് ഉപോദ്ബലകമായുണ്ട്.

2. **നാവിനു പ്രഖ്യാപിക്കേണ്ട ഉപവാസം:** "നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും.... ആയിരിക്കണം" എന്ന വിശുദ്ധ യാക്കോബിന്റെ ഉപദേശവും (യാക്കോ 1:19) "വാക്ക് അളന്നു



തൂക്കി ഉപയോഗിക്കുക; വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക" എന്ന പ്രഭാഷകന്റെ ഉപദേശവും (പ്രഭാ 28:25) ഈ നോമ്പിന് അടിത്തറയൊരുക്കുന്നു.

3.**ആലസ്യത്തിന് ഉപവാസം:** അലാറം അടിക്കുമ്പോൾ സ്നൂസ് ബട്ടൺ അമർത്തുന്ന ഏർപ്പാട് പ്രതീകാത്മകം കൂടിയാണ്. ഉത്തരവാദിത്തങ്ങൾ മാറ്റിവയ്ക്കുന്ന സ്വഭാവവും എല്ലാറ്റിനും കുറുക്കുവഴി കണ്ടെത്തുന്ന ശൈലിയും അലസതയുടെ മൃഷ്ടാന്നഭോജനമാണ് വിളമ്പുന്നതും വിളംബരം ചെയ്യുന്നതും.

4.**കണ്ണുകളുടെ ഉപവാസം:** 2009 -ൽ ഇറ്റലിയിലെ മോദെന അതിരൂപതയിലെ മെത്രാപ്പോലീത്ത മോൺസിഞ്ഞോർ ബെനീത്തോ കൊക്കി തപസ്സുകാലത്തിൽ എസ്.എം.എസ്. അയയ്ക്കുന്നതിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ യുവജനങ്ങളെ ആഹ്വാനം ചെയ്തത് ലോകശ്രദ്ധയാകർഷിച്ചിരുന്നു. സ്ക്രീൻ അഡിക്ഷൻ അതിശക്തമായിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഡിജിറ്റൽ ഉപവാസം ഏറെ ഗുണം ചെയ്യും. "കണ്ണാണ് ശരീരത്തിന്റെ വിളക്ക്" എന്ന യേശുവിന്റെ തിരുവചനം (മത്താ 6:22) ഗൗരവമായെടുത്ത് അത്യാവശ്യ കാഴ്ചകളിൽ മാത്രം കണ്ണുപതിപ്പിക്കുന്നതിനുള്ള പരിശീലനം ഇക്കാലഘട്ടത്തിൽ നേടാം.

5. **മുൻനിരയുടെ ഉപവാസം:** മുൻനിരയിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അറിയപ്പെടാനും ആദരിക്കപ്പെടാനുമുള്ള സ്വാഭാവിക പ്രവണത നിയന്ത്രിക്കാൻ ബോധപൂർവ്വം പരിശ്രമിക്കുന്നത് നല്ലൊരു ഉപവാസമാണ്. 'ശാന്തശീലനും വിനീതഹൃദയനുമായ യേശുവേ, എന്റെ ഹൃദയം അങ്ങേ ഹൃദയം പോലെ ആക്കണമേ' എന്ന പ്രകരണം സ്വന്തം ഹൃദയതാളമാക്കി മാറ്റുന്നത് ഏറെ ഫലപ്രദമായിരിക്കും.

6. **പരാതിപ്പെട്ടികൾക്ക് ഉപവാസം:** സ്വജീവിതം പരാതികളുടെ കൂമ്പാരമാക്കാതെ ലഭിച്ച കൃപകൾക്കും നന്മകൾക്കും കൃതജ്ഞതാനിർഭരമായ ഒരു ഹൃദയം സ്വന്തമാക്കുന്നത് എത്രയോ ശ്രേഷ്ഠമാണ്! ദൈവത്തോടും സഹോദരങ്ങളോടും നിരന്തരം നന്ദിപറയുന്ന ശീലവും നന്ദിനിറഞ്ഞ ജീവിതശൈലിയും സ്വന്തമാക്കിയാൽ പരാതിപ്പെട്ടികളുടെ ജീവിതശൈലി സ്വാഭാവികമായി ഇല്ലാതായിക്കൊള്ളും. ഇത്തരം പരിശീലനത്തിന് ഏറ്റവും അനുയോജ്യമായ കാലമാണ് നോമ്പുകാലം.

***ഉപസംഹാരം***

.................................................................

'ഇടുങ്ങിയ വാതിലി' ന്റെ സുവിശേഷത്തിന് സ്ഥല-കാല പരിമിതികളില്ല. മരുഭൂമിയിൽ ഇസ്രായേൽ ജനത്തിനുണ്ടായ പ്രലോഭനങ്ങൾ മനസ്സിലുണ്ടല്ലോ. മരുഭൂമിയിലെ നാല്പതു ദിവസങ്ങൾക്കിടയിൽ യേശുവിനുണ്ടായ പ്രലോഭനങ്ങളും നമുക്ക് അജ്ഞാതമല്ല. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് സമ്പാദിക്കാനുള്ളവയാണ് നോമ്പുദിനങ്ങൾ. ഉപവാസം അതിനുള്ള നല്ലൊരു മാർഗ്ഗമാണ്.

ഉത്ഥാനപ്രഭ ജീവിതത്തിൽ ഏറ്റുവാങ്ങാനായി ഓരോ വിശ്വാസിയും തന്റെ ജീവിതത്തിന്റെ ഇരുളുകളെ തിരിച്ചറിയുന്ന കാലമാണിത്. മദ്യപാനിക്ക് മോചനം നേടാൻ ഏറ്റവും അനുയോജ്യമായ കാലം; ഏഷണിക്കാരിക്ക് വാക്കുകളുടെ ഉപവാസം പാലിക്കാൻ പറ്റിയ കാലം; അലസതയുള്ള വിദ്യാർത്ഥിക്ക് ഉണർവ് സ്വന്തമാക്കാൻ കഴിയുന്ന കാലം. മിതത്വം ഇല്ലാത്ത വ്യത്യസ്ത ജീവിതമേഖലകളിൽ അതു പാലിക്കാനും ശീലിക്കാനും ഇതുപോലെ അനുകൂലമായ ഒരു കാലമില്ല. തൊട്ടതിനും പിടിച്ചതിനും ദേഷ്യപ്പെടുന്ന സ്വഭാവം നോമ്പുകാലത്തല്ലാതെ മറ്റെപ്പോഴാണ് നമ്മിൽ ശരിപ്പെട്ടു കിട്ടുക? സത്യസന്ധതയിലും ആത്മാർത്ഥതയിലും വെള്ളം ചേർക്കുന്ന ദുസ്തഴക്കങ്ങളിൽ നിന്ന് ഉത്ഥിതന്റെ സത്താപ്രഭയിലേക്ക് വളരാൻ നമുക്കും താല്പര്യമില്ലേ? ഇതിനെല്ലാം അനുയോജ്യമായ കാലമാണ് കടന്നുവരുന്ന നോമ്പുകാലം. നമുക്ക് ദൈവത്തോട് ഒത്തുവസിക്കാം- നന്നായി ഉപവസിക്കാം.

# ദൈവം രസവും, ലോകം വിരസവും അതത്രേ പ്രാർത്ഥന




**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

അജപാലന ജീവിതത്തിലെ നിറംമങ്ങാത്ത ഹൃദ്യമായ ഒരു ഓർമ്മയുണ്ട് മനസ്സിൽ. ഏതാനും വർഷങ്ങൾക്ക് മുൻപ് സേവനം ചെയ്ത ഇടവകയിൽ ഭവന സന്ദർശനം നടത്തുന്ന സമയം. ഒരു സാധാരണ കുടുംബം. ഭവനാശീർവ്വാദവും, പ്രാർത്ഥനയും കഴിഞ്ഞപ്പോൾ സമയം വൈകിട്ട് 8.30. പടിയിറങ്ങുന്നതിനു മുൻപേ കുടുംബനാഥനോട് ഞാൻ ചോദിച്ചു: കുടുംബ പ്രാർത്ഥന എപ്പോഴാണ്? കുടുംബനാഥൻ സന്തോഷത്തോടെ പറഞ്ഞു; 'അച്ചോ... ഞങ്ങളുടെ കുടുംബ പ്രാർത്ഥന അതിരാവിലെ 5 മണിക്കാണ്. അതിനു ശേഷം ഞങ്ങൾ കുടുംബസമേതം ഇടവക ദേവാലയത്തിൽ 6.30 ന് അർപ്പിക്കപ്പെടുന്ന വി.കുർബാനയിലും പങ്കെടുക്കും.

എനിക്ക് വിസ്മയമായി. ഞാൻ കാരണം തിരക്കി. അപ്പച്ചൻ പറഞ്ഞതിങ്ങനെയാണ്: അച്ചോ... എന്റെ 5 ആൺമക്കളും സ്വന്തമായി ബിസിനസ്സ് ചെയ്യുകയാണ്. വൈകുന്നേരങ്ങളിൽ പല സമയത്താണ് ഭവനത്തിൽ എത്തിച്ചേരുന്നത്. അതുകൊണ്ട് എല്ലാവർക്കും ഒരുമിച്ച് പ്രാർത്ഥനയ്ക്ക് അണയാൻ സാധിക്കില്ല. അതുകൊണ്ട് ഞങ്ങളെല്ലാവർക്കും പങ്കെടുക്കാവുന്ന ഒരു സമയം ഞങ്ങൾ കൂടിയാലോചിച്ച് തീരുമാനമെടുത്തതാണ്." ഇത് കേട്ടമാത്രയിൽ ഒരു പിതാവും, മക്കളും പ്രാർത്ഥനയ്ക്ക് കൊടുക്കുന്ന പ്രാധാന്യത്തെയോർത്ത് അഭിമാനം തോന്നി.

നോമ്പുകാലത്തെ വിശുദ്ധമായ ദിനങ്ങളിലൂടെ കടന്നുപോകുകയാണ് നാം. നമ്മുടെ പ്രാർത്ഥനയിൽ, നമ്മുടെ പങ്കാളിത്തവും ....... വിശകലനം ചെയ്യേണ്ട സമയമാണിത്. ഏതൊരു സംരംഭവും ആരംഭിക്കുന്നതും, ജീവിതത്തിലെ ഓരോ ദിനവും ആരംഭിക്കേണ്ടതും പ്രാർത്ഥനയോടെയാണ്. നാം അറിഞ്ഞോ അറിയാതെയോ ഇത് അംഗീകരിക്കുന്നു.

ഗാന്ധിജി പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: 'ഓരോ ദിവസവും പ്രാർത്ഥനകൊണ്ട് തുടങ്ങുക...ആ ചൈതന്യം വൈകുന്നേരം വരെ ആത്മാവിൽ നിറഞ്ഞു നിൽക്കട്ടെ. പ്രാർത്ഥനകൊണ്ട് ദിവസം അവസാനിപ്പിക്കുക. ഭീതികളും, സ്വപ്നങ്ങളും ഒഴിഞ്ഞ ഒരു ശാന്തരാത്രി നിങ്ങൾക്കുണ്ടാകും. പ്രാർത്ഥനയുടെ ക്രമത്തെക്കുറിച്ച് അസ്വസ്ഥരാവരുത്. ഏതുക്രമവും ആകാം നിങ്ങളെയും ദൈവത്തെയും ബന്ധിപ്പിക്കുന്നു എന്നതാണ് പ്രധാനം. വാക്കുകൾ അസ്ഥാനത്താകുമ്പോൾ ഹൃദയം



ദൈവത്തിൽ കൂടണയട്ടെ..." പ്രാർത്ഥനയുടെ ഉയർന്ന സോപാനത്തിലേക്ക് യാത്ര ചെയ്ത വി. പാദ്രേപിയോ പറയുന്നതിപ്രകാരമാണ്; "നമ്മുടെ ഏറ്റവും നല്ല ആയുധം പ്രാർത്ഥനയാണ്. ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ള താക്കോലാണത്. യേശുവുമായി നിങ്ങൾ അധരംകൊണ്ട് മാത്രമല്ല, മറിച്ച് ഹൃദയംകൊണ്ടു കൂടി സംസാരിക്കണം.'

***ത്യാഗം ആവശ്യപ്പെടുന്ന പ്രാർത്ഥന***

ശ്രീ. ബെന്നി പുന്നത്തറ എഴുതിയ പുസ്തകമാണ് *ഷീനാർ* സമതലത്തിലെ വിപാലങ്ങൾ. ഈ പുസ്തകത്തിൽ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ തന്നെ ധ്യാനിപ്പിക്കുവാൻ വന്ന ഒരു ഡൊമിനിക്കൻ വൈദികന്റെ കഥപറയുന്നുണ്ട്. നിരീശ്വരനായ മനുഷ്യൻ .നിരീശരത്വം പ്രചരിപ്പിക്കുന്ന മാസികയുടെ എഡിറ്ററും. ലൂയീസ് ബ്രൗൺ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. എന്നാൽ ഭാര്യ എലിസബത്ത് നല്ലൊരു കത്തോലിക്കാ വിശ്വാസിയും. ഭർത്താവിന്റെ മാനസാന്തരത്തിനുവേണ്ടി നിരന്തരമായി ത്യാഗപൂർവ്വം അവൾ പ്രാർത്ഥിക്കുമായിരുന്നു. വർഷങ്ങൾ കടന്നുപോയി. ഒരു നാൾ എലിസബത്ത് രോഗിയായി. അനേകവർഷങ്ങൾ രോഗത്തിന്റെ വേദനയിൽ, കട്ടിലിൽ കിടന്ന അവൾ തന്റെ ഭർത്താവ് ലൂയിസിനെ അരികിൽ വിളിച്ച് പറഞ്ഞു; "ലൂയിസ് ഞാൻ മരിച്ച് കഴിഞ്ഞാൽ അങ്ങ് കത്തോലിക്കനാകണം. ഒരു വൈദികനും ആകണം." ലൂയിസ് മറുപടി പറഞ്ഞു: ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല. പിന്നെ എനിക്കെങ്ങനെ കത്തോലിക്കനും വൈദികനും ആകാൻ കഴിയും." അതിന് മറുപടിയായി എലിസബത്ത് ഒന്നു ചിരിക്കുക മാത്രമേ ചെയ്തുള്ളൂ. അധികം താമസിയാതെ മരണമടഞ്ഞു. പിന്നീടുള്ള ദിവസങ്ങളിൽ എലിസബത്തിന്റെ ഡയറി കുറിപ്പുകൾ ലൂയിസ് പരിശോധിച്ചു. അതിൽ എലിസബത്ത് എഴുതിവച്ച സുന്ദരമായ പ്രാർത്ഥന കണ്ട് അദ്ദേഹം വിസ്മയിച്ചുപോയി. ആ പ്രാർത്ഥന ഇതായിരുന്നു.

'കർത്താവേ എന്റെ ഭർത്താവിനെ മാനസാന്തരപ്പെടുത്തുവാൻ ആവശ്യമായ അത്രയും സഹനം എനിക്ക് തരണമേ..."

ഈ പ്രാർത്ഥനയുടെ കുറിപ്പുകൾ ലൂയിസ് ബ്രൗണിന്റെ നിരീശരത്വം തകർത്തു. അദ്ദേഹം ഭാര്യയുടെ ആഗ്രഹംപോലെ ഡൊമിനിക്കൻ സഭാംഗമായി. പിന്നീട് വൈദികനും. എത്രയോ ഹൃദ്യമായ സംഭവമാണിത്. നമ്മുടെ പ്രാർത്ഥനകളിൽ ദൈവം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ അനുഷ്ഠിക്കുമ്പോൾ വലിയ അത്ഭുതങ്ങളായിരിക്കും ജീവിതത്തിൽ സംഭവിക്കുക. കുരിശിന്റെ വി. യോഹന്നാൻ ഇപ്രകാരമാണെഴുതുന്നത്;

*പ്രാർത്ഥനയിൽ നിന്ന് ഓടിയകലുന്നവർ ഈ ലോകത്തില എല്ലാ നന്മകളിൽ നിന്നാണ് ഓടിയകലുന്നത്.*

***നമ്മുടെ ഹിതമല്ല മറിച്ച് ദൈവഹിതം നിറവേറ്റുന്നതാണ് യഥാർത്ഥ പ്രാർത്ഥന***

അമേരിക്കൻ യുദ്ധകാലത്ത് എബ്രാഹം ലിങ്കൺ ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കുകയായിരുന്നു. പ്രാർത്ഥനാ മധ്യേ, പ്രയർ ലീഡർ പറഞ്ഞു: "ബഹുമാന്യനായ പ്രസിഡന്റ്, നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. നമ്മുടെ ഈ സമാഗമത്തിൽ ദൈവം നമ്മുടെ ഭാഗത്ത് ഉണ്ടായിരിക്കണമേ എന്ന് അപേക്ഷിക്കാം.

അബ്രാഹം ലിങ്കൺ അദ്ദേഹത്തെ തിരുത്തിക്കൊണ്ടു പറഞ്ഞു:

*അങ്ങനെയല്ല സുഹൃത്തേ നമ്മൾ ദൈവത്തിന്റെ ഭാഗത്തായിരിക്കാൻ പ്രാർത്ഥിക്കാം...'*

നമ്മുടെ ഈ നോമ്പുകാല പ്രാർത്ഥനാ വേളയിൽ ഇപ്രകാരമൊരു ചിന്ത നമ്മിൽ രൂഢമൂലമാകട്ടെ. നാം യേശുവിനെ അനുധാവനം ചെയ്യുമ്പോൾ നമ്മുടെ എല്ലാ ആഗ്രഹങ്ങളിലും ക്രിസ്തുവിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു. ദൈവം നമ്മുടെ പക്ഷത്താണെന്ന് നാം കരുതുന്നു. പക്ഷേ നമ്മൾ ദൈവത്തിന്റെ പക്ഷത്തായിരിക്കുകയാണ് പ്രധാനം. വചനം തന്നെ അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. "കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല... എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ, ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (Mt. 7/21) ദൈവഹിതം നിറവേറ്റുമ്പോഴാണ്, ജീവിതത്തിൽ ദൈവസാന്നിധ്യം നമുക്ക് മാധുര്യമേറുന്നത്.

ഒരു പാരമ്പര്യകഥ ഇപ്രകാരമാണ്. 4 വയസ്സുള്ള ഒരു കുഞ്ഞും, അതിന്റെ അമ്മയും ഉറങ്ങാൻ കിടക്കുകയാണ്. മറ്റാരും വീട്ടിൽ ഇല്ലാത്തതിനാൽ അമ്മയ്ക്ക് നല്ല ഭയം. കുഞ്ഞിനാണെങ്കിൽ ഇരുട്ടിനെ ഭയം. ലൈറ്റണയുമ്പോൾ പേടിച്ചു കുഞ്ഞ് ജനാലയിൽക്കൂടി പുറത്തേക്ക് നോക്കി. 'അതാ നിലാവെളിച്ചം അകത്തേക്ക് വരുന്നു. കുഞ്ഞ് ചോദിച്ചു:

അതാരുടെ പ്രകാശമാണമ്മേ..?" അത് ദൈവത്തിന്റെ പ്രകാശമാണ്. ഉറങ്ങാൻ കിടക്കുമ്പോൾ ദൈവം ലൈറ്റണയ്ക്കുമോ അമ്മേ.." ഇല്ല മോളേ ദൈവം ഉറങ്ങുകയില്ല. അതുകേട്ട കുഞ്ഞ് പറഞ്ഞു: 'എങ്കിൽ എനിക്ക് പേടിയില്ല. കണ്ണുകളടച്ച് കുഞ്ഞ് ശാന്തമായുറങ്ങി."

കുഞ്ഞിന്റെ മനോഭാവമാണ് നമ്മിലും വളർന്നു വരേണ്ടത്. ഒരിക്കലും ഉറങ്ങാത്ത ദൈവം എപ്പോഴും നമ്മോടൊപ്പമുണ്ട്. നമ്മുടെ ചിന്തയും വാക്കും, പ്രവൃത്തിയും ഒരു പ്രാർത്ഥനയായി രൂപാന്തരപ്പെടണമെന്ന് സാരം. കാരണം ദൈവം സർവ്വാത്മനാ സർവ്വവ്യാപിയാണ്.

***വിശുദ്ധരും പ്രാർത്ഥനയും***

മൊളോക്കോ ദ്വീപിന്റെ അപ്പസ്തലൻ എന്നറിയപ്പെടുന്ന വി. ഡാമിയന്റെ ജീവിതം അതീവ ഹൃദ്യമാണ്. കുഷ്ഠരോഗം ബാധിച്ച് ശരീരം അഴുകി തുടങ്ങി. അസഹ്യമായ വേദന... ഓർമ്മ മങ്ങിത്തുടങ്ങി. കണ്ണുകൾ ചീർത്തു വീർത്തു. വായിക്കണമെങ്കിൽ കൺപോളകൾ കൈകൊണ്ട് തുറന്നു പിടിക്കണം. ഈ ശോച്യമായ അവസ്ഥയിൽ

തന്റെ മെത്രാന് ഒരു കത്തെഴുതി "പിതാവേ, നിൻ യാമപ്രാർത്ഥന ചൊല്ലുന്നതിൽ നിന്ന് എന്നെ ഒഴിവാക്കരുതേ. എനിക്കിപ്പോഴും കുറച്ച് കണ്ണ് കാണാം. ഞാനത് പതിവായ് ചൊല്ലുന്നുണ്ട്." എത്രയോ ആത്മാർത്ഥമായ, വിസ്മയനീയമായ പ്രാർത്ഥനയ്ക്കായുള്ള തീക്ഷ്ണതയാണിത്.

വിശുദ്ധ റീത്ത, രാത്രി മുഴുവൻ പ്രാർത്ഥനയിലായിരിക്കും. സൂര്യനുദിക്കുമ്പോൾ, അവൾ പരാതി പറയും. "നീ എന്തേ ഇത്ര നേരത്തേ വന്നു. എന്റെ ആത്മാവ് അനുഭവിക്കുന്ന സ്വർഗ്ഗീയാനന്ദം തടസ്സപ്പെടുത്തുകയാണോ. ഞാൻ പ്രാർത്ഥിക്കട്ടെ..."

വി. അൽഫോൻസാമ്മ ഈശോയുമായി വ്യക്തിപരമായി സംസാരിച്ചിരുന്നു. അവൾ ഓരോ കാര്യങ്ങളും ഈശോയുടെ മുൻപിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് മറ്റുള്ളവർക്കായി നേടികൊടുത്തിരുന്നു. പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടിരുന്ന വൈദികരോടും സമർപ്പിതരോടും വിശ്വാസികളോടും അൽഫോൻസാമ്മ പറയുമായിരുന്നു: "ഞാൻ അപേക്ഷിച്ചാൽ കുരിശുകൾ മാത്രമേ ലഭിക്കൂ.... അതു സഹിക്കാൻ മനസ്സുണ്ടെങ്കിൽ മാത്രം എന്നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടാൽ മതി."

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി. അദ്ദേഹത്തിന്റെ ജീവിതം പ്രാർത്ഥനയാൽ ആവരണം ചെയ്യപ്പെട്ട ഒന്നായിരുന്നു. പാപത്തിൽ മുങ്ങിയ ആർസിന്റെ മാനസാന്തരമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പാതിരാ കഴിയുമ്പോൾ, നാടു മുഴുവൻ നിദ്രയിൽ മയങ്ങുമ്പോൾ വിയാനിയച്ചൻ പള്ളിയിൽ ചെന്ന് മുട്ടുകുത്തി പ്രാർത്ഥിക്കും. കരഞ്ഞ് നിലവിളിക്കും.. "എന്റെ ദൈവമേ ഈ ഗ്രാമത്തെ മാനസാന്തരപ്പെടുത്തണമേ. ജീവിതകാലം മുഴുവനും അങ്ങ് അയക്കുന്ന ഏതു സഹനവും ഞാൻ സ്വീകരിക്കാൻ തയ്യാറാണ്. ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി രാത്രിയുടെ യാമങ്ങളിൽ അദ്ദേഹം നിറകണ്ണുകളോടെ പ്രാർത്ഥിച്ചു.... ക്രമേണ ഇടവകയിൽ മാറ്റങ്ങൾ ആരംഭിച്ചു. നമ്മുടെ ഓരോ നിലവിളിയും, കണ്ണീരും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുകയില്ല.

പ്രാർത്ഥനയിലൂടെ അത്ഭുതങ്ങൾ ലോകത്തിന് നൽകിയ വിശുദ്ധയായിരുന്നു ലീമായിലെ വി. റോസ. ഒരിക്കൽ ലീമാ നഗരം ഡച്ചു സൈന്യം ആക്രമിച്ചു. പട്ടാളം നഗരം നശിപ്പിക്കുമെന്നുറപ്പായി. അന്നത്തെ മെത്രാനും മേയറും വി. റോസിന്റെ സഹായം തേടി. റോസ് പ്രാർത്ഥനയിൽ മുഴുകി. കരമുയർത്തി ജപമാല ചൊല്ലിയും, ദിവ്യകാരുണ്യ സന്നിധിയിൽ ഉപവാസത്തോടെ പ്രാർത്ഥിച്ചു. തുടർന്ന് റോസിന് ദൈവിക സന്ദേശം ലഭിച്ചു.

"ലീമാ നഗരം സംരക്ഷിക്കപ്പെടും. റോസിന്റെ പ്രാർത്ഥനയിൽ ലീമാ നഗരം സംരക്ഷിക്കപ്പെട്ടു എന്ന് ചരിത്രം.

വി. ജോൺ ക്രിസോസ്തോമിന്റെ വാക്കുകൾ നമുക്കോർക്കാം...

"നിങ്ങളുടെ കരങ്ങൾ ഉയർത്തുവിൻ. കൈകൾ നീട്ടുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ സ്വരവും, ഹൃദയവും സ്വീകരിക്കപ്പെടും.

***പ്രാർത്ഥന നമ്മുടെ ഭവനങ്ങളിൽ...***

നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനാ സമയത്തെക്കുറിച്ച് ആത്മശോധന നടത്താനുള്ള സമയാണ് ഈ വിശുദ്ധമായ നോമ്പുകാലം.

1. കൃത്യമായ സമയത്ത് കുടുംബസമേതമാണോ നമ്മുടെ പ്രാർത്ഥന?

2. പ്രാർത്ഥിക്കുമ്പോൾ വ്യക്തികൾ തമ്മിലുള്ള ഹൃദയത്തിന്റെ അകൽച്ച കുറച്ചിട്ടുണ്ടോ?. ഹൃദയം നിർമ്മലമാക്കാനും ഹൃദയ ഐക്യം വീണ്ടെടുക്കാനും സാധിക്കണം.

3. പ്രാർത്ഥനയിൽ എന്നെ വേദനിപ്പിച്ചവരോട് ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യാൻ എനിക്ക് സാധിക്കുന്നുണ്ടോ?. ഇല്ലെങ്കിൽ ഈ നോമ്പുകാലം നിന്റെ സഹോദരനോട് അനുരഞ്ജനപ്പെടാൻ നിന്റെ പ്രാർത്ഥന സഹായിക്കട്ടെ.

4. അഹങ്കാരത്തിന്റെയും താൻപോരിമയുടെയും കൊമ്പുകൾ അടർത്തിമാറ്റി, എളിമയോടെ നമ്മുടെ പ്രാർത്ഥനകൾ ഉയരട്ടെ. എളിമയ്ക്ക് പിന്നാലെ അനുഗ്രഹവും അഹങ്കാരത്തിന് പിന്നാലെ അപമാനവും ഉണ്ട് എന്ന് വിസ്മരിക്കരുത്.

ഒരു കഥ ഇപ്രകാരം., കൈക്കുമ്പിളിൽ പൂക്കളുമായി ഒരാൾ ബുദ്ധന്റെ അരികിലെത്തി. ബുദ്ധൻ കണ്ണുകൾ ഉയർത്തി നോക്കി പറഞ്ഞു.

'താഴെയിടുക

പൂക്കൾ താഴെയിടാനാണ് ബുദ്ധൻ ആവശ്യപ്പെടുന്നതെന്ന് അയാൾക്ക് വിശ്വസിക്കാനായില്ല. അൽപം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് തോന്നി ഒരു പക്ഷേ തന്റെ ഇടത്തേ കൈയിലെ പൂക്കൾ താഴെയിടാനായിരിക്കും ആവശ്യപ്പെട്ടതെന്ന്. കാരണം ഇടതുകൈകൊണ്ട് അർപ്പണം നടത്തുന്നത് അനാദരവാണല്ലോ. അതുകൊണ്ട് അയാൾ ഇടതുകൈയിലെ പൂക്കൾ താഴെയിട്ടു. ബുദ്ധൻ വീണ്ടും പറഞ്ഞു; താഴെയിടുക.

ഇപ്രാവശ്യം അയാൾ പൂക്കളെല്ലാം താഴെയിട്ട് ഒഴിഞ്ഞ കൈകളുമായി ബുദ്ധന്റെ മുമ്പിൽ നിന്നു.

ബുദ്ധൻ വീണ്ടും പറഞ്ഞു; താഴെയിടുക" വിസ്മയത്തോടെ അയാൾ ചോദിച്ചു: ഞാൻ എന്താണ് കൈവിടേണ്ടത്?"

ബുദ്ധൻ മറുപടി പറഞ്ഞു: "പൂക്കളല്ല മകനേ നിന്നെതന്നെയാണ് കൈവിടേണ്ടത്. അഹത്തെ ശൂന്യമാക്കി ദൈവസന്നിധിയിൽ നിൽക്കാൻ നിനക്കും, എനിക്കും സാധിക്കണം. അഹങ്കരിച്ചിരിക്കുന്നവരുടെ ജീവിതത്തിൽ മറ്റുള്ളവർക്ക് സ്ഥാനമുണ്ടാവില്ല. ദൈവത്തിന് പോലും. ഈശോ നമ്മെ പഠിപ്പിച്ച കർതൃപ്രാർത്ഥന മതി ഇതെല്ലാം മനസ്സിലാക്കാൻ.

# കനൽവഴിയിലൂടെ നന്മ വിരിയിച്ചൊരാൾ



ഷൈജു കേളന്തറ

ജീവിതയാഥാർത്ഥ്യങ്ങൾക്ക് മുന്നിൽ പകച്ചുപോയൊരു പയ്യൻ എട്ടാം ക്ലാസ്സിൽ വിദ്യാഭ്യാസം അവസാനിപ്പിച്ചു. എങ്കിലും അവന്റെ മനസ്സിൽ ഒരു കനലെരിയുന്നുണ്ടായിരുന്നു. നെഞ്ച് വിരിച്ച് ജീവിക്കാനുള്ള ഒരു കനൽ. ആ കനലൊരു അഗ്നിയായി പടർത്തി അവൻ ജീവിതയാത്ര തുടങ്ങി. വിശപ്പകറ്റാൻ ഉച്ചഭക്ഷണമായി മൂന്നുദിവസം വീടിനടുത്ത പറമ്പിൽനിന്ന് കിട്ടിയ കരിക്ക് മാത്രം കഴിച്ച് നനവുള്ള ഓർമ്മകളുമായി ആ പയ്യൻ തുടങ്ങിയ ജീവിത യാത്ര ഇന്ന് നൂറുകോടി ടേൺ ഓവറുള്ള ഒരു വലിയ ബിസിനസ്സ് സാമ്രാജ്യത്തിലെത്തി നിൽക്കുന്നു.

പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകാംഗം ഷിബു ചമ്മണിക്കോടത്തിന്റെ ജീവിതകഥ ഒരു പ്രചോദനമാണ് ഈ തലമുറയ്ക്കും ഇനി വരാനിരിക്കുന്ന തലമുറയ്ക്കും.ഫ്രാൻസിസ് ചമ്മണിക്കും ബേബി ഫ്രാൻസിസ് ചമ്മണിക്കും 3 മക്കൾ. അതിൽ രണ്ടാമൻ ഷിബു, മൂത്തത് സഹോദരി, ഇളയത് അനിയൻ. അപ്പന് മരപ്പണിയായിരുന്നു. വലിയ കുഴപ്പമില്ലാതെ പോയിരുന്ന പണി ചില വർക്കുകൾ മൂലം നഷ്ടത്തിലായി. അമ്മ ബേബി വീട്ടുജോലിക്ക് പോയിത്തുടങ്ങി. അമ്മ ജോലിക്ക് പോകുന്ന സ്ഥലങ്ങളിൽനിന്ന് കൊണ്ടുവന്ന ആഹാരം കഴിച്ച് വിശപ്പടക്കിയ ദിനങ്ങൾ ഏറെ...

ടി.ജെ. വിനോദ് എം.എൽ.എ. യുടെ അമ്മയായിരുന്ന സെലി നാന്റി വിളമ്പിത്തന്ന ഭക്ഷണം എത്രതവണ കഴിച്ചുവെന്ന് കണക്കില്ല എന്ന് ഷിബു പറഞ്ഞു. ഷിബുവിന്റെ അയൽവാസികളായിരുന്നു ടി.ജെ. വിനോദ് എം.എൽ.എ. യും കുടുംബവും. വിശക്കുമ്പോൾ സ്നേഹത്തോടെ ഭക്ഷണം വിളമ്പിത്തന്നിരുന്ന സെലി നാന്റിയെ ഒരിക്കലും മറക്കാനാകില്ല എന്ന് പറഞ്ഞപ്പോൾ ഷിബുവിന്റെ കണ്ണുകളിൽ ഒരു നനവ് പടർന്നു. നാരേത്ത് റോഡിലെ അന്നുണ്ടായിരുന്ന എല്ലാ വീടുകളിലും അരിപൊടിക്കാനും കടയിൽ പോകാനുമൊക്കെ ഷിബു എന്ന സ്കൂൾ വിദ്യാർത്ഥിയായിരുന്നു പ്രധാന സഹായി. ആ വീടുകളിൽ നിന്നൊക്കെ ഭക്ഷണം കഴിച്ചിട്ടുണ്ടെന്ന് ഷിബു പറഞ്ഞു.

ഇങ്ങനെ വിശക്കുന്നവന്റെ മുന്നിൽ ദൈവം അന്നമായാണ് പ്രത്യക്ഷപ്പെടുന്നതെന്ന സത്യം ചങ്കിൽ ചോര പൊടിച്ച് കൊത്തിവെച്ചതുകൊണ്ടാവാം വിശക്കുന്നവന് വയറുനിറച്ച് ഭക്ഷണം നൽകണം എന്നൊരു ചിന്ത ഷിബുവിന് നൽകിയത്.... ഇന്ന് കേരളത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിയ 'പ്രാഞ്ചിയേട്ടൻസ് അടുക്കള' എന്ന പുണ്യസ്ഥാപനം ഇങ്ങനെയാണ് പിറന്നത്.





അപ്പന്റെ പണികൾ നഷ്ടത്തിലായതോടെ സ്കൂളിൽ ഫീസ് കൊടുക്കാൻപോലും നിർവ്വാഹമില്ലാത്ത അവസ്ഥയായതിനാൽ പുറത്ത് നിൽക്കേണ്ടിവന്നു. അങ്ങനെ എട്ടാംക്ലാസ്സിൽ പഠനത്തിന് വിരാമം.

അത് വേറൊരു യാത്രയുടെ തുടക്കമായിരുന്നു. സ്കൂളില്ലാത്ത ശനി, ഞായർ ദിവസങ്ങളിൽ അച്ചന്റെ കൂടെ മരപ്പണിക്ക് സഹായിയായി പോയതിന്റെ ആത്മബലത്തിൽ ഫീൽഡിലേക്കിറങ്ങി. ചെറിയ പണികൾ ചെയ്തു തുടങ്ങി. ചോറ്റാനിക്കരയിൽ നടന്ന സ്കൂൾ കായികമേള കാണാൻ സ്കൂളിൽനിന്ന് വിടാത്തതിനാൽ, സെന്റ് അഗസ്റ്റിൻസ് സ്കൂളിന്റെ ജനൽ അപ്പന്റെ പണിയായുധങ്ങൾകൊണ്ട് പൊളിച്ച് പുറത്തിറങ്ങി. പിന്നെ അതേപടി തിരിച്ചുവച്ചതാണ് ജീവിതത്തിലെ ആദ്യ മരപ്പണിയെന്ന് ഷിബു പറഞ്ഞു.

പിന്നീട് ഷൈല മോഹൻ എന്നൊരു ഇന്റീരിയർ ഡിസൈനറുടെ മരപ്പണികൾ കിട്ടി. അവർ റഫർ ചെയ്യാൻ തന്ന ഡിസൈൻ

ബുക്കുകളാണ് തന്റെ അടിസ്ഥാനം. മണ്ണെണ്ണ വിളക്കിന്റെ കീഴിൽ ഇരുന്ന് അതിലെ അളവുകൾ നോക്കി വരച്ചു പഠിച്ചു. ഇത് നൽകിയ ആത്മവിശ്വാസം പുതിയ വർക്കുകൾ പിറക്കാൻ കരുത്തു നൽകി. 1991-ൽ 18 വയസ്സ് പ്രായമുള്ളപ്പോൾ തൃശ്ശൂരിൽ ജോസ് ആലുക്കാസിന്റെ വീടിന്റെ മരപ്പണി തരമായി. അത് നന്നായി ചെയ്തതോടെ തൃശ്ശൂരും പരിസരത്തും പണി കിട്ടിത്തുടങ്ങി. അന്ന് തന്റെകൂടെ പണിക്കുണ്ടായിരുന്ന ഞവരിയാത്ത് ആന്റണി ഇന്നും കൂടെയുണ്ട്.

തൃശ്ശൂരിൽ തന്നെ ചെറിയ ജ്വല്ലറികൾ ഇന്റീരിയർ ചെയ്തു. പാം ഫൈബോഴ്സിന്റെ ഉടമയുടെ വീട്, എറണാകുളത്തെ നോവൽറ്റി ടെക്സ്റ്റൈൽസ് എന്നിവയുടെ പണി തീർക്കവേ 2001-ൽ കോഴിക്കോട് ഫ്രാൻസിസ് ആലുക്കാസിന്റെ 6000 സ്ക്വയർഫീറ്റ് ജ്വല്ലറിയുടെ ഇന്റീരിയർ വർക്കുകൾ ഷിബുവിന്റെ നേതൃത്വത്തിൽ രണ്ടുമാസംകൊണ്ട് തീർത്തു. മറ്റു പണിക്കാർ ഒരു വർഷം സമയം പറഞ്ഞ വർക്കാണിത്.

അന്ന് ഈ ജ്വല്ലറിയുടെ ഉദ്ഘാടനത്തിന് ജോയി ആലുക്കാസിനെ പരിചയപ്പെട്ടു. അത് തന്റെ ജീവിതത്തിലെ പുതിയൊരു അദ്ധ്യായമാണ് എന്ന് ഷിബു പറഞ്ഞു. 2001-ൽ തന്നെ ജോയി ആലുക്കാസിന്റെ കോർപ്പറേറ്റ് ഓഫീസിന്റെ പണി ലഭിച്ചു. അവിടന്നങ്ങോട്ട് ഇന്ത്യയിലും ലോകമെമ്പാടുമായി ജോയി ആലുക്കാസിന്റെ 120 ഷോറൂമുകൾ ഇന്റീരിയർ ചെയ്തു. അദ്ദേഹവുമായുള്ള അടുപ്പവും ആത്മബന്ധവും തന്ന ഉപദേശങ്ങളും ജീവിതത്തിന് എന്നും ഒരു വെളിച്ചമയിരുന്നു.

പറഞ്ഞ സമയത്ത് അതിവേഗത്തിൽ പണി തീർക്കുന്നതാണ് തനിക്ക് കൂടുതൽ വർക്കുകൾ കിട്ടാൻ കാരണമെന്ന് ഷിബു പറഞ്ഞു. ഈ പണിയൊക്കെ ചെയ്യുമ്പോഴും രണ്ടുമുറി വീട്ടിലായിരുന്നു താമസം. കിട്ടിയ ലാഭത്തിന് പണി വേഗത്തിലാക്കുന്ന മെഷീനുകൾ വാങ്ങി. ഇതാണ് തന്റെ ബിസിനസ്സിന്റെ മറ്റൊരു വിജയം.

താമസിയാതെ 2006-ൽ നൂറു പണിക്കാരുമായി ബ്രില്ല്യന്റ് വുഡ് ഇൻഡസ്ട്രി എന്ന സ്ഥാപനം തുടങ്ങി. പിന്നീട് ബ്രൈറ്റ് ടെക് എന്നാക്കി പേരുമാറ്റി കമ്പനിയാക്കി. ബ്രൈറ്റ് ടെക്കിന്റെ പേരിൽ റൈറ്റ് എന്നതും ഒരു തുറന്ന വാതിലും ലോഗോയിലുണ്ട്. ശരിയായ രീതിയിൽ മുന്നോട്ട് പോയാൽ മുന്നോട്ടുള്ള വാതിൽ താനെ തുറക്കും എന്നതാണ് അതിന്റെ അർത്ഥം.

കർണ്ണാടകയിൽ ഈ വർഷം ഓഫീസ് തുറന്നു. ദുബായിലും, യു.എസ്.ലുമൊക്കെ ഓഫീസുകൾ താമസിയാതെ തുടങ്ങുമെന്ന് ഷിബു പറഞ്ഞു. അവിടങ്ങളിലെ വർക്കുകൾ ഇവിടെ തന്നെ നടത്തി പായ്ക്ക് ചെയ്ത് കണ്ടെയ്നറിൽ അയക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി എടയ്ക്കാട്ടുവയലിൽ അഞ്ച് ഏക്കർ സ്ഥലം വാങ്ങി രണ്ടലലക്ഷം സ്ക്വയർഫീറ്റിന്റെ ഫാക്ടറി പണി നടക്കുന്നു.

ഇപ്പോൾ 400 തൊഴിലാളികൾ കൂടെയുണ്ട്. അത് ആയിരമാക്കാനും ടേൺ ഓവർ 1500 കോടിയാക്കാനുമാണ് ഷിബു ലക്ഷ്യമിടുന്നത്. ഓരോ സൈറ്റിലും മാതാവിന്റെ രൂപംവച്ച് പ്രാർത്ഥിച്ചതിനുശേഷം മാത്രമാണ് പണി തുടങ്ങുന്നത്. എന്നും മുടങ്ങാതെ രാവിലത്തെ കുർബ്ബാനയ്ക്ക് പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ പോകുന്നതും ജീവിതയാത്രയിൽ പ്രകാശമാണെന്ന് ഷിബു.ജീവിതം ഹരിതാഭമായപ്പോൾ ഷിബു പഴയ വഴിയേ നടന്നു തുടങ്ങി. വിശപ്പകറ്റാൻ പാടുപെട്ട നൊമ്പരങ്ങൾ പേറുന്ന കുട്ടിക്കാലം. അതാണ് നിത്യവും 250 പേർക്ക് രാവിലെയും വൈകിട്ടും വയറു നിറയ്ക്കുന്ന *പ്രാഞ്ചിയേട്ടൻസ് അടുക്കള* എന്ന സംരംഭത്തിൽ കൊണ്ടെത്തിച്ചത്. ഇതിനായി രജിസ്റ്റർ ചെയ്ത ചമ്മണിക്കോടത്ത് ഫ്രാൻസിസ് ആൻഡ് ഫാമിലി ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ ബൈപ്പാസിലുള്ള 7 കോടി വിലമതിക്കുന്ന സ്ഥലം വിട്ടു നൽകി. അവിടെയാണ് *പ്രാഞ്ചിയേട്ടൻസ് അടുക്കള* പ്രവർത്തിക്കുന്നത്. 75 ഓളം പേർ നിത്യവും രണ്ട് നേരം അവിടെ വന്ന് സംതൃപ്തരാകുന്നു. 70 ഓളം കിടപ്പുരോഗികൾക്ക് നിത്യവും ഉച്ചഭക്ഷണം വീടുകളിൽ കൊണ്ടെത്തിച്ചു നൽകുന്നു. ഇതിനായി 2 ഓട്ടോകളും സജ്ജമാക്കിയിട്ടുണ്ട്.ഇതു കൂടാതെ 25 വിവാഹങ്ങൾക്ക് 5 പവൻ വച്ച് നൽകുകയും, 25 ഓളം വീടുകൾ പണിതു നൽകുകയും ചെയ്തിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ ഷിബുവിന്റെ മുഖത്ത് സന്തോഷത്തിന്റെ പുഞ്ചിരി വിടർന്നു. സ്കൂൾ ഫീസ് കൊടുക്കാൻ സാധിക്കാത്തതിനാൽ പഠനം നിർത്തിയ പയ്യന്റെ കനൽവഴി താണ്ടി വിജയങ്ങൾ കീഴടക്കിയ പുഞ്ചിരി.

ജീവകാരുണ്യമേഖലയിൽ ഇനിയും സ്വപ്നങ്ങളുണ്ട്. എഡ്യുക്കേഷൻ കെയർ ഫൗണ്ടേഷൻ, സോഷ്യൽ കെയർ ഫൗണ്ടേഷൻ, ഹോം കെയർ ഫൗണ്ടേഷൻ.... അങ്ങനെ പലതും ഈ ചെറുപ്പക്കാരന്റെ മനസ്സിലുണ്ട്.

ഭാര്യ ഷാലിയുടെയും മക്കൾ ആഷ്ലിന്റെയും അലന്റെയും പിന്തുണ ജീവിതത്തിന് തണലാണെന്ന് ഷിബു പറയുന്നു. ആവശ്യത്തിൽ കൂടുതൽ പണത്തോട് ആർത്തിയില്ല. പറ്റുന്ന നന്മകളിലൂടെ മറ്റുള്ളവരെ സഹായിക്കണമെന്നും ഷിബു പറയുന്നു. പിന്നെ ആകെ ഒരു ഭ്രമമുള്ളത് നീല ഷെയ്ഡിലുള്ള ഷർട്ടുകളോടാണ്. കാരണം സ്കൂളിൽ പഠിക്കുമ്പോൾ യൂണിഫോമായ നീല ഷർട്ട് ഒരിക്കലും പുതിയത് ഇടാൻ കഴിഞ്ഞിട്ടില്ല. ആരെങ്കിലും ഇട്ട പഴയ വസ്ത്രങ്ങൾ സംഘടിപ്പിച്ചായിരുന്നു സ്കൂൾ യൂണിഫോം ഇടുന്നത്. ആ കൊതി മാറ്റാൻ ഇപ്പോഴും നീല ഷെയ്ഡുള്ള ഷർട്ടുകളോടാണ് അടങ്ങാത്ത പ്രിയമെന്ന് ഷിബു പറഞ്ഞു.

നിങ്ങൾക്ക് വിശക്കുന്നുണ്ടെങ്കിൽ ധൈര്യമായി ചെന്നോളൂ. പാലാരിവട്ടം ബൈപാസിൽ ഹോളിഡേ ഇൻ ഹോട്ടലിനു സമീപമുള്ള പ്രാഞ്ചിയേട്ടൻസ് അടുക്കളയിലേക്ക്. അവിടെ നിങ്ങളെ പുഞ്ചിരിയോടെ സ്വീകരിക്കാൻ ഷിബു ഫ്രാൻസിസ് ചമ്മണിക്കോടത്ത് കാത്തു നിൽക്കുന്നുണ്ടാവും. പ്രതിസന്ധികളിൽ തളരാതെ മുന്നേറിയ ഒരു ജീവിതവിജയത്തിന്റെ അടയാളമായി....



# നഴ്സിംഗ് പെരുമ



**ഫാ. ഷൈജു തോപ്പിൽ**

ഇറ്റലിയിൽ മിലാനിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി മദർ ഹൗസിൽ കൊച്ചി മഹാരാജാവിന്റെ ഒരു എഴുത്ത് ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ട്. 1922 ഫെബ്രുവരി 4-ന് കൊച്ചി മഹാരാജാവായ രാമവർമ്മ വലിയ തമ്പുരാൻ എഴുതി കയ്യൊപ്പ് ചാർത്തിയതാണ് കൃതജ്ഞത പ്രകടിപ്പിച്ചു കൊണ്ടുള്ള ഈ കത്ത്.

കൊച്ചി രാജ്യത്താകമാനം വസൂരി പടർന്ന കാലം, 1845-ൽ ദിവാൻ ശങ്കര വാരിയർ മുൻകൈ യെടുത്ത് പണിത മഹാരാജാവിന്റെ ധർമ്മാശുപത്രി രോഗികളാൽ നിറഞ്ഞു. ആശുപത്രിയും പരിസര വും രോഗാതുരമായ അവസ്ഥയിൽ ഈ വലിയ പ്രതിസന്ധി തരണം ചെയ്യാൻ അന്നത്തെ വരാപ്പുഴ ആർച്ച് ബിഷപ്പ് ആയിരുന്ന ഡോക്ടർ എയ്ഞ്ചൽ മേരി മെത്രാപ്പോലീത്തയോട് കൊച്ചി രാജാവ് ഒരാവശ്യം ഉന്നയിച്ചു. രോഗികളെ ശുശ്രൂഷിക്കാൻ പരിശീലനം ലഭിച്ച സന്ന്യസ്തരെ ആവശ്യമുണ്ട്! ആർച്ച് ബിഷപ്പ് ഇക്കാര്യം ആദ്യം റോമിലെ പത്രോസിന്റെ ബസിലിക്കയുടെ തൊട്ടടുത്ത് തന്നെയുള്ള സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സമൂഹത്തെ അറിയിച്ചു.

അന്ന് റോമിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന ഫാദർ ജോസഫ് അട്ടിപ്പേറ്റിയായിരുന്നു പിന്നീടുള്ള കാര്യങ്ങൾ

നടത്തിയെടുത്തത്. അദ്ദേഹത്തിന്റെയും കൂടി സഹായത്തോടെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ്സ്. കപ്പിത്താനിയോ ആൻഡ് ജെറോസ (എസ്.സി.സി.ജി.) എന്ന സന്ന്യാസിനി സമൂഹ ത്തിൽനിന്ന് സിസ്റ്റർമാരായ ഗബ്രിയേല, ടാർസീസിയ, പിയറീന, എർമീനാ എന്നിവർ 1922-ൽ കൊച്ചിയിൽ എത്തി. ബഹുമാനപ്പെട്ട ഈ സന്യാസി നിമാർ മഹാരാജാവിന്റെ ഉത്തര വോടുകൂടി പിറ്റേന്ന് അതിരാവിലെ തന്നെ രോഗികളുടെ പരിരക്ഷ ഏറ്റെടുത്തു. ഓഗസ്റ്റ് മാസത്തിൽ രണ്ട് സിസ്റ്റർമാർ കൂടി, സി. റോമുആല, സി. ഫ്രാൻസിസ്കാ എന്നിവർ, ആശുപത്രിയിൽ സേവനത്തിനായി എത്തി. 1922-ാമാണ്ട് തീരാറായപ്പോഴേക്കും മഹാരാജാവിന്റെയും ഡോക്ടർ മാരുടെയും എന്ന് മാത്രമല്ല ശുശ്രൂഷകരുടെയും രോഗിക ളുടെയും ബഹുമാന ആദരങ്ങളും അംഗീകാര വും അവരുടെ ശുശ്രൂഷ തേടിയെത്തി.

അന്നത്തെ കാലത്ത് ആർക്കും സ്വപ്നം കാണാൻ പോലും സാധിക്കാത്ത വിധത്തിലുള്ള ഉദാത്ത സ്നേഹത്തിന്റെ രോഗി പരിചരണവും ഏറ്റവും സഹാനുഭൂതിയോടെയുള്ള ശുശ്രൂഷയും ആണ് അവർക്ക് കാഴ്ചവച്ചത്. ഏറ്റവും പ്രസരിപ്പോടെയും ഉന്മേഷത്തോടെയും മാത്രമല്ല, സ്നേഹ ത്തോടെയുള്ള ആത്മീയ ചൈതന്യം നിറഞ്ഞ പരിചരണത്തിലൂടെ രോഗികൾക്ക് ദ്രുതഗതിയിൽ സൗഖ്യമേകാൻ അവർക്ക് സാധിച്ചു. തങ്ങളുടെ ഈ ശുശ്രൂഷ ഒത്തിരി പേർക്ക് ആശ്ചര്യമുളവാക്കുന്നു എന്നത് അവർക്ക് ഒരു പുതിയ അനുഭവമായിരുന്നു. എന്നാൽ അത് പരിശീലിക്കുവാൻ ആർക്കും ധൈര്യവും ഇല്ല എന്ന കാര്യവും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് മനസ്സിലായി.

രോഗികളുടെ ആധിക്യത്തിൽ ധർമ്മാശുപത്രിയുടെ പ്രവർത്തനങ്ങൾ ഗുണമേന്മയോട് കൂടി കൊണ്ടുപോകുവാൻ പരിശീലനം സിദ്ധിച്ച വ്യക്തികൾ ആവശ്യമാണ് എന്നത് അധികാരികളെയും ബോധ്യപ്പെടുത്താൻ അവർക്ക് കഴിഞ്ഞു. അങ്ങനെ 1924-ാമാണ്ടിൽ ശാസ്ത്രീയമായ നഴ്സിംഗ് പരിശീലനം ഇവിടെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. തദ്വാര ജനറൽ നഴ്സിംഗ് ഫോർ ഇംഗ്ലണ്ട് ആൻഡ് വെയിൽസ് സിലബസ് പ്രകാരം ആശുപത്രിയിൽ അന്ന് സേവനം ചെയ്തിരുന്ന ആയമാർക്കും ചുരുക്കം ചില സന്ന്യസ്തർക്കുമായി ചിട്ടയായ പരിശീലനം ആരംഭിച്ചു. എറണാകുളത്ത് നഴ്സിംഗ് സ്കൂൾ ആയി വളർന്നുവന്നത് ഈ പരിശീലന പരിപാടി യായിരുന്നു.

1942-ൽ ഈ നഴ്സിംഗ് പഠന കേന്ദ്രത്തിന് മദ്രാസ് നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. മികവുറ്റ നഴ്സിംഗ് ശുശ്രൂഷ പഠനത്തേക്കാൾ പരിശീലനത്തി ലൂടെയാണ് നേടി യെടുക്കാൻ സാധിക്കുക എന്ന ബോധ്യത്തോടു കൂടിയായിരുന്നു അന്നത്തെ നഴ്സിംഗ് പഠനം. 1948-ൽ ഔദ്യോഗികമായി മിഡ് വൈഫെറി കോഴ്സ് ആരംഭിച്ചു. കൊച്ചി പ്രദേശത്ത് മുഴുവൻ ആശ്വാസമായിരുന്നു ഈ കോഴ്സും പരിശീലനം ശ്രദ്ധിച്ച മിഡ് വൈഫ്മാരും. മാതൃ, ശിശു മരണനിരക്ക് ഗണ്യമായി കുറക്കാൻ ഇത് സഹായിച്ചു, എന്ന് മാത്രമല്ല കൂടുതൽ പേർ നഴ്സിംഗ് പഠനത്തിലേക്ക് ആകൃഷ്ടരാകാനും ഇതിലൂടെ സാധിച്ചു. 1951-ൽ തിരുകൊച്ചി സംസ്ഥാനത്തിന് കീഴിലായിരുന്ന എറണാകുളം നഴ്സിംഗ് സ്കൂളിന് ഇന്ത്യൻ നേഴ്സിങ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചു. ഏഴിൽ നിന്ന് 27 ആകാൻ ഒറ്റ വർഷം കൊണ്ട് സാധിച്ചത് ചിട്ടയായ പരിശീലനത്തിന്റെ ഈ പിൻബലത്തിലാണ്. 1965-ലാണ് ഈ പരിശീലന കേന്ദ്രം സ്വതന്ത്രമായ നഴ്സിംഗ് സ്കൂൾ ആയി പുന:രൂപീകരിക്കപ്പെട്ടത്.

1962 ഓടുകൂടി ബഹുമാനപ്പെട്ട സന്ന്യാസിമാരുടെ ശുശ്രൂഷ കുറച്ചുകൊണ്ടു വരുവാനും, പൂർണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ആക്കുവാനും ശ്രമം തുടങ്ങിയിരുന്നു. 1964-ൽ ബഹുമാനപ്പെട്ട ചാരിറ്റി സിസ്റ്റേഴ്സ് ഏതാണ്ട് പൂർണ്ണമായും മഹാരാജാവിന്റെ ധർമ്മാശുപത്രിയായിരുന്ന ഇന്നത്തെ ജനറൽ ഹോസ്പിറ്റലിൽ നിന്ന് വിടപറഞ്ഞു.

തങ്ങളുടെ കാര്യക്ഷമതയിലും ആർദ്രവും സ്നേഹം നിറഞ്ഞതുമായ രോഗിപരിചരണത്തിലും പൂർണമായി വിശ്വസിച്ചിരുന്ന ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിയുടെ പ്രത്യേക നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ലൂർദ് ക്ലിനിക്കിലേക്ക് കടന്നു ചെന്നു. 1962-ൽ അടിസ്ഥാനമിട്ട ലൂർദ്, 1964 ഒക്ടോബർ 11-ന് ഒരു ക്ലിനിക് ആയി പ്രവർത്തനമാരംഭിച്ചു. 1965 ഓഗസ്റ്റ് ഒന്നാം തീയതി ആശുപത്രി 60 കിടക്കുകളോടെ ഉദ്ഘാടനം ചെയ്യപ്പെട്ടു. സിസ്റ്റർ മരിയ ബറാബാന്തിയും മറ്റ് നാല് ബഹുമാനപ്പെട്ട സഹോദരിമാരും ലൂർദ് ആശുപത്രിയുടെ തുടക്കക്കാരായി. നഴ്സിംഗ് പരിശീലന ത്തിനായി 1969-ൽ നഴ്സിംഗ് സ്കൂൾ ആശുപത്രിയോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചു.

ഇറ്റലിക്കാരിയായ സിസ്റ്റർ ലൂസില്ല ക്ലെരിച്ചി ആയിരുന്നു സ്ഥാപക പ്രിൻസിപ്പാൾ. കാര്യക്ഷമതയും മൂല്യബോധവും ചിട്ടയായ പരിശീലനവും കൈമുതലാക്കി സിസ്റ്റർ ലൂസില്ലയും മറ്റു സന്ന്യാ സിനിമാരും ചേർന്ന് തങ്ങളോട് ചേർന്ന് നിൽക്കാൻ വന്ന വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകി. നഴ്സിങ്ങിന്റെ ശാസ്ത്രീയ വശങ്ങൾ മാത്രമല്ല ധാർമികവും ആധ്യാത്മികവുമായ തലങ്ങളും മാനുഷിക മൂല്യങ്ങളും സമന്വയിപ്പിച്ച നഴ്സിംഗ് പരിശീലനം പൂർത്തിയാക്കുന്നവർ നാടിനും നാട്ടാർക്കും മാത്രമല്ല ലോകത്തിന് തന്നെ വലിയൊരു പ്രചോദനമായി മാറുകയായിരുന്നു.

12 വിദ്യാർത്ഥിനികളോടെ ആരംഭിച്ച നഴ്സിംഗ് സ്കൂൾ പടിപടിയായി വളർന്ന് 50 സീറ്റിൽ പ്രവർ ത്തിക്കുന്നു. 2002–ൽ ബി.എസ്സി നേഴ്സിങ്ങോടുകൂടി ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് ആരംഭി ക്കുകയുണ്ടായി. നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് ജി.എൻ.എം, ബി.എസ്സി, പോസ്റ്റ് ബേസിക് ബി.എസ്സി, എം.സ്സി കോഴ്സുക ളോടുകൂടി ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനമായി ലൂർദ് നിലനിൽക്കുന്നതിനു കാരണം ചാരിറ്റി സിസ്റ്റേഴ്സിന്റെ സാന്നിധ്യവും സമർപ്പണവും തന്നെയാണ്. ചാരിറ്റി സിസ്റ്റേഴ്സിന്റെ സേവനം ലൂർദ് ആശുപത്രിയിലും നഴ്സിംഗ് കോളേജിലും മാത്രമല്ല ക്രിസ്തുജയന്തി ആശുപത്രി, എറണാകുളത്ത് ഹൗസ് ഓഫ് പ്രൊവിഡൻസ് തുടങ്ങിയ ധർമ്മ സ്ഥാപനങ്ങളിലും മറ്റനേകം സാമൂഹ്യ ശുശ്രൂഷ കേന്ദ്രങ്ങളിലും ലഭ്യമാണ്.

*കേരളത്തിലെ നഴ്സിംഗ് ശുശ്രൂഷയ്ക്കും പഠനത്തിനും ഊടും പാവും പകർന്നവർ ആയിരുന്നു കൊല്ലത്ത് ബിഷപ്പ് ബെൻസിഗർ വഴി എത്തിച്ചേർന്ന ഹോളിക്രോസ് സന്ന്യാസിനിമാരും കൊച്ചിയിൽ ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി വഴി എത്തിച്ചേർന്ന മരിയ ബംബീന സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന ഈ ചാരിറ്റി സിസ്റ്റേഴ്സും. കേരള ത്തിൽ ഈ സന്ന്യാസിനീ സമൂഹങ്ങൾ പകർന്നു കൊടുത്ത സേവനത്തിന്റെ, ആദ്ധ്യാത്മികതയിൽ ഊന്നിയ ശുശ്രൂഷയുടെ, സ്നേഹ പ്രേരിതമായ തളരാത്ത രോഗി പരിചരണത്തിന്റെ ബാക്കിപത്രമാണ് ഈ കാലഘട്ടത്തിൽ നാം ലോകമെമ്പാടും കാണുന്ന മലയാളി നേഴ്സ്മാർക്ക് ലഭിക്കുന്ന വലിയ ആദരം.*

ചരിത്ര വിളക്ക് -15

# *ദിവ്യനക്ഷത്രം പൊലിഞ്ഞിട്ട് 40 വർഷം*




***ജോസഫ് മാനിഷാദ് മട്ടയ്ക്കൽ കൊങ്ങോർപ്പിള്ളി***

*തെളിഞ്ഞ ആകാശത്തിലെ നക്ഷത്രങ്ങളെ രാത്രിനേര ങ്ങളിൽ നോക്കിനിൽക്കാ ത്തവരായി ആരുണ്ട്? മിന്നി ക്കൊണ്ടിരിക്കുന്ന അവയെ കണ്ണിമയ്ക്കാതെ വീക്ഷിക്കു മ്പോൾ ഉണ്ടാകുന്ന ആന ന്ദവും ഊർജ്ജവും പറഞ്ഞ റിയിക്കുക എളുപ്പമല്ല. അതുപോലെ മൺമറ ഞ്ഞാലും മിന്നിത്തിളങ്ങുന്ന പല വ്യക്തിത്വങ്ങളുമുണ്ട് ലോകത്തിൽ. അതുപോ ലൊരു വ്യക്തിത്വം വെറു മൊരു സാധാരണക്കാര നായി നമ്മുടെ ഇടയിലു ണ്ടായിരുന്നു. വരാപ്പുഴ അതിരൂപതയുടെ ചരിത്ര ത്തിലെ പിന്തുടർച്ചാവകാശ മില്ലാത്ത ആദ്യത്തെ സഹാ യമെത്രാൻ അഭിവന്ദ്യ ആന്റ ണി തണ്ണിക്കോട്ട് പിതാവ്. അദ്ദേഹം നിത്യസമ്മാന ത്തിന് യാത്രയായിട്ട് ഈ ഫെബ്രുവരി 24–ന് 40 വർഷം തികയുന്നു. വെറും 47 വയസ്സ് തികയുംമുന്നേ ചെയ്യാവുന്നത്രയും നന്മകൾ ഈ ലോകത്തിൽ വാരിവി തറി മിന്നിമാഞ്ഞ ആ നക്ഷ ത്രത്തിന്റെ മിന്നുന്ന ഓർമ്മ കളാണ് ഈ മാസത്തെ ചരിത്രവിളക്കിൽ തെളിയുന്നത്.*

നമ്മുടെ അതിരൂപതയിലെ ആദ്യ തീർത്ഥാടനകേന്ദ്രമെന്ന പദവി* യുള്ള ചരിത്രപ്രസിദ്ധമായ കൂന മ്മാവ് ദൈവാലയം സ്ഥാപിക്കപ്പെട്ട തിന്റെ 100–ാം വർഷത്തിൽ ഇടവക യുടെ തെക്കേ അതിർത്തിയിലുള്ള പുത്തൻപള്ളി ഗ്രാമത്തിൽ 1937 മാർച്ച് 8 ന് തണ്ണിക്കോട്ട് കുടുംബ ത്തിലെ ജോസഫ്–കുഞ്ഞോ ദമ്പതി കളുടെ ഇളയമകനായി ആന്റണി ജനിച്ചു. വീട്ടിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും പഠന ത്തിൽ മിടുക്കനായിരുന്ന അദ്ദേഹം ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കൂട്ടുകാരോടെല്ലാം സൗമ്യമായും സ്നേഹത്തോടെയും പെരുമാറിയ അദ്ദേഹം അറിവില്ലാ ത്തവർക്ക് പഠിപ്പിച്ചവ പറഞ്ഞുകൊ ടുക്കാൻ ഉത്സുകനായിരുന്നു.

വിശുദ്ധ ഫിലോമിനയുടെ നാമ ത്തിൽ ഏഷ്യയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട ഇടവകപ്പള്ളിയിലെ തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുക്കുമായിരുന്ന അദ്ദേഹം



പൗരോഹിത്യത്തിലേക്കാണ് തന്നെ ദൈവം വിളിക്കുന്നതെന്ന് തിരിച്ചറിഞ്ഞ് 1954-ൽ സെമിനാരിയിലേക്ക് യാത്രയായി. അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവ് സെമിനാരി വിദ്യാർത്ഥികളെ സസൂക്ഷ്മം വീക്ഷിച്ചിരുന്നു. പെറ്റി സെമിനാരിയിലെ പഠനത്തിനുശേഷം ആലുവ മംഗലപ്പുഴ സെമിനാരിയിൽ പഠനമാരംഭിച്ചു. അവിടെവച്ച് ബ്രദർ ആന്റണിയിലെ സവിശേഷത തിരിച്ചറിഞ്ഞ പിതാവ്, അദ്ദേഹത്തെ പൂനെ പേപ്പൽ സെമിനാരിയിലേക്കയച്ച് പഠിപ്പിച്ചു.

അവിടെ തത്ത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം എടുത്തു കഴിഞ്ഞപ്പോൾ ബ്രദർ ആന്റണിയെ 1960-ൽ ഉപരി പഠനത്തിനായി ഓസ്ട്രിയായിലെ ഇൻസ്ബ്രുക്ക് യൂണിവേഴ്സിറ്റിയിൽ ചേർത്ത് പഠിപ്പിച്ചു. ലോകം കണ്ട ഏറ്റവും വലിയ ദാർശനിക പ്രതിഭയായ ഡോ. കാൾ റാനറുടെ ശിഷ്യനായി അവിടെ പഠിച്ചു. ദൈവശാസ്ത്ര പഠനം പൂർത്തിയായ ശേഷം ജർമ്മനിയിലെ ആഹൻ/ആഗനിൽ വച്ച് 1964 മാർച്ച് 14-ന് കർത്താവിന്റെ പുരോഹിതനായി അഭിഷിക്തനായി. ഈ സ്ഥലം ഫാ. ആന്റണി തണ്ണിക്കോട്ട് തന്റെ രണ്ടാം ഗൃഹമായി വിശേഷിപ്പിക്കുന്നു.

പുരോഹിതനായ ഉടനെ റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ തന്നെ പഠനമാരംഭിക്കുകയും ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം സമ്പാദിക്കുകയും ചെയ്തു. 1966-ൽ നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹത്തെ തന്റെ സെക്രട്ടറിയായി ജോസഫ് അട്ടിപ്പേറ്റി പിതാവ് നിയമിച്ചു. 1970-ൽ പിതാവിന്റെ മരണശേഷം 1971 ജനുവരിയിൽ ചുമതലയേറ്റ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെയും സെക്രട്ടറിയായി ഏതാനും മാസം സേവനം ചെയ്തു. ആ വർഷംതന്നെ അദ്ദേഹത്തെ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ ദൈവശാസ്ത്ര വിഭാഗം പ്രൊഫസറായി നിയമിച്ചു.

*ഇക്കാലത്ത് അതിരൂപത നിർമ്മിക്കാനുദ്ദേശിച്ച അനേകം ദൈവാലയങ്ങൾക്കും കോൺവെന്റുകൾക്കും വരാപ്പുഴ അതിരൂപതയുടെ പാസ്റ്ററൽ സെന്ററിനും ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിലും പിതാവ് ശ്രദ്ധാലുവായിരുന്നു. അതിരൂപതാ മക്കളുടെ വിദ്യാഭ്യാസ വളർച്ചയ്ക്കായി രൂപതയിലെ അക്കാലത്തെ കോളേജുകളിൽ വിവിധ വിഷയങ്ങൾക്ക് ബിരുദാനന്തര ബിരുദം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് അദ്ദേഹം തുടക്കമിട്ടു.*

വൈദികാർത്ഥികളുടെ പ്രിയങ്കരനായ പ്രൊഫസറായി മാറിയ അദ്ദേഹത്തിന്റെ അസാധാരണമായ വൈഭവം കണ്ടെത്തിയ അധികാരികൾ, പിറ്റേവർഷം (1972) സെമിനാരി വൈസ് റെക്ടർ ചുമതലകൂടി ഏല്പിച്ചു. തുടർന്ന് രജിസ്ട്രാറായും റെക്ടറായും നിയമിതനായി. അതോടൊപ്പം ദൈവശാസ്ത്ര വിദ്യാപീഠം പ്രസിഡന്റുമായി. 1976-ൽ സെമിനാരിയുടെ അവസാന വിദേശി റെക്ടർ ഡോ. ഡൊമിനിക് ഫെർണാണ്ടസ് ഒ.സി.ഡി. വിരമിച്ചപ്പോൾ (അദ്ദേഹം 2021 മെയ് 15-ന് സ്വദേശമായ സ്പെയിനിൽവച്ച് അന്തരിച്ചു) സീറോ മലബാർ സഭാംഗമായ മോൺ. വർഗീസ് കവലക്കാട്ട് നിയമിതനായി. അദ്ദേഹത്തെ തുടർന്ന് ആദ്യ തദ്ദേശീയ ലത്തീൻ മേജർ റെക്ടറായി ഡോ. ആന്റണി തണ്ണിക്കോട്ട് 1978-ൽ നിയോഗിക്കപ്പെട്ടു.

മേജർ റെക്ടറായി വെറും ഒരു വർഷം തികയും മുന്നേ അദ്ദേഹത്തെ വരാപ്പുഴ അതിരൂപതയുടെ പ്രഥമ സഹായമെത്രാനായി നിയമിച്ചു. 1978 ഡിസംബർ 19-നായിരുന്നു ആ നിയമനം. അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെ പിന്തുടർച്ചാവകാശമില്ലാതിരുന്നതിനാൽ, മുമ്പൊരിക്കൽ നിലവിലുണ്ടായിരുന്ന അൾജീരിയായിലെ ടിജില്ലാവ എന്നൊരു സ്ഥാനിക രൂപതയുടെ മൂന്നാമത്തെ മെത്രാനായിട്ടു കൂടിയായിരുന്നു നിയമനം. 1979 മാർച്ച് 11-ന് അഭിവന്ദ്യ മെത്രാപ്പോലീത്ത ജോസഫ് കേളന്തറ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും വിജയപുരം മെത്രാൻ അഭിവന്ദ്യ കൊർണ്ണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ സഹകാർമ്മികത്വത്തിലുമായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ.

സഹായമെത്രാനായശേഷമുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾ പ്രധാനമായും പാവങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു. അനേകർക്ക് അദ്ദേഹം ഭവനങ്ങൾ നിർമ്മിച്ചു നൽകി. പാവങ്ങളുടെ കണ്ണീരൊപ്പാൻ തനിക്കാവുംവിധം അദ്ദേഹം പ്രവർത്തിച്ചു. ഇക്കാലത്ത് അതിരൂപത നിർമ്മിക്കാനുദ്ദേശിച്ച അനേകം ദൈവാലയങ്ങൾക്കും കോൺവെന്റുകൾക്കും വരാപ്പുഴ അതിരൂപതയുടെ പാസ്റ്ററൽ സെന്ററിനും ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിലും പിതാവ് ശ്രദ്ധാലുവായിരുന്നു. അതിരൂപതാ മക്കളുടെ വിദ്യാഭ്യാസ വളർച്ചയ്ക്കായി രൂപതയിലെ അക്കാലത്തെ കോളേജുകളിൽ വിവിധ വിഷയങ്ങൾക്ക് ബിരുദാനന്തര ബിരുദം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് അദ്ദേഹം തുടക്കമിട്ടു.

ലളിതജീവിതം നയിച്ചിരുന്ന അദ്ദേഹം സാധാരണക്കാരുമായി ഇടപഴകിയത് എല്ലാവരുടെയും ഇഷ്ടത്തിനും ആദരവിനും കാരണമായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഏവർക്കും പ്രിയമായിരുന്നു. മികച്ച ധ്യാനഗുരുവായിരുന്ന അദ്ദേഹം പാണ്ഡിത്യംകൊണ്ടും വിളങ്ങിയിരുന്നു. പല തീരുമാനങ്ങൾക്കും പക്വമായൊരു ഉത്തരം അദ്ദേഹ

ത്തിൽനിന്നും ലഭ്യമായിരുന്നു. അതിരൂപതയിൽ പുതിയൊരു ആദ്ധ്യാത്മിക നവീകരണം ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപടികൾക്കും തുടക്കമിട്ട ഉടനെ അദ്ദേഹം രോഗിയായി തീർന്നു. 1983-ൽ യൂറോപ്പിലെത്തിയപ്പോൾ നടത്തിയ കരൾശസ്ത്രക്രിയയോടെ ജീവിതാന്ത്യത്തിനുള്ള സാദ്ധ്യത വേഗത്തിലായി.

നാട്ടിലെത്തിയ അദ്ദേഹം താമസിയാതെ ലൂർദ്ദ് ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും രണ്ടുമാസത്തോളം അതികഠിനമായ വേദനകളാൽ സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോവുകയും ചെയ്തു. അതിരൂപതയിലെ വൈദികരുടെ അത്താണിയും അല്മായരുടെ സഹായകനും സ്നേഹമയനുമായ അഭിവന്ദ്യ ആന്റണി തണ്ണിക്കോട്ട് പിതാവ് 1984 ഫെബ്രുവരി 24 വെള്ളിയാഴ്ച രാവിലെ എട്ടരമണിക്ക് അത്യധികം ശോഭയോടെ ഈ ലോകത്തിൽനിന്നും മാഞ്ഞുപോയി. ശനിയാഴ്ച സെന്റ് ആൽബർട്സ് ഗ്രൗണ്ടിലെ ശുശ്രൂഷകൾക്കുശേഷം പതിനായിരങ്ങൾ പങ്കെടുത്ത വിലാപയാത്രയുടെ അവസാനത്തിൽ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദൈവാലയത്തിലെ ക്രിപ്റ്റിൽ സംസ്കരിച്ചു.

എങ്ങനെ നോക്കിയാലും ഇത്രത്തോളം പുണ്യങ്ങളാൽ, ഔദാര്യത്താൽ, വിനയത്താൽ, പാണ്ഡിത്യത്താൽ, ശാന്തശീലത്താൽ, ബുദ്ധികൂർമ്മതയാൽ, ആദരണീയമായ പെരുമാറ്റത്താൽ, ദാനശീലത്താൽ, മികച്ച വ്യക്തിത്വത്താൽ എന്നും സമാദരണീയനായിരുന്ന അഭിവന്ദ്യ ആന്റണി തണ്ണിക്കോട്ട് പിതാവിന്റെ വിടവാങ്ങൽ വരാപ്പുഴ അതിരൂപതാ മക്കൾക്ക് ഒരു തീരാനഷ്ടം തന്നെയാണ്. ആത്മീയ ശുശ്രൂഷയുടെ കർമ്മമണ്ഡലങ്ങളിൽ പെട്ടെന്ന് തെളിഞ്ഞ് പെട്ടെന്ന് മാഞ്ഞുപോയ ഈ യോഗീവര്യന്റെ ഓർമ്മകൾ, 40 വർഷം പിന്നിട്ടെങ്കിലും കേരളസഭയുടെ ചരിത്രത്താളുകളിലും മംഗലപ്പുഴ, കാർമൽഗിരി പൊന്തിഫിക്കൽ സെമിനാരികളുടെ ഒളിമങ്ങാത്ത ഏടുകളിലും അദ്ദേഹത്തിന്റെ സ്നേഹസ്പർശം ഏറ്റുവാങ്ങിയ നൂറുകണക്കിന് പാവങ്ങളുടെ



ഹൃദയത്തിലും ഇന്നും എന്നും ഉജ്ജ്വലശോഭയോടെ പ്രകാശിച്ചുകൊണ്ടിരിക്കും.

40 വർഷങ്ങൾ തികയുന്ന ഈ വേളയിൽ അങ്ങയുടെ ഓർമ്മകൾക്കു മുന്നിൽ അതിരൂപതാമക്കളുടെ സ്നേഹാഞ്ജലി.

---

* 1837 ജൂലൈ 16-ന് കല്ലിട്ട് സെപ്തംബർ 8-ന് ആശീർവദിച്ച കപ്പേളയോടുകൂടിയാണ് കൂനമ്മാവ് വിശുദ്ധ ഫിലോമിനായുടെ ദൈവാലയാരംഭം. 1837-ന്റെ തുടക്കത്തിൽ കത്തോലിക്കാസഭയിൽ വിശുദ്ധപദവിയിലെത്തിയ ഫിലോമിനായുടെ നാമത്തിൽ ഏഷ്യയിലെ ആദ്യത്തെ ഒരു ആരാധനാലയം തുടങ്ങിയത് വരാപ്പുഴ അതിരൂപതയിലെ കൂനമ്മാവിലാണ്. 'ഭാരതത്തിന്റെ മഹാമിഷണറി' എന്നു പേരുകേട്ട അഭിവന്ദ്യ ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവ് വരാപ്പുഴ വികാരിയായിരിക്കെയാണ് ഈ കപ്പേള അദ്ദേഹം സ്ഥാപിച്ചത്. കിലോമീറ്ററുകൾ ചുറ്റളവുള്ള സ്ഥലങ്ങളിൽ നിന്നുള്ള വിശ്വാസികൾക്ക് വരാപ്പുഴ വരെ പോകാനുള്ള യാത്രാബുദ്ധിമുട്ട് കാരണം ഇവിടെ തിരക്കായിത്തുടങ്ങി. അതുകൊണ്ട് ഫാ. ബച്ചിനെല്ലി 1840-ൽ പുതിയ പള്ളിയ്ക്കുള്ള പ്ലാൻ തയ്യാറാക്കുകയും അന്നത്തെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഫ്രാൻസിസ് സേവ്യർ പിതാവിന്റെ അനുമതിയോടെ വലിയ പള്ളിക്കും ബംഗ്ലാവിനുമുള്ള പണി തുടങ്ങുകയും ചെയ്തു.

1844-ൽ ആശീർവദിക്കപ്പെട്ട പുതിയ പള്ളിയുടെ അത്ഭുതപ്രസിദ്ധി കാരണം തീർത്ഥാടകരുടെ നിലക്കാത്ത ഒഴുക്കായിരുന്നു, തുടർന്നുള്ള വർഷങ്ങളിൽ. തീർത്ഥാടകർക്ക് താമസത്തിനുള്ള സൗകര്യംവരെ അക്കാലത്ത് അവിടെ ഒരുക്കിയിരുന്നു എന്നത് ചരിത്രം. അതിനാൽ വികാരിയാത്തിന്റെ അപേക്ഷ പരിഗണിച്ച് ഒമ്പതാം പീയൂസ് പാപ്പാ “എന്നേയ്ക്കുമായി” ഈ ദൈവാലയത്തിന് പൂർണ്ണ ദണ്ഡവിമോചനങ്ങൾ നല്കി. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ഇവയെല്ലാം വിസ്മൃതിയിലാണ്ടുപോയെന്നതിന് കാലം മാത്രമല്ല, നമ്മളും സാക്ഷിയായി. അതുമാത്രമല്ല, 1843-ൽ സ്ഥാപിതമായ മൈസൂരിലെ സെന്റ് ഫിലോമിനാ ദൈവാലയമാണ് വിശുദ്ധ ഫിലോമിനായുടെ ആദ്യത്തെ ദൈവാലയമെന്ന ഖ്യാതി ഇപ്പോഴും തിരുത്തപ്പെടാതെ തുടരുകയും ചെയ്യുന്നു.

---

# അതിജീവിക്കാം അർബുദത്തെ...



**ഡോ. രശ്മി എസ്. കൈമൾ**
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്
ഫാമിലി മെഡിസിൻ
ലൂർദ്ദ് ഹോസ്പിറ്റൽ, കൊച്ചി

ഫെബ്രുവരി 4 ലോക കാൻസർ (അർബുദം) ദിനമായി ആചരിക്കപ്പെടുകയാണ്. ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇക്കാലത്ത്, ഈ രോഗത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും നൂതന ചികിത്സാ സാധ്യതകളെക്കുറിച്ചും നാം എപ്പോഴും കേൾക്കാറുണ്ട്. എങ്കിലും, 'കാൻസർ' എന്ന വാക്ക് ഇപ്പോഴും നമ്മെ ഭയപ്പെടുത്തുന്നു. കാൻസർ പിടിപെട്ടാൽ മരണം ഉറപ്പാണെന്ന ഭയംമൂലം രോഗികളും ബന്ധുക്കളും കടുത്ത മാനസികസമ്മർദ്ദം അനുഭവിക്കുന്നു. ഈ ലോകകാൻസർ ദിനത്തിൽ, കാൻസർ രോഗത്തെ അതിജീവിച്ചവരെക്കുറിച്ചും നാം അറിയണം.

ഇരുപത്തിയെട്ടാം വയസ്സിലാണ്, നാല് വയസ്സുള്ള ഒരു കുഞ്ഞിന്റെ അമ്മയായ എന്റെ ചേച്ചിയ്ക്ക് വിട്ടുമാറാത്ത പനി പിടിപെട്ടത്. പരിശോധനകൾക്ക് ശേഷം രക്താർബുദം (ബ്ലഡ് കാൻസർ) ആണെന്ന് സ്ഥിരീകരിക്കപ്പെട്ടു. രണ്ടുവർഷങ്ങൾ നീണ്ടുനിന്ന ചികിത്സയ്ക്കൊടുവിൽ ചേച്ചി രോഗമുക്തയായി. ഈ രണ്ടുവർഷങ്ങളിൽ ആശുപത്രി സന്ദർശനങ്ങളും, ഐ.സി.യു. വാസവും കീമോതെറാപ്പിയും എല്ലാമായി ചേച്ചിയും കുടുംബവും മാനസികമായി തളർന്നിരുന്നു. എങ്കിലും ചികിത്സ പൂർത്തിയാക്കി പൂർണ്ണ ആരോഗ്യവതിയായ ചേച്ചി തിരികെ ജോലിയിൽ പ്രവേശിക്കുകയും ഇപ്പോഴും ചുറുചുറുക്കോടെ എല്ലാ വീട്ടുകാര്യങ്ങളും നടത്തുകയും ചെയ്യുന്നു.

എല്ലാവർക്കും പ്രിയങ്കരിയും സംഭാഷണപ്രിയയുമായ എന്റെ സുഹൃത്തിന്റെ ചേച്ചിയ്ക്ക് അമ്പതാം വയസ്സിൽ യാദൃച്ഛികമായാണ് സ്തനാർബുദം കണ്ടുപിടിച്ചത്. സ്വന്തമായി ഒരു തയ്യൽ സ്ഥാപനം വീടിനോട് ചേർന്ന് ചേച്ചി നടത്തിയിരുന്നു. ഇരട്ട പെൺകുട്ടികളുടെ വിവാഹനിശ്ചയം കഴിഞ്ഞ സമയത്താണ് ഈ രോഗം അറിയുന്നത്. ഓപ്പറേഷനും കീമോതെറാപ്പിയും റേഡിയേഷനും മറ്റുമായി രണ്ടു വർഷങ്ങൾ നീണ്ട ചികിത്സയിലും ഒരിക്കലും മനോധൈര്യം കൈവിടാതെ  രോഗത്തോട് പൊരുതിയ ചേച്ചി എല്ലാവർക്കും അത്ഭുതമായിരുന്നു. ഇന്ന് ചേച്ചി പൂർണ്ണ ആരോഗ്യവതിയായി ഭർത്താവും മക്കളും പേരക്കുട്ടികളുമായി കഴിയുന്നു.

വിദേശത്ത് എഞ്ചിനീയറായ എന്റെ കൂട്ടുകാരി ഒരു ദിവസം എന്നെ ഫോണിൽ വിളിച്ച് കരഞ്ഞുകൊണ്ട്, തനിക്ക് ഗർഭാശയ കാൻസർ ആണെന്ന് പറഞ്ഞപ്പോൾ കുറച്ചുനേരത്തേക്ക് ഞാൻ സ്തബ്ധയായിപ്പോയി. പിന്നീട് വിദഗ്ധ ചികിത്സയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകി. ഓപ്പറേഷനും കീമോതെറാപ്പിയും മറ്റും നടക്കുന്നതിനിടെയും വിളിച്ച് വിവരങ്ങൾ പറയുമായിരുന്നു. അസുഖം ഭേദമായശേഷം അവൾ വിദേശത്തേക്ക് മടങ്ങി. മാസങ്ങൾക്ക് മുമ്പാണ് മകളുടെ കല്യാണത്തിന് അതിഥികളെ, ചിരിച്ച് വരവേൽക്കുന്ന ഊർജ്ജസ്വലയായ അവളെ വീണ്ടും കണ്ടത്.


തൊണ്ടയിലെ കാൻസർ ചികിത്സയ്ക്കുശേഷം ആരോഗ്യവാനായിരിക്കുന്ന ബന്ധുവും, പ്രോസ്റ്റേറ്റ് കാൻസർ ഭേദമായശേഷം സാധാരണ ജീവിതം നയിക്കുന്ന എന്റെ അദ്ധ്യാപകനും, അന്നനാളത്തിന്റെ കാൻസർ സുഖപ്പെട്ട അയൽക്കാരിയും തൈറോയ്ഡ് കാൻസറും സ്തനാർബുദവും ബാധിച്ചിട്ടും തളരാതെ ഇന്നും ആരോഗ്യവതിയായിരിക്കുന്ന എന്റെ സ്വന്തം അമ്മയും എല്ലാം എനിക്ക് മുന്നിൽ എന്നും കാണുന്ന അതിജീവനത്തിന്റെ ഉദാഹരണങ്ങളാണ്.

ഒരു ഡോക്ടർ എന്ന നിലയിൽ എനിക്ക് പലപ്പോഴും പല രോഗികളുടെയും കാൻസർ രോഗനിർണ്ണയത്തിന്റെയും ചികിത്സയുടെയും പല ഘട്ടങ്ങളിലും ഭാഗമാകേണ്ടി വന്നിട്ടുണ്ട്. ഇവരിൽ പലരും രോഗം മാറിയ ശേഷം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുന്നതിനും ഞാൻ സാക്ഷിയായിരുന്നിട്ടുണ്ട്.

കാൻസർ ഒരു മാറാരോഗമാണെന്ന മിഥ്യാധാരണയാണ് ഭയവും ആശങ്കയും ഉണ്ടാക്കുന്നത്. കൃത്യമായ രോഗനിർണ്ണയവും ആധുനിക ചികിത്സാ സംവിധാനങ്ങളും ഇന്ന് നമുക്ക് ലഭ്യമാണ്. നിർധനരായ കാൻസർ രോഗികൾക്കുള്ള ചികിത്സാ സഹായങ്ങളും സർക്കാരിൽനിന്നും മറ്റ് സന്നദ്ധസംഘടനകളിൽനിന്നും സുമനസ്സുകളായ വ്യക്തികളിൽനിന്നും ലഭിക്കുന്നുണ്ട്.

*രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സയ്ക്ക് മടിക്കരുത്. അജ്ഞതയും സോഷ്യൽ മീഡിയയും മറ്റും നല്കുന്ന തെറ്റായ വിവരങ്ങളും മൂലം ശരിയായ ചികിത്സ തേടാതിരിക്കരുത്. ഡോക്ടർ നിർദ്ദേശിക്കുന്ന ചികിത്സകൾ കൃത്യമായി ചെയ്യുന്നതോടൊപ്പം മനോധൈര്യവും കൈവിടാതിരിക്കുക. അങ്ങനെ,   ഈ രോഗത്തോട് നമുക്ക് പൊരുതി ജയിക്കാം.*

# ഓൺലൈൻ കോഴ്സുകൾക്ക് സ്വീകാര്യത വർദ്ധിക്കുന്നു



ഡോ. സാബു എം. സി.

കുറേ വർഷങ്ങൾക്ക് മുമ്പുതന്നെ വിദേശസർവ്വകലാശാലകൾ ഓൺലൈൻ കോഴ്സുകൾ നടത്തിയിരുന്നുവെങ്കിലും (Coursera, Edx, Udemy etc.) ഇന്ത്യാ ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഓൺലൈൻ കോഴ്സുകൾക്കായുള്ള പോർട്ടൽ ആരംഭിച്ചിട്ട് അധികനാളുകൾ ആയിട്ടില്ല. 2017 ലാണ് *Swayam* പോർട്ടൽ വഴി ഓൺലൈൻ കോഴ്സ് നൽകുവാൻ ആരംഭിച്ചത്. 9-ാം ക്ലാസ്സ് മുതൽ പോസ്റ്റ് ഗ്രാജ്വേഷൻ വരെ ഓൺലൈൻ ആയിട്ട് ഈ പോർട്ടലിലൂടെ പഠിക്കുവാൻ സാധിക്കും. ഇന്ത്യയിലുള്ള 9 പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് *Swayam* പോർട്ടൽ നിർമ്മിച്ചിരിക്കുന്നത്. വളരെ എക്സ്പീരിയൻസ് ഉള്ള, IIT യിലും IIM ലും പഠിപ്പിക്കുന്ന വിദഗ്ധരായ അധ്യാപകരുടെ ക്ലാസ്സുകളാണ്... പോർട്ടലിലൂടെ ലഭ്യമാകുന്നത്. *Swayam* പോർട്ടലിലെ കുട്ടികളുടെ എൻറോൾമെന്റ് വിവരങ്ങൾ താഴെ പറയുംവിധമാണ്.

| Sl. No. | Year | Semester Course | Enrollment |
|---|---|---|---|
| 1 | 2023 | January 3543388 | |
| 2 | 2023 | July 3657384 | |
| 3 | 2024 | January 1681715 | (till January 10, 2024) |

സ്വയം പോർട്ടലിനോടൊപ്പം NEP 2020 യും ABC (Academic Bank of Credit) യും വളരെയധികം സുപ്രധാന മാറ്റങ്ങളാണ് വിദ്യാഭ്യാസമേഖലയിൽ വരുത്തുന്നത്. ഇതുവഴി ഒരു വിദ്യാർത്ഥിക്ക് IIT, IIM, NIT എന്നിങ്ങനെയുള്ള പ്രമുഖസ്ഥാപനങ്ങളിലെ അധ്യാപകർ നടത്തുന്ന കോഴ്സുകൾ ഓൺലൈനായി പഠിക്കുവാനും ആവശ്യമെങ്കിൽ ഇന്ത്യയിലെ തന്നെ ഇഷ്ടമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്ന് ഡിഗ്രി നേടുവാനും സാധിക്കും. പണ്ടൊന്നും ചിന്തിക്കാൻപോലും പറ്റാതിരുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഇന്ന് ഉദ്യോഗാർത്ഥികൾക്കുപോലും അവരുടെ ജോലിയോടൊത്തുപോകുന്ന സർട്ടിഫിക്കറ്റ് കോഴ്സും, ഡിപ്ലോമയും ഓൺലൈനായി പഠിക്കുവാൻ സാധ്യതകൾ ഉണ്ട്. തങ്ങൾക്കിഷ്ടമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടാത്തവർക്കും *Swayam* പോർട്ടൽ വഴി ഇത് നേടാവുന്നതാണ്. സ്വന്തം CV യും ഓൺലൈൻ കോഴ്സ് ഉപയോഗിച്ച് മെച്ചപ്പെടുത്താവുന്നതാണ്. ഈ സൗകര്യങ്ങളൊക്കെ ഉള്ളതുകൊണ്ടാവാം ഓൺലൈൻ കോഴ്സിന്റെ സ്വീകാര്യത വളരെയധികം വർദ്ധിച്ചുവരുന്നത്. അടുത്ത അധ്യയനവർഷം മുതൽ കേരളത്തിലെ മിക്ക യൂണിവേഴ്സിറ്റികളിലും ആരംഭിക്കുന്ന 4 വർഷ യു.ജി. പ്രോഗ്രാമിന് ആകെ നേടേണ്ട 133 ക്രെഡിറ്റിൽ 9 ക്രെഡിറ്റോളം ഓൺലൈൻ കോഴ്സുവഴി നേടാവുന്നതാണ്. സ്വയംപോർട്ടൽ വഴി ഓൺലൈനായി പഠിക്കാവുന്ന കോഴ്സുകളുടെ എണ്ണവും ഈ കോഴ്സുകളിൽ പരീക്ഷയ്ക്കുവേണ്ടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണവും താഴെ പറയുന്നു.

| Sl. No. | Year | Course | Enrollment |
|---|---|---|---|
| 1 | Dec-18 | 90 | 3807 |
| 2 | Nov-19 | 174 | 28472 |
| 3 | Sep-20 | 165 | 11654 |
| 4 | Aug-21 | 276 | 32853 |
| 5 | Aug-22 | 348 | 42055 |
| 6 | Dec-23 | 390 | 127882 |

ഇതനുസരിച്ച് വരുംവർഷങ്ങളിൽ തീർച്ചയായും ഓൺലൈൻ കോഴ്സിനോടുള്ള കുട്ടികളുടെ താൽപര്യം വർദ്ധിക്കുവാനാണ് സാധ്യത.

# വാർത്തകൾ

NEWS



### *39 കുടുംബങ്ങൾക്ക് ആശ്വാസവുമായി ആർച്ച് ബിഷപ് സ്നേഹഭവന പദ്ധതി*

വരാപ്പുഴ അതിരൂപത അതിർത്തിയിൽ താമസിക്കുന്ന നാനാ മതസ്ഥരായ മുപ്പത് കുടുംബങ്ങൾക്ക് ഭവനനിർമ്മാണ പൂർത്തീകരണത്തിനായുള്ള സഹായധനം വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ. മാത്യു കല്ലിങ്കൽ നൽകി. അതിമെത്രാസന മന്ദിരത്തിൽവച്ച് നടന്ന ചടങ്ങിൽ മോൺ. മാത്യു കല്ലിങ്കൽ അധ്യക്ഷത വഹിച്ചു. എല്ലാവർക്കും സ്വന്തമായൊരു ഭവനം എന്നത് അഭിവന്ദ്യ മെത്രാപ്പോലിത്തയുടെ ഏറ്റവും വലിയ സ്വപ്നവും പ്രാർത്ഥനയുമാണെന്ന് എല്ലാവരെയും മോൺ. ഓർമിപ്പിച്ചു. പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചതും സ്നേഹഭവനം പദ്ധതി നടപ്പിലാക്കുന്നതും അതിരൂപത സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ്. ഡയറക്ടർ ഫാദർ മാർട്ടിൻ അഴിക്കകത്ത്, പ്രോഗ്രാം കോ ഓഡിനേറ്റർ ഷൈല അട്ടിപേറ്റി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

### *ഗോശ്രീ സമാന്തരപാലങ്ങൾ നിർമിക്കണം കെ.എൽ.സി.എ. പ്രതിഷേധ സമരം*

എറണാകുളം കണ്ടെയ്നർ റോഡ് – വൈപ്പിൻ റോഡുകളിലെ രൂക്ഷമായ  ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ ഗോശ്രീ  പാലങ്ങൾക്ക് സമാന്തരമായി പാലങ്ങൾ നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെഎൽസിഎ വരാപ്പുഴ അതിരൂപത സമിതിയുടെ  നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും സായാഹ്ന ധർണയും സംഘടിപ്പിച്ചു. ഹൈക്കോർട്ട് ജംഗ്ഷനിൽ നടന്ന യോഗം ടി.ജെ. വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്തു.  അതിരൂപത പ്രസിഡന്റ് സി.ജെ. പോൾ അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ജനകീയ



നിവേദനത്തിന്റെ ഒപ്പുശേഖരണം കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് ഉദ്ഘാടനം ചെയ്തു.

അതിരൂപത ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, കൊച്ചി കോർപറേഷൻ കൗൺസിലർ ജോർജ് നാനാട്ട്, അതിരൂപത ട്രഷറർ എൻ.ജെ. പൗലോസ്, സെക്രട്ടറി ബേസിൽ മുക്കത്ത്, സാമൂഹ്യ രാഷ്ട്രീയ ഫോറം കൺവീനർ നിക്സൺ വേണാട്ട്, മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സുനീല സിബി, വൈപ്പിൻ മേഖല പ്രസിഡന്റ് ബെന്നറ്റ് കുറുപ്പശേരി, ചാത്യാത്ത് മേഖല പ്രസിഡന്റ് സെബാസ്റ്റ്യൻ വി.ജി. എന്നിവർ പ്രസംഗിച്ചു. വിവിധ സാമൂഹ്യ രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു. അതിരൂപത ഓഫീസിൽനിന്ന് ആരംഭിച്ച പ്രതിഷേധ റാലി ഹൈക്കോർട്ട് ജംഗ്ഷനിൽ സമാപിച്ചു.

അതിരൂപത വൈസ് പ്രസിഡന്റുമാരായ ബാബു ആന്റണി, എം.എൻ. ജോസഫ്, മേരി ജോർജ്, സെക്രട്ടറിമാരായ സിബി ജോയ്, വിൻസ് പെരിഞ്ചേരി, ഫില്ലി കാനപ്പിള്ളി, എക്സിക്യൂട്ടീവ് അംഗങ്ങ ളായ ആൽബിൻ, മോളി ചാർളി, ആൻസ ജെയിംസ്, ലൂയീസ് തണ്ണിക്കോട്ട്, മേഖല–യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ ക്രിസ്മസ് സ്നേഹ സമ്മാന വുമായി കൂനമ്മാവ് സെന്റ് ജോസഫ് ബോയ്സ് ഹോസ്റ്റലിലെ കുട്ടികളുടെ ഒപ്പം ക്രിസ്മസ് ആഘോഷത്തിന് തുടക്കം കുറിച്ചു

സ്ഥാപക ദിനാഘോഷം നടത്തി കെ.സി.വൈ.എം വരാപ്പുഴ അതിരൂപത

### *കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ വല്ലാർപാടം കെ.സി.വൈ.എം - ന്റെ ആതിഥേയത്വത്തിൽ കെ.സി.വൈ.എം.*

## *സ്ഥാപകദിനാഘോഷം നടത്തി*

ശബ്ദമില്ലാത്തവന്റെ ശബ്ദമായും പാർശ്വവൽകരിക്കപ്പെട്ടവരുടെ അത്താണിയായും കേരളത്തിന്റെ ധാർമിക യുവജനപ്രസ്ഥാനമെന്ന് വിശുദ്ധ മദർതെരേസ അഭിസംബോധന ചെയ്ത മഹാ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുകയാണ്. കെ.സി.വൈ.എം. സ്ഥാപക ദിനാഘോഷത്തിന് കോട്ടപ്പുറം രൂപത എമിരിത്തൂസ് ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തുകൊണ്ട് തുടക്കം കുറിച്ചു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോൾ അധ്യക്ഷത വഹിച്ചു. തുടർന്ന് കെ.സി.വൈ.എം പതാക ഉയർത്തി. വല്ലാർപാടം ബസിലിക്ക വികാരി റവ. ഫാ. ആൻറണി വാലുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ഡയറക്ടർ റവ. ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, ജനറൽ സെക്രട്ടറി രാജീവ് പാട്രിക്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡിലീ ട്രീസാ, വിനോജ് വർഗീസ്, ടിൽവിൻ തോമസ്, ഡാലി ഫിലോമിന, ജോയ്സൺ പി.ജെ., ലെറ്റി എസ്.വി, ദിൽമ മാത്യു, കത്തീഡ്രൽ തൈക്കുടം മേഖല പ്രസിഡൻറ് ലിഡ്വിൻ ലോപ്പസ്, വല്ലാർപാടം യൂണിറ്റ് പ്രസിഡൻറ് അലൻ ജോസഫ് എന്നിവർ എന്നിവർ സന്നിഹിതരായിരുന്നു.

---

## *ജിഡ ഫണ്ട് ഉപയോഗിച്ച് ഗോശ്രീ പാലങ്ങൾക്ക് സമാന്തര പാലം നിർമ്മാണം ഉടൻ ആരംഭിക്കുക.*

---




ഗോശ്രീ പാലങ്ങൾക്ക് സമാന്തര പാലം ഉടൻ നിർമ്മാണം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത നടത്തിയ പ്രതിഷേധ സമരം എറണാകുളം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഡോണോ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അത്യാസന്ന നിലയിലുള്ള രോഗികളുമായി വരുന്ന ആംബുലൻസുകൾ അടക്കം മണിക്കൂറോളം ഗതാഗതക്കുരുക്കിൽ കുടുങ്ങി കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് അദ്ദേഹം പറയുകയുണ്ടായി. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡൻറ് ആഷ്‌ലിൻ പോൾ അധ്യക്ഷത വഹിച്ചു. കെ.എൽ.സി.എ. വരാപ്പുഴ അതിരൂപത സെക്രട്ടറി ബേസിൽ മുക്കത്ത്, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി രാജീവ് പാട്രിക്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡിലീ ട്രീസാ, വിനോജ് വർഗീസ്, ഡാലി ഫിലോമിന, ജോയ്സൺ പി ജെ, അലൻ സേവ്യർ തോമസ്, മേഖല ഭാരവാഹികൾ,

DIRECTORATE OF FAMILY UNITS

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2024 ഫെബ്രുവരി 25 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

---

## *വിശ്വാസോത്സവം 2024*

---

വരാപ്പുഴ അതിരൂപത മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി നടത്തപ്പെടുന്ന അവധിക്കാല വിശ്വാസപരിശീലനക്യാമ്പാണ് വിശ്വാസോത്സവം.എല്ലാ ഇടവകകളിലും സൺഡേകെയർ മുതൽ പന്ത്രണ്ടാംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 2024 ഏപ്രിൽ 8 മുതൽ 12വരെ (തിങ്കൾ മുതൽ വെള്ളി വരെ), 5 ദിവസങ്ങളിലായാണ് ക്യാമ്പ്ഒരുക്കിയിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെയാണ് സമയം.ദൈവവചനത്തിൽ അധിഷ്ഠിതമായി സുഹൃത്തു ക്കൾക്കൊപ്പം ആട്ടവും പാട്ടും ചിരിയും കളിയുമായി ഒത്തുചേരുവാനും വിശുദ്ധിയുള്ള മനസ്സും തിളക്കമാർന്ന വ്യക്തിത്വവും രൂപപ്പെടുത്തുവാനുമുള്ള ദിനങ്ങളായാണ് ക്യാമ്പ് വിഭാവനം ചെയ്യുന്നത്. ഓരോ ഇടവകയിലും വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ മതബോധന അധ്യാപകരേയും PTA അംഗങ്ങളേയും സമർത്ഥരായ യുവജനങ്ങളേയും വൈദികവിദ്യാർത്ഥികളേയും അണിനിരത്തിയാണ് വിശ്വാസോത്സവത്തിന് നേതൃത്വം നൽകുന്നത്. ക്യാമ്പിന് നേതൃത്വം നൽകുന്ന റിസോഴ്സ് ടീമിനുള്ള പരിശീലനം 2024 ഫെബ്രുവരി 18, 25 എന്നീ രണ്ട് ഞായറാഴ്ചകളിലായി രാവിലെ 10 മണി മുതൽ 4 മണി വരെ സംഘടിപ്പിക്കുകയാണ്.

18.02.2024 (ഞായർ) (ഫൊറോന 1, 2, 3, 4, 8)
എറണാകുളം സെന്റ് ആൽബർട്സ് കോളേജ്
25.02.2024 (ഞായർ) (ഫൊറോന 5, 6, 7)
കളമശേരി ആസിസ് കൺവെൻഷൻ സെന്റർ
എന്നിവിടങ്ങളി ലാണ് പരിശീലന പരിപാടികൾ.

27 സൺഡേ കെയർ മുതൽ 4 വരെ, 5 മുതൽ 8 വരെ, 9 മുതൽ 12 വരെ എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളിലായി നടത്തപ്പെടുന്ന പരിശീലന പരിപാടിയിൽ ഓരോ യൂണിറ്റിൽ നിന്നും കുറഞ്ഞത് 2 അധ്യാപകരെങ്കിലും ഓരോ ഗ്രൂപ്പിലും പങ്കെടുക്കുക (ഒരു യൂണിറ്റിൽ നിന്നും 6 പേർ). ഏതെങ്കിലും കാരണവശാൽ ഒരു സ്ഥലത്ത് വച്ച് നടത്തപ്പെടുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ

അടുത്ത സ്ഥലത്ത് നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

.............................................................................................

## *മതബോധന കമ്മീഷൻ അറിയിപ്പുകൾ*

.............................................................................................

രണ്ടാം സെമസ്റ്റർ പരീക്ഷ 8 മുതൽ 13 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഫെബ്രുവരി 4 നും ഒന്ന് മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഫെബ്രുവരി 11 നും ആയിരിക്കും.

### *മതബോധന അധ്യാപകരുടെ അഗാപ്പെ സംഘടിപ്പിച്ചു*

വരാപ്പുഴ അതിരൂപതയിലെ മതബോധന അധ്യാപകരുടെയു പ്രൊമോട്ടേഴ്സിന്റേയും സംയുക്ത ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. ഡിസംബർ 23-ന് എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ നടന്ന സംഗമത്തിൽ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ ക്രിസ്മസ് സന്ദേശം നൽകി. വിവിധ കലാപരിപാടികളും സ്കിറ്റും കരോൾ ഗാനവും മതാധ്യാപകരും പ്രൊമോട്ടേഴ്സും അവതരിപ്പിച്ചു. മതബോധന കമ്മീഷൻ ജോ.സെക്രട്ടറി സി. ആശ്രിത സ്വാഗതവും മതബോധന കമ്മീഷൻ അംഗം സിബി ജോയ് നന്ദിയും പറഞ്ഞു

.............................................................................................

### *ക്രിസ്മസ് കരോൾ മത്സരം*

.............................................................................................

മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അതിരൂപതതല ക്രിസ്മസ് കരോൾ മത്സരം അതിരൂപത വികാരി ജനറൽ മോൺ മാത്യൂ കല്ലിങ്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത മതബോധന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ അധ്യക്ഷനായിരുന്നു. - ഓച്ചന്തുരുത്ത് നിത്യസഹായമാതാ ഇടവക ഒന്നാം സ്ഥാനവും തേവര സെന്റ് ജോസഫ് ഇടവക രണ്ടാം സ്ഥാനവും കർത്തേടം സെന്റ് ജോർജ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഡിസംബർ 23 ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടന്ന മത്സരത്തിൽ ഫൊറോനതലത്തിൽ വിജയികളായവരാണ് പങ്കെടുത്തത്.

.............................................................................................

### *ഉണ്ണിശോയ്ക്ക് കത്ത് മത്സരം*

.............................................................................................

മതബോധനവിദ്യാർത്ഥികൾക്കായി ഡിസംബർ 23-ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വെച്ച് ഉണ്ണീശോക്ക് കത്തെഴുതൽ മത്സരം സംഘടിപ്പിച്ചു. മത്സര വിജയി കൾ

Std.1
1st - Evanta Bijoy St.Joseph & Mt.Carmel Basilica, Varapuzha
2nd - Susanna Claire John, I C Church Manjummel
3rd - Elhana Xavier, Chennur

Std.2
1st.-Adwin Tinu, Holy Cross Nettor
2nd- Evana Maria Aneesh, St.George Church, Vadel
3rd- Abhaya - IHM Nettoor

Std.3.
1st- Immanuel Francis, St.Philomena's Church, Koonamavu
2nd. - Avaneel Sam, St.George Karthedam
3rd.- Ayaan John Paul ,St.Maryagdelene Church, Moothedam

Std.4.
1st. Amiya Mary, I H M Nettoor
2nd - Sneha Maria, St.Sebastian Church, Perumalpady
3rd.- Alaina Antony, St.George Church, Karthedam

Std.5
1st.- Nathania Paul, Lourde Matha Church, Thevaikkal
2nd- Ann Seba Sebastian, Sacred Heart Church, Thevakadu
3rd - Anaya, St.George Church, Karthedam

Std.6
1st-Anna Jifi Joseph, St.Ann's Church, Thottakattukara
2nd- Hayami Juden, St.Mary's Church, Muttinakam
3rd- John Noble Vaz - St.Jude's Church, Unnichira

Std.7
1st.Catherine Abraham,Sacred Heart Church, Thevakadu
2nd- Diya Margaret Antony, Infant Jesus Church,Thundathumkadavu
3rd- Niya John, St Sebastian Church, Puthuvype

ജൂൺ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ മതബോധന വിദ്യാർത്ഥികൾ തയ്യാറാക്കിയ 'മൈ ആൽബം' ഒരുമിച്ച് ബൈൻഡ് ചെയ്ത് മതാധ്യാപകരെ ഏൽപിക്കുകയും ദേവാലയത്തിൽ വെച്ച് പ്രകാശനം ചെയ്യുകയും ചെയ്യണം

.............................................................................................

വരാപ്പുഴ അതിരൂപത, ഓച്ചന്തുരുത്ത് നിത്യ സഹായ മാതാ ദേവാലയ ഗായക സംഘം ടീം OLPH എന്ന പേരിൽ 2023 ക്രിസ്തുമസിനോട് അനുബന്ധിച്ചു കേരളത്തിലെ വിവിധ ജില്ലകളിൽ നടന്ന കരോൾ ഗാന മത്സരങ്ങളിൽ ഏറ്റവും കൂടുതൽ സമ്മാനങ്ങൾ കരസ്ഥമാക്കിയ ടീം എന്ന ബഹുമതിക്ക് അർഹരായി.

ഒന്നാം സ്ഥാനങ്ങൾ 10, രണ്ടാം സ്ഥാനങ്ങൾ 3, മൂന്നാം സ്ഥാനങ്ങൾ 2.

1) ഡിസംബർ 6, പള്ളിക്കര സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ - ഒന്നാം സ്ഥാനം.
2) ഡിസംബർ 9, വരിക്കോലി



സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ – ഒന്നാം സ്ഥാനം.

3) ഡിസംബർ 16, പത്തനാപുരം ഗാന്ധി ഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് – ഒന്നാം സ്ഥാനം.

4) ഡിസംബർ 16, കോട്ടയം പോപ്പുലർ വെഹിക്കിൾസ് & സർവീസ്സ് – മൂന്നാം സ്ഥാനം.

5) ഡിസംബർ 19, തൊടുപുഴ മുതലക്കോടം സെന്റ് ജോർജ് പള്ളിയിൽ – ഒന്നാം സ്ഥാനം.

6) ഡിസംബർ 20, എറണാകുളം ഒബ്രോൺ മാൾ, ട്രെൻഡ്സ് – ഒന്നാം സ്ഥാനം.

7) ഡിസംബർ 22, എളമക്കര ലൂർദ് മാതാ പള്ളിയിൽ – രണ്ടാം സ്ഥാനം.

8) ഡിസംബർ 22, എറണാകുളം ചാവറ കൾച്ചറൽ സെന്റർ – രണ്ടാം സ്ഥാനം.

9) ഡിസംബർ 23, വല്ലാർപാടം ബെസിലിക്ക പള്ളിയിൽ – ഒന്നാം സ്ഥാനം.

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഫെബ്രു വരി മാസത്തെ പരിപാടികൾ:
വിവാഹ ഒരുക്ക കോഴ്സ് **:ഫെബ്രുവരി 2, 3, 4 – ഫെബ്രുവരി 16, 17, 18 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.**

| | |
|---|---|
| **മാതൃവേദി കൂട്ടായ്മ** : | ഫെബ്രുവരി 10, രാവിലെ 10.30 ന് |
| **വിധവകളുടെ കൂട്ടായ്മ** | :ഫെബ്രുവരി 17, വൈകിട്ട് 3 മണിക്ക് |
| **ഏകസ്ഥരുടെ കൂട്ടായ്മ** | :ഫെബ്രുവരി 15, രാവിലെ 10.30 ന് |

10) ഡിസംബർ 23, വടുതല ഡോൺ ബോസ്കോ യൂത്ത് സെന്റർ – ഒന്നാം സ്ഥാനം.

11) ഡിസംബർ 23, എറണാകുളം ലുലുമാളിൽ – ഒന്നാം സ്ഥാനം.

12) ഡിസംബർ 29, എറണാകുളം ഒബ്രോൺ മാൾ, മലയാള മനോരമയിൽ– രണ്ടാം സ്ഥാനം.

13) ജനുവരി 6, കോട്ടയം കരോൾ ബെൽസ് സീസൺ 2–ൽ – മൂന്നാം സ്ഥാനം.

14) മതബോധന വിഭാഗം വൈപ്പിൻ മേഖലയിലും, വരാപ്പുഴ അതിരൂപതയിലും ടീം OLPH ജൂനിയർ ടീമിന് ഒന്നാം സ്ഥാനം.

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.കാർമ്മൽ ജ്യോതി കോൺവെന്റ് സി.ടി.സി., കൊരട്ടി–25,000 രൂപ*

*2.സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് കോൺവെന്റ്, കലൂർ (FMM Convent)–10,000 രൂപ*

*3.ഹോളിഫാമിലി കോൺവെന്റ് മഞ്ഞുമ്മൽ–5,000 രൂപ*

*4.അർപ്പിത കോൺവെന്റ്, പാലാരിവട്ടം (FMM Convent)–5,000 രൂപ*

*5.സെന്റ് പയസ് ത, കാർമലൈറ്റ് പ്രൊവിൻഷ്യാൾ ഹൗസ്, നോർത്ത് കളമശ്ശേരി–10,000 രൂപ*

*6.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫിലോമിനാസ് ചർച്ച്,*
*സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ഷ്റൈൻ, കൂനമ്മാവ്–50,000 രൂപ*

*7.സുപ്പീരിയർ ജനറൽ, സി.ടി.സി. ഇടപ്പള്ളി–50,000 രൂപ*

*8.തിരുനാൾ പ്രസുദേന്തിമാർ, ഹോളിഫാമിലി ചർച്ച്, പെരുമ്പിള്ളി–10,000 രൂപ*

*9.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് മേരീസ് ചർച്ച്, മുട്ടിനകം–10,000 രൂപ*

*10.തിരുനാൾ പ്രസുദേന്തിമാർ, ഇൻഫന്റ് ജീസസ് ചർച്ച്, എറണാകുളം–15,000 രൂപ*

*11.തിരുനാൾ പ്രസുദേന്തിമാർ, ഇൻഫന്റ് ജീസസ് ചർച്ച്, തുണ്ടത്തുംകടവ്–10,000 രൂപ*

*12.തിരുനാൾ പ്രസുദേന്തിമാർ, ഹോളിഫാമിലി ചർച്ച്, ചിറ്റൂർ–10,000 രൂപ*

*ആകെ–2,10,000 രൂപ*

# ദീപികയ്ക്കുള്ള മറുപടി

*2024 ജനുവരി 2-ന് ദീപിക യുടെ ലീഡർ പേജിൽ 'വിശുദ്ധ ചാവറ കുര്യാ ക്കോസ് ഏലിയാസച്ചൻ കേരള നവോത്ഥാന നായ കൻ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖന ത്തിന് വിശുദ്ധന്റെ തിരുനാ ളിന്റെ പശ്ചാത്തലത്തിൽ സവിശേഷമായ കാലിക പ്രസക്തി കൈവരികയുണ്ടാ യി. എന്നാൽ ഈ ലേഖ നത്തെ കൂടുതൽ ശ്രദ്ധേയമാ ക്കുന്നത് ലേഖന കർത്താ വായ ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ. ഏച്ചു കെട്ടി നിരത്തുന്ന അബദ്ധങ്ങ ളുടെ പെരുപ്പവും അവയെ ആശ്രയിച്ച് അദ്ദേഹം പ്രദർശി പ്പിക്കുന്ന ദുർവ്യാഖ്യാന വൈഭവവുമാണെന്നു ചൂണ്ടി ക്കാണിക്കുവാൻ ആഗ്രഹിക്കു ന്നു. ഒന്നും രണ്ടുമല്ല, ഒട്ടേറെ യാണ് ഉദാഹരണങ്ങൾ.*

ആമുഖ ഖണ്ഡികകൾ ശ്രദ്ധിക്കുക- ആഗ്രഹങ്ങളെയും താല്പര്യങ്ങ ളെയും വസ്തുതകൾ എന്നോണം പ്രച്ഛന്നവേഷം കെട്ടിച്ച് അവതരി പ്പിക്കുന്നതിൽ അദ്ദേഹം അഭിരമി ക്കുന്നതു കാണാം. ഇതരസമുദായ ങ്ങളോടും ക്രൈസ്തവസമൂഹ ത്തോടുപോലും (വിശേഷിച്ച് റോമൻ കത്തോലിക്കാ സമൂഹ ത്തോടും മിഷണറിമാരോടും) അദ്ദേഹത്തിനുള്ള അസഹി ഷ്ണുത ലേഖനത്തിൽ ഉടനീളം പ്രകടവുമാണ്. ക്രൈസ്തവീയ മായും അക്കാദമിക്കായും ഇങ്ങനെ അപരാധപൂരിതമായൊരു ലേഖനം പ്രസിദ്ധീകരിച്ചതിൽ ദീപികയോ ടുള്ള കടുത്ത പ്രതിഷേധവും ദുഃഖവും അറിയിക്കാനും, യുക്തവും അടിയന്തരവുമായ തിരുത്തൽ നടപടികൾക്കായി അഭ്യർത്ഥിക്കാനുമാണ് ഈ കത്ത്.

പാമ്പാറ അച്ചൻ പരേഡ് ചെയ്യി ക്കുന്ന അവാസ്തവ പ്രഖ്യാപനങ്ങ ളിൽ മൂന്നെണ്ണം സാമ്പിളായി തൽകാലം എടുക്കാം. പള്ളി ക്കൊപ്പം പള്ളിക്കൂടം കല്പന, മാന്നാനത്തെ പ്രസ്, സി.എം.സി. സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപനം എന്നിവയാണവ. ചാവറ കുര്യാക്കോസച്ചൻ 1864-ൽ പള്ളിക്കൊപ്പം പള്ളിക്കൂടം കല്പന ഇറക്കി എന്ന് ലേഖനകർത്താവ് വിളംബരം ചെയ്യുന്നു. ചാവറ കുര്യാക്കോസച്ചൻ 1846-ൽ മാന്നാ നത്ത് പ്രസ് സ്ഥാപിച്ചു എന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. ചാവറ യച്ചൻ കൂനമ്മാവിൽ സി.എം.സി. സഭ സ്ഥാപിച്ചു എന്ന് അദ്ദേഹം പ്രഘോഷണം ചെയ്യുന്നു. ശുദ്ധ അസംബന്ധങ്ങളാണ് ഈ മൂന്ന് അവകാശവാദങ്ങളും. അതായത്, കല്ലുവച്ച നുണകൾ.

**പള്ളിക്കൊപ്പം പള്ളിക്കൂടം കല്പന ഇറക്കിയത് ചാവറയച്ചനല്ല, വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക ആയി രുന്ന "മഹാമിഷണറി" ബർണർദീൻ ബച്ചിനെല്ലി പിതാവാണ് അതിന്റെ കർത്താവ്.** ആ കല്പന ഇറങ്ങി യത് പാമ്പാറ അച്ചൻ പറയുന്നതു പോലെ 1864-ൽ അല്ല, 1856-ൽ ആണ്. മാന്നാനത്തെ പ്രസ്സിന്റെ സ്ഥാപകൻ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനല്ല, മറ്റൊരു കുര്യാക്കോസച്ചനാണ്. കൃത്യമായി പറഞ്ഞാൽ, മുട്ടുചിറ പറമ്പിൽ കുര്യാക്കോസ് കത്തനാർ. അവിടെ ആദ്യമായി അച്ചടിച്ചതു പക്ഷേ, ചാവറ കുര്യാക്കോസച്ചന്റെ ഒരു ചെറുകൃതിയാണ്. കസ്റ്റമറെ കടയു ടമയാക്കി മാറ്റുന്ന ജാലവിദ്യയാണ് പാമ്പാറയച്ചൻ കാട്ടുന്നതെന്നു സാരം. ഇന്നത്തെ സി.റ്റി.സി., സി. എം.സി., സന്ന്യാസിനീ സമൂഹങ്ങ ളുടെ മാതൃസഭയായ TOCD യാണ് 1866-ൽ കൂനമ്മാവിൽ സ്ഥാപിതമാ യത്. ഈയിടെ ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട മദർ ഏലീശ്വ വാക യിൽ ആണ് അതിന്റെ സ്ഥാപിക. തികഞ്ഞ ബോധ്യത്തോടെയും സ്വയം സംസാരിക്കുന്ന അപ്രതി രോധ്യങ്ങളായ രേഖകളുടെ പിൻബലത്തിലുമാണ് പാമ്പാറയ ച്ചന്റെ അവകാശവാദങ്ങളെ തികഞ്ഞ അസംബന്ധങ്ങളായി തള്ളുന്നതും പച്ച നുണകളായി എണ്ണുന്നതും. ആളും അർത്ഥവും കൊണ്ട് അതിസമ്പന്നമായ സി. എം.ഐ. സഭ അതിന്റെ സർവ്വസ ന്നാഹങ്ങളും പ്രയോജനപ്പെടുത്തി ക്കൊണ്ട് മേൽപരാമർശിച്ച മൂന്നെണ്ണം ഉൾപ്പെടെയുള്ള അസ ത്യങ്ങളെ ഉപാസിച്ചുവരികയാണ്. ദശാബ്ദങ്ങളായി ഇതാണ് സ്ഥിതി.

മതാതീതമായ ഒരു സാംസ്കാരിക നേതൃവ്യൂഹത്തെ വശത്താക്കാനും പരുവപ്പെടുത്താനും രാജ്യാന്തര തലത്തിൽതന്നെ വക്താക്കളാകാനും അവർക്കു കഴിഞ്ഞു. പ്രചണ്ഡമായ ഈ പ്രചാരണത്തിൽ പലപ്പോഴും റോമൻ കത്തോലിക്കാ സഭ "പ്രതി" സ്ഥാനത്തു നിർത്തപ്പെട്ടു. അർദ്ധസത്യങ്ങളുടെ പൊലിമയിൽ സത്യം ക്രൂശിക്കപ്പെടുന്നതു പതിവായി. സ്വന്തം ചരിത്രം കവർച്ച ചെയ്യപ്പെടുന്ന ദുരവസ്ഥയിലേക്ക് റോമൻ കത്തോലിക്കാ സമൂഹം നിപതിച്ചു.

അപായമണി മുഴങ്ങുകയും അപകടം മണക്കുകയും ചെയ്തപ്പോൾ രേഖകൾ പലതും കണ്ടെടുക്കപ്പെട്ടു. അപ്രതിരോധ്യങ്ങളായ സാക്ഷ്യങ്ങൾ ഉണ്ടായി. ചരിത്രരേഖകൾ നശിപ്പിക്കപ്പെട്ടതും, വായിക്കാനാവാത്ത വിധം വികൃതമാക്കപ്പെട്ടതുമായ അനിഷ്ട സംഭവങ്ങളും വെളിച്ചത്തു വന്നു. സാർവത്രിക സഭ വിശുദ്ധനായി പ്രഖ്യാപിച്ച് അൾത്താരയിലെ വണക്കത്തിലേക്ക് ഉയർത്തിയ ഒരാളെ അവമതിക്കലായി അത് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു. ചില അക്കാദമിക് രചനകളും ഡോക്ടറൽ ബിരുദം തടയാനുള്ള അധമമേധവും അരങ്ങേറി. പക്ഷേ, ഉർവ്വശീ ശാപം ഉപകാരമായി ഭവിച്ച അവസ്ഥയാണ് അന്തിമമായി ഉണ്ടായത്. ചരിത്രത്തിന്റെ വീഥിയിൽ സത്യാന്വേഷണത്തിനു കൂടുതൽ ആളുകൾ അണിചേരാൻ തുടങ്ങി. കാർമേഘത്തെ വകഞ്ഞുമാറ്റി സൂര്യകിരണങ്ങൾ ചൊരിയുന്നതുപോലെ രേഖകളുടെ പിൻബലത്തിൽ സത്യങ്ങൾ പലതും തെളിഞ്ഞുവന്നു.

*പക്ഷേ സത്യത്തെ പുൽകാനല്ല; ഏതു വിധേനയും തങ്ങളുടെ അജണ്ട സാധിച്ചെടുക്കാനാണ് ഫാ. പാമ്പാറയെപ്പോലുള്ളവർ വ്യഗ്രതയും ജാഗ്രതയും കാട്ടുന്നത്. പള്ളിക്കൊപ്പം പള്ളിക്കൂടം കല്പനയുടെ കാര്യത്തിൽ അവർക്കുണ്ടായിട്ടുള്ള നിലപാടു മാറ്റങ്ങൾ ഇതിന് ഒന്നാന്തരം ഉദാഹരണം. കല്പന പുറപ്പെടുവിച്ചത് ബച്ചിനെല്ലി പിതാവ് തന്നെയാണെന്ന് അവർ ഇപ്പോൾ സമ്മതിക്കുന്നു. അത്, 1856 ൽ ആയിരുന്നു എന്നതിലും തർക്കമില്ല. ബന്ധപ്പെട്ട രേഖകൾ കണ്ടെടുക്കപ്പെട്ടതോടെ ഗത്യന്തരമില്ലാതെ ഉണ്ടായതാണ് അർധമനസ്സോടെയുള്ള ഈ മനംമാറ്റം. (ഇതിനുള്ള 1856 ൽ മെത്രാപ്പോലീത്ത ചെയ്തതിനുള്ള തെളിവുകൾ സുറിയാനി പുസ്തകങ്ങളിൽ തന്നെയുണ്ടല്ലോ).*

പക്ഷേ, പുതിയൊരു ലൈനുമായി പുതിയ ചരിത്രം നിർമ്മിക്കുകയാണവർ. ബച്ചിനെല്ലിയുടെ കല്പനയെ തുടർന്നുണ്ടായ സ്കൂളുകൾ വിശ്വാസ പരിശീലനത്തിനായിരുന്നുവെന്നും, 1864 ൽ ചാവറയച്ചൻ തയ്യാറാക്കി ബച്ചിനെല്ലിയെക്കൊണ്ട് ഒപ്പിടുവിച്ച് 160 സുറിയാനി പള്ളികളിലേക്ക് അയച്ച സർക്കുലറിൽ പിറന്നത് പൊതുവിദ്യാഭ്യാസ സ്കൂളുകൾ ആണെന്നുമാണ് പുതിയ ലൈൻ! ഇങ്ങനെ ഒപ്പിടുവിച്ച് അയച്ച സർക്കുലറിന്റെ ഒരു കോപ്പി പോലും കണ്ടെത്താനോ ഹാജരാക്കാനോ കഴിഞ്ഞിട്ടില്ല എന്നോർക്കണം. ഈ പശ്ചാത്തലത്തിൽ വേണം ചാവറയച്ചന്റെ കൈപ്പടയിൽ ഇതിന്റെ മൂലം കൈയൊപ്പില്ലാതെ മാന്നാനം ആർകൈവ്സിൽ ഉണ്ടെന്ന അവകാശവാദത്തെ കാണേണ്ടത്. ഇമ്മാതിരി എത്രയോ നിർമ്മിതികൾ കേരളസഭയുടെ ചരിത്രം കണ്ടിരിക്കുന്നു! എങ്കിൽ അതൊന്ന് വായനയ്ക്കായി കേരളസമൂഹത്തിനു മുന്നിൽ ഒന്ന് വയ്ക്കുക.

*ബച്ചിനെല്ലിയുടെ കല്പനയെ തുടർന്നുണ്ടായ സ്കൂളുകളിൽ ഞായറാഴ്ച വേദപാഠത്തിനു മാത്രമായിരുന്നു എന്ന പാമ്പാറ അച്ചന്റെ കണ്ടെത്തൽ കേവലം ഭാവനാവിലാസം മാത്രം. മറിച്ചാണ് ചരിത്രവും രേഖകളും. നവോത്ഥാന നായക പദവിക്ക് പൊതുവിദ്യാഭ്യാസത്തിന്റെ അപ്പസ്തോലപട്ടം അനിവാര്യമാണെന്നുറപ്പിച്ച് രണ്ടും കല്പിച്ചിറങ്ങുന്നവർക്ക് അത് കാണാൻ കണ്ണുണ്ടാവില്ല. കണ്ടാലും അതുൾക്കൊള്ളാൻ മനസ്സുണ്ടാവില്ല. അപ്പോൾ 1864 (അതും വിശുദ്ധൻ കൂനമ്മാവിൽ താമസിക്കുമ്പോൾ) എന്നൊരു വർഷം നിശ്ചയിച്ച് അങ്ങനെയൊന്നു നിർമ്മിക്കുക തന്നെ! സംസ്കൃത സ്കൂൾ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് എതിരേയുള്ള വിലക്ക്, അതുമായി ബന്ധപ്പെട്ട് സെമിനാരികളിലുണ്ടായെന്നു പറയപ്പെടുന്ന വിവേചനം തുടങ്ങി പാമ്പാറ അച്ചന്റെ ലേഖനത്തിൽ പറയുന്ന പല കാര്യങ്ങളോടും വിയോജിപ്പുണ്ടെങ്കിലും വിസ്തരഭയത്താൽ ഇവിടെ വിവരിക്കുന്നില്ല. സ്കൂളുകൾ, പ്രസ്സ്, സന്ന്യാസിനി സഭ എന്നിവ നിർമ്മിക്കുന്നതിൽ ഒരു റോളും ഇല്ലെന്ന് രേഖകൾ ഇരിക്കെ അനാവശ്യ സ്ഥാപകഭാണ്ഡം കുര്യാക്കോസച്ചന്റെ മേൽ ചാർത്തുന്നത് ദീപിക പ്രോത്സാഹിപ്പിക്കുന്നതും നല്ലതാണോ എന്ന് ചിന്തിക്കുന്നത് ഇത്തരുണത്തിൽ കരണീയമാണ്.*

*അതുകൊണ്ട് ഈ കത്ത് ഗൗരവപൂർവ്വം വായിക്കാൻ സമയം കണ്ടെത്തുമെന്നും, പ്രതികരണം ഉണ്ടാകുമെന്നും പ്രതീക്ഷിച്ചുകൊണ്ട്.,*

ജോസഫ് മാനിഷാദ് മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി



# വലിയ നോമ്പ്

*ഫാ. വിൻസെന്റ് വാര്യത്ത്*

വിഭൂതി ബുധൻ മുതൽ ഈസ്റ്റർ വരെയുള്ള ഒരുക്കത്തിന്റെ കാലത്തെയാണ് കത്തോലിക്ക സഭ "വലിയ നോമ്പാചരണ കാലം" എന്നു വിളിക്കുന്നത്

നോയമ്പ് ആചരണത്തിന് വിശുദ്ധ ഗ്രന്ഥം നൽകുന്ന അർത്ഥം എന്താണ്?

നിയമാവർത്തനം എട്ടാം അദ്ധ്യായം 2 മുതൽ 8 വരെയുള്ള വാക്യങ്ങൾ പറയുന്നതനുസരിച്ച് 40 ദിവസത്തെ മരുഭൂമി അനുഭവമാണ് നോയമ്പ്. ഈ മരുഭൂമി അനുഭവത്തിലൂടെ ആറു കാര്യങ്ങൾ ഒരാളിൽ സംഭവിക്കണം:

1. എളിമപ്പെടണം
2. സ്വയം ഹൃദയം പരിശോധിച്ചറിയണം
3. കർത്താവിന്റെ കല്പന ഏറ്റുവാങ്ങണം
4. കർത്താവിന്റെ മാർഗ്ഗത്തിലേക്ക് തിരികെ വരണം
5. കർത്താവിന്റെ ശിക്ഷണം ഏറ്റുവാങ്ങാൻ ഹൃദയം ഒരുക്കണം
6. ജീവിതം നവീകരിക്കണം

നമ്മുടെ വലിയ നോമ്പാചരണകാലത്തും ഈ ആറു കാര്യങ്ങൾ തന്നെയാണ് നമ്മിൽ സംഭവിക്കേണ്ടത്. അഹന്തയാണ് എല്ലാ പാപങ്ങളുടെയും തുടക്കം. അഹന്തമൂലം ശിലാഹൃദയം വന്നിട്ടുണ്ടെങ്കിൽ പുതിയ ഹൃദയം ദൈവത്തിൽ നിന്നും സ്വീകരിച്ച്, പുതിയ ജീവിതം തുടങ്ങണം. ദൈവത്തോടൊപ്പമിരുന്ന് സ്വന്തം ജീവിതത്തെ വിലയിരുത്തണം. ശരിയല്ലാത്തത് മാറ്റണം. ശരിയായത് ചേർക്കണം. കർത്താവ് നൽകുന്ന കൽപ്പനകൾ മാത്രമാണ് യഥാർത്ഥ ജീവൻ നൽകുന്നത്. അതുകൊണ്ട് ആ കൽപ്പനകൾ പാലിക്കാൻ നമ്മെ മെരുക്കിയെടുക്കണം. കൽപ്പനകളിലൂടെ ഹൃദയവിചാരങ്ങൾ, ജീവിതശൈലികളെല്ലാം നിർമ്മലമാക്കി മാറ്റണം. അങ്ങനെ കർത്താവിന്റെ ശിക്ഷണം ഏറ്റുവാങ്ങി കർത്താവിന്റെ മാർഗത്തിലേക്ക് തിരികെ വരണം. ഇങ്ങനെ തിരികെ വരുന്ന ഒരാൾക്കാണ് യഥാർത്ഥ ഉയിർത്തെഴുന്നേൽപ്പ് അനുഭവം ഉണ്ടാകുന്നത്.

എന്തുകൊണ്ട് 40 ദിവസങ്ങൾ?

വിഭൂതി മുതൽ ഈസ്റ്റർ വരെയുള്ള ദിവസങ്ങളിൽ നിന്നും ഞായറാഴ്ചകൾ കർത്താവിന്റെ ദിനാചരണം ആയി മാറ്റിനിർത്തുന്നു. അങ്ങനെ ഞായറാഴ്ചകൾ മാറ്റുമ്പോൾ പിന്നെ അവശേഷിക്കുന്നത് 40 ദിവസങ്ങളാണ്. വിശുദ്ധ ഗ്രന്ഥത്തിൽ 40 ദിവസങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. മോശ സീയോൻ മലയിൽ 40 ദിവസം ഉപവസിച്ചിരുന്നതിനു ശേഷമാണ് കൽപ്പനകൾ കൈപ്പറ്റുന്നത്. ഹോറെബ് മലയിൽ ഏലീശ്വാ പ്രവാചകൻ ദൈവത്തെ ശ്രവിച്ചത് 40 ദിവസത്തെ ഉപവാസത്തിലൂടെയുള്ള ഒരുക്കം നടത്തിയശേഷമാണ്. ഈശോ 40 ദിവസം കഠിന പരീക്ഷണങ്ങളിലൂടെയും ഉപവാസത്തിലൂടെയും കടന്നു പോയതിനു ശേഷമാണ് തന്റെ രക്ഷാദൗത്യത്തിനായി ആളുകളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നത്. 40 ദിവസത്തെ ഒരുക്കങ്ങൾക്ക് ശേഷം ഒരാൾ വലിയ നിയോഗം ജീവിതത്തിൽ സ്വീകരിക്കുകയാണ്. ദൈവത്തിന്റെ സ്വരം കേട്ട്, ദൈവത്തിന്റെ ഉപകരണമായി ചരിച്ച്, ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുവാനാണ് ഒരാൾ 40 ദിവസം ഒരുങ്ങുന്നതെന്ന് നാമോർക്കണം. ഇങ്ങനെ ഒരു ബോധവും, ബോധ്യവും നോയമ്പ് സമയത്ത് നമുക്കുണ്ടോ എന്ന് സ്വയം ചോദിക്കുക. വെറുതെ ആചരണത്തിന്റെ പേരിൽ ആചരിക്കുകയാണ് നമ്മൾ പലതും. നമ്മിൽ ഒരു മാറ്റവും വരുത്താതെ, അല്പംകൂടി സമയം മെച്ചപ്പെടുത്താതെ, നമ്മൾ കടന്നുപോവുകയാണെങ്കിൽ നമ്മുടെ ആചരണം പൊള്ളയും കള്ളത്തരം നിറഞ്ഞതും ആയി മാറും. *നോമ്പാചരണ കാലത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ എന്താണ്?*

1. ദൈവത്തോടൊപ്പം ആയിരിക്കുക
2. നമ്മോടൊപ്പം തന്നെ ആയിരിക്കുക
3. മനുഷ്യരോടൊപ്പം ആയിരിക്കുക

തിരക്കുപിടിച്ച് ഓടുന്നതിനിടയിൽ നമ്മൾ നമ്മോടൊപ്പം ആയിരിക്കാൻ പോലും മറന്നു പോകാറുണ്ട്. സ്വയം ഒന്ന് തിരിച്ചറിഞ്ഞു മെരുക്കി, ഒരുക്കി എടുക്കുവാനാണ് നോമ്പുകാലം. അങ്ങനെ നമ്മൾ നമ്മളെത്തന്നെ സജ്ജരാക്കി കഴിയുമ്പോൾ ദൈവത്തോടൊപ്പം ആയിരിക്കാൻ നാം യോഗ്യത നേടും. ദൈവത്തിന്റെ പൂർണ്ണതയിലേക്ക് വളരാൻ നമുക്ക് സാധിക്കും. ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് എന്നു പറഞ്ഞ പൗലോസ് അപ്പോസ്തലന്റെ ഈ അവസ്ഥയിലേക്ക് ഉയരാൻ ഒരാൾക്ക് കഴിയും. ദൈവത്തോടൊപ്പം ആയിരിക്കുമ്പോൾ ഒരാൾ എല്ലാവർക്കും എല്ലാമായി മാറുന്നു. നിസ്വാർത്ഥതയോടുകൂടി ഓടിനടന്ന് ദൈവരാജ്യപ്രഘോഷണ കർമ്മത്തിൽ പങ്കെടുക്കാൻ അങ്ങനെ ഒരാൾ പരിശീലിപ്പിക്കപ്പെടുകയാണ്. അതുകൊണ്ടാണ് നോയമ്പുകാലത്ത് ഉപവി പ്രവർത്തനങ്ങൾ ധാരാളമായി ഉൾക്കൊള്ളിക്കണം എന്ന് സഭ അനുശാസിക്കുന്നത്. മുറിയിലിരുന്ന് ഉപവസിച്ചതുകൊണ്ടു മാത്രം ആയില്ല. മറ്റുള്ളവർക്ക് നമ്മുടെ സമയവും സമ്പത്തും കഴിവുകളും നന്മകളും പങ്കിട്ട് നൽകണം. നീതി, കരുണ എന്നിവ നമ്മുടെ സാമൂഹിക ജീവിതത്തിൽ നിറയണം! ഭക്ഷണം മാത്രമല്ല ഒഴിവാക്കേണ്ടത്, ഒഴിവാക്കാൻ പലതുമുണ്ട്. *ഒഴിവാക്കപ്പെടേണ്ടവയെക്കുറിച്ചുള്ളഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ:*

മൊബൈൽഫോൺ, ടി.വി. മുതലായവയുടെ ഉപയോഗം കുറയ്ക്കുക.
പരദൂഷണം ഒഴിവാക്കുക.
അലസത ഒഴിവാക്കുക.
ദുശ്ശീലങ്ങൾ ഒഴിവാക്കി നല്ല ശീലങ്ങൾ തുടങ്ങുക.
ധൂർത്ത് ഒഴിവാക്കുക.
സമയം പാഴാക്കുന്നത് ഒഴിവാക്കുക.

ചോദ്യങ്ങൾ

*1. നോയമ്പുകാലത്ത് ചെയ്യാവുന്ന പ്രായോഗിക കാര്യങ്ങൾ ഏവ?*
*2. കുടുംബ യൂണിറ്റിൽ ചെയ്യാവുന്ന പരോപകാരപ്രവൃത്തികൾ ഏവ?*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004